# FMPB
# മിത്രസമാചാർ

fmpb

(for private circulation only)

വാല്യം 15 ലക്കം 12 ഡിസംബർ 2025

“ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു;
എന്നെ അനുഗമിക്കുന്നവർ ഇരുളിൽ നടക്കാതെ
ജീവന്റെ വെളിച്ചത്തിൽ നടക്കും .” യോഹ. 8:12

# വെളിച്ചം

## അവന്റെ വെളിച്ചം നിങ്ങളിലൂടെ കൂടുതൽ പ്രകാശിക്കട്ടെ





# ആമുഖം ...

## പ്രകാശിക്കുവാനായി പ്രകാശിതരായി

യേശുവിന്റെ ആദ്യ വരവിനെ, നമ്മുടെ ഇരുട്ടിലേക്കു പ്രകാശം കടന്നു വന്നതിനെ ആഘോഷിക്കുന്ന ക്രിസ്തുമസ് നമുക്ക് ആനന്ദവും ഊഷ്മളതയും വിലപ്പെട്ടതായ പാരമ്പര്യങ്ങളും കൊണ്ടുവരുന്നു. ഈ കാലത്തെ വിളക്കുകളും അലങ്കാരങ്ങളും ക്രിസ്തു ലോകത്തിന്റെ വെളിച്ചമാണെന്നു നമ്മെ ഓർമ്മപ്പെടുത്തുന്നു (യോഹ.8:12), നമ്മുടെ പ്രവർത്തികളിലൂടെ അവന്റെ വെളിച്ചം പ്രകാശിപ്പിക്കുവാൻ നമ്മെ വിളിക്കുന്നു (മത്തായി. 5:14-16). അദ്ധ്യാപകർ, ശാസ്ത്രജ്ഞർ, സർക്കാർ ഉദ്യോഗസ്ഥർ, കായിക താരങ്ങൾ തുടങ്ങി വിവിധ മേഖലകളിലുള്ള എല്ലാവരും തങ്ങൾക്കു ലഭിക്കുന്ന എല്ലാ അവസരങ്ങളും ഉപയോഗിച്ച് ക്രിസ്തുവിനെ സാക്ഷിക്കുന്നു. ഇവരിൽ ഒരാളായ ജമീമ ജസ്സിക്ക റോഡ്രിഗ്സ്, 2000 സെപ്റ്റംബറിൽ മുംബൈയിലെ ഭാണ്ഡൂപ്പിൽ ജനിച്ച അവൾ സഹോദരങ്ങളായ ഈനോക്ക്, ഏലി എന്നിവരോടൊപ്പം വളർന്നു. സെന്റ് ജോസഫ് കോൺവന്റ് ഹൈ സ്കൂളിലും റിസ്‌വി കോളജിലും പഠിച്ചു. ജൂനിയർ ക്രിക്കറ്റ് പരിശീലകനായ പിതാവിൽ നിന്നും പരിശീലനം ലഭിച്ചു. ക്രിക്കറ്റ് തിരഞ്ഞെടുക്കുന്നതിനു മുമ്പ് സംസ്ഥാന തല ഹോക്കി ഉൾപ്പടെ വിവിധ കായിക ഇനങ്ങളിൽ മികവ് തെളിയിച്ചു. അവൾ ഇപ്പോൾ മുംബയെ പ്രതിനിധീകരിക്കുന്നു, ഡൽഹി ക്യാപിറ്റൽസിനായി കളിക്കുന്നു. 2022 ലെ ഏഷ്യൻ ഗയിംസ് സ്വർണ്ണം, കോമൺവെൽത്ത് ഗയിംസ് വെള്ളി, 2022 ലെ വനിത ഏഷ്യ കപ്പിലെ പങ്കാളിത്തം തുടങ്ങിയ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

2024 ൽ മുംബൈ ജിംഖാനയിൽ (തെളിവുകളില്ലാതിരുന്ന) മത പരിവർത്തനത്തിൽ പിതാവിന്റെ പങ്കാളിത്തവുമായി ചേർന്ന സൈബർ ഭീഷണി അവൾ നേരിട്ടു. അതിന്റെ ഫലമായി ഉത്കണ്ഠയും വൈകാരിക സമ്മർദ്ദവും ഉണ്ടായി. എന്നിട്ടും അവൾ ഇന്ത്യയിലെ മധ്യനിര ബാറ്റ്സ്മാനായി ഉയർന്നു. 2025 ലെ വനിത ക്രിക്കറ്റ് ലോക കപ്പിലെ സെമി ഫൈനൽ മത്സരത്തിൽ നിർണ്ണായകമായ ഒരു സെഞ്ചറി നേടി. നിശബ്ദ പ്രാർത്ഥനകളാൽ അടയാളപ്പെടുത്തിയ ഒരു ഇന്നിംഗ്സ്. മത്സര ശേഷം അവൾ തന്റെ ടീമിനോടും പരിശീലകരോടും കുടുംബത്തോടും നന്ദി പറഞ്ഞു. ടീമിൽ നിന്നും പുറത്താക്കപ്പെട്ട നാളിലും ദാരിദ്ര്യത്തിൽ നിന്നും വിജയത്തിലേക്കുള്ള യാത്ര വേളയിലും അവൾ സഹിച്ച ഉത്കണ്ഠകളും സമ്മർദ്ദങ്ങളും തുറന്നു പറഞ്ഞു. തിരുവചനത്തിൽ നിന്ന് - വിശേഷാൽ പുറപ്പാട് 14:14 ൽ - ശക്തി ആർജ്ജിച്ച് അവൾ നിന്നു, ക്ഷീണതയിൽ ദൈവം അവളെ താങ്ങിയെന്നു പറഞ്ഞു. കണ്ണുനീരോടെ അവൾ സാക്ഷിച്ചു, "എനിക്കു സ്വയം വഹിക്കുവാൻ കഴിയാഞ്ഞപ്പോൾ അവൻ എന്നെ ചുമന്നു", അവൾ തുടർന്നു ഉദ്ധരിച്ചു, "കരച്ചിൽ ഒരു രാത്രി മുഴുവൻ നീണ്ടു നിന്നേക്കാം, പക്ഷേ രാവിലെ സന്തോഷം വരുന്നു, ഇന്ന് ആനന്ദം വന്നു".

ഇരുട്ടു നിറഞ്ഞ ലോകത്തിൽ ജമീമയെ പോലെയുള്ള ജീവിതങ്ങളിലൂടെ ക്രിസ്തുവിനെ പ്രതിഫലിക്കുന്നത് നാം കാണുന്നു. ദേശത്തിനു വെളിച്ചം പകരുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നതു പോലെ ഓരോ വിശ്വാസിയും എവിടെയായിരുന്നാലും കഴിയുന്ന വിധം ദൈവത്തിന്റെ പ്രകാശമാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. വെല്ലുവിളികൾ ഉയരുമ്പോൾ, നമ്മുടെ സമാധാനം തകർന്നു പോകുമ്പോൾ ഈ ലോകത്തിലേക്കു കടന്നു വന്ന ആ ദിവ്യ ശബ്ദം ഇന്നും നമ്മെ ശക്തീകരിക്കുമെന്നും നയിക്കുമെന്നും നാം ഉറപ്പുള്ളവരായിരിക്കണം. ആനന്ദകരമായ ഈ സന്തോഷ നിമിഷങ്ങളിൽ ക്രിസ്തുവിന്റെ പ്രകാശമാനമായ വെളിച്ചം വീണ്ടും പ്രകാശിപ്പിക്കുവാനുള്ള നമ്മുടെ പ്രതിബദ്ധതയിൽ ധൈര്യപൂർവ്വം സന്തോഷത്തോടെ ഉറച്ചു നിൽക്കണം. അങ്ങനെ നമ്മുടെ ചുറ്റുമുള്ളവർ ഈ പ്രകാശത്താൽ ക്രിസ്തുവിലുള്ള നിത്യ ജീവനും പ്രത്യാശയും കാണുകയും അനുഭവമാക്കുകയും ചെയ്യുമാറാകട്ടെ.

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"ദൈവം വെളിച്ചമാകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു."

– 1 യോഹന്നാൻ. 1:5

"യേശുക്രിസ്തുവിന്റെ സുവിശേഷം ഈ അന്ധകാര ലോകത്തിനു തേജസ്സുള്ള വെളിച്ചവും ഏക പ്രത്യാശയും ആകുന്നു"

– ഡാലിൻ എച്ച് ഓക്സ്

"ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു."

– 2 കൊരിന്ത്യർ. 4:6

"ദൈവം സകലത്തെയും വെളിച്ചത്തു കൊണ്ടുവരുമ്പോൾ ദൈവത്തിന്റെ പദ്ധതിയിൽ നിങ്ങൾ എത്രത്തോളം പ്രാധാന്യമുള്ളവരാണെന്നു അന്നു നിങ്ങൾ കണ്ടെത്തും"

– എ ഡബ്ല്യു ടോസർ

"മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു."

– എഫെസ്യർ. 5:8

## മിത്രസമാചാർ

### ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

### ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവിധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

കേരള സോൺ:-
FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

മിത്ര സമാചാർ

FMPB യുടെ പ്രതിമാസ സൂനം

ജനറൽ സെക്രട്ടറി
വിജയ് പ്രസന്ന ഐസക്

Publisher & Editor
S. ജോൺ ബർലിൻ

SUBSCRIPTION
Annual - Rs.100
Life - Rs.1500

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

# ജനറൽ സെക്രട്ടറിയുടെ കത്ത്...

**യേശു പിന്നെയും അവരോടു സംസാരിച്ചു: "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജിവന്റെ വെളിച്ചമുള്ളവൻ ആകും" എന്നു പറഞ്ഞു. - യോഹ.8:12**

നമ്മുടെ രാത്രിയിലേക്കു നിത്യ വെളിച്ചം കടന്നു വന്നു എന്ന് ക്രിസ്തുമസ് പ്രഖ്യാപിക്കുന്നു. ഇത് കാവ്യാത്മകമായ ഒരു വികാരമല്ല മറിച്ച് രൂപാന്തരപ്പെടുത്തുന്ന സത്യമാണ്. *"നിന്നിൽ വിശ്രമിക്കും വരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമായിരിക്കും"* അഗസ്റ്റിൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. ക്രിസ്തുവിന്റെ വരവ് അസ്വസ്ഥമായ മനസ്സിനെ തൃപ്തിപ്പെടുത്തുന്നത് കേവലം ക്ഷണികമായ ഒരു പ്രകാശം കൊണ്ടല്ല, മറിച്ച് നിത്യമായ ഒരു പ്രകാശം കൊണ്ടാകുന്നു (യോഹ.1:9;14).

## 1 അന്ധകാരത്തിലേക്കു തുളച്ചു കയറുന്ന വെളിച്ചം ഒരു വെളിപ്പാടും രക്ഷയും ആകുന്നു.

സത്യപ്രകാശമായ ക്രിസ്തു ആദ്യം വെളിപ്പെടുത്തുന്നു പിന്നെ രക്ഷിക്കുന്നു. ഭയം, അഹങ്കാരം, അത്യാഗ്രഹം, ലജ്ജ എന്നിവയുടെ മറഞ്ഞിരിക്കുന്ന നിഴലുകൾ അവൻ വെളിപ്പെടുത്തുകയും പിന്നീട് കൃപയാൽ അവയിൽ നിന്നും വിടുതൽ നൽകുകയും ചെയ്യുന്നു. തിരുവചനം അന്ധകാരത്തെ നിഷ്ക്രീയ അഭാവമായിട്ടല്ല മറിച്ച് സജീവമായ അടിമത്തമായിട്ടാണ് കാണിക്കുന്നത്: *"വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു: ഇരുളോ അതിനെ പിടിച്ചടക്കയില്ല"* (യോഹ.1:5). യെശയ്യാവ് ഈ പ്രത്യാശ മുൻകൂട്ടി കണ്ടിരുന്നു: *"ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു"* (യെശ.9:2).

ഇന്ത്യയിലുള്ള ജാതി അടിസ്ഥാനമാക്കിയുള്ള മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ, ലിംഗപരമായ ചൂഷണം, ദാരിദ്യം, ആത്മീയ ആശയകുഴപ്പം എന്നിവയെക്കുറിച്ച് ഈ വെളിപ്പെടുത്തൽ ശക്തമായി സംസാരിക്കുന്നു. സി. എസ് ലൂയീസ് ഇത് കൂടുതൽ വ്യക്തമാക്കുന്നു, *"സൂര്യൻ ഉദിച്ചു എന്ന് ഞാൻ കാണുന്നതു കൊണ്ടു മാത്രമല്ല അതിലൂടെ ഞാൻ മറ്റെല്ലാം കാണുന്നതു കൊണ്ടുമാണെന്ന് ഞാൻ വിശ്വസിക്കുന്നതു പോലെ ക്രിസ്തുമതത്തിൽ ഞാൻ വിശ്വസിക്കുന്നു."* നമ്മെ ലജ്ജിപ്പിക്കുന്നതിനല്ല ക്രിസ്തു നമ്മിൽ പാപബോധം വരുത്തുന്നത്; അവൻ നമ്മെ അതിൽ നിന്നും കരകയറ്റുന്നു, വീണ്ടെടുക്കുന്നു, പുതിയ സൃഷ്ടിയാക്കുന്നു (സങ്കീ.107:14; ലൂക്കോ.4:18).

ഇതിൽ നിന്നുയരുന്ന ദൗത്യത്തിനായുള്ള ആഹ്വാനം ലളിതമാണെങ്കിലും ആഴമേറിയതാണ്: അന്ധകാരത്തിൽ കഴിയുന്ന ജനങ്ങളുടെ വേദനകൾ ശ്രദ്ധിക്കുന്നതിലൂടെ അതു നമ്മെ സ്പർശിക്കുന്നതിനാൽ അനുകമ്പയോടെ അതിനോടു പ്രതികരിച്ച് അവർക്ക് വാക്കിലും പ്രവർത്തിയിലും കൂടെ ആശ്വാസം നൽകി സൗമ്യമായി അവർക്കു ക്രിസ്തുവിൻ വീണ്ടെടുപ്പിൻ ശക്തി ചൂണികാണിക്കുന്നു.

## 2 സംരക്ഷണത്തിൽ നിന്ന് ഒരു സ്വത്വവും പ്രസ്ഥാനവും ലക്ഷ്യമാക്കുന്നതിലേക്കു നമ്മെ വിളിക്കുന്ന വെളിച്ചം

പ്രകാശം സ്വീകരിക്കുക എന്നാൽ അത് പ്രസരിപ്പിക്കുക എന്നാകുന്നു. യേശു ഇതു അവിഭാജ്യമാക്കുന്നു: *"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു ... നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"* (മത്തായി.5:14–16). പ്രകാശം പ്രോഗ്രമുകളിലോ കെട്ടിടങ്ങളിലോ ഒളിച്ചു വെക്കാനുള്ളതല്ല. വിശ്വാസ സമൂഹം പരിപാലന രീതിയിലേക്കു പിൻവാങ്ങുമ്പോൾ രാഷ്ട്രം നിഴലിൽ ഒതുങ്ങുന്നു.

ആശ്വാസത്തിനപ്പുറം മുന്നോട്ടു പോയി ശിഷ്യരെ അയയ്ക്കുന്ന, വളർത്തുന്ന, സേവിക്കുന്ന ഒരു സമൂഹമായി മാറുന്ന വിശ്വാസികളെയാണ് ഇന്ന് ഇന്ത്യക്കു ആവശ്യം. ഇത് അർത്ഥമാക്കുന്നത്, സുവിശേഷം എത്തിയിട്ടില്ലാത്ത മേഖലകളിൽ സന്ദർഭോചിതമായ സഭകൾ ഉരുവാക്കുക, ദൈവവചന പഠനത്തിനു മുൻഗണന നൽകി ഗോത്ര, ദളിത മേഖലകളിൽ നേതൃത്വത്തെ ഉരുവാക്കുക, അന്ധകാരം വ്യവസ്ഥാപിതമായിരിക്കുന്നിടത്ത് കാരുണ്യ ശുശ്രൂഷകൾ ശക്തിപ്പെടുത്തുക. ദൗത്യം ഒരു ഐച്ഛിക ശുശ്രൂഷയല്ല മറിച്ച് ക്രിസ്തുവിനെ യഥാർത്ഥത്തിൽ വഹിക്കുന്നവരുടെ സ്വഭാവിക പ്രകടനമാണ്.

## 3 ആശ്വാസ മേഖലകളെ വിട്ട് ധൈര്യത്തോടെ, അനുകമ്പയോടെ അവതരിക്കുന്നതിനു വെല്ലുവിളിക്കുന്ന വെളിച്ചം

യേശു ജഡം ധരിച്ച് നമ്മുടെ അന്ധകാരത്തിലേക്കു പ്രവേശിച്ചു (യോഹ. 1:14). യേശുവിന്റെ അവതാരം നമ്മെ ദിവ്യമായ അസ്വസ്ഥതയിലേക്കു, തകർന്ന ജീവിതങ്ങളുടെ അരികിലേക്കു, പാർശ്വവത്കരിക്കപ്പെട്ടവരുടെ അടുക്കലേക്കു, സമൂഹം വിസ്മരിച്ചവരുടെ സമീപത്തേക്കു വിളിക്കുന്നു. ബോൺഹോഫർ നമ്മെ ഓർമ്മിപ്പിക്കുന്നു, *"ക്രിസ്തു ഒരു മനുഷ്യനെ വിളിക്കുമ്പോൾ ക്രിസ്തു അവനോടു വന്നു മരിക്കുവാൻ ആവശ്യപ്പെടുന്നു."* ഇന്ത്യയിൽ ഇത് അർത്ഥമാക്കുന്നത്, ദുർഘട മേഖലകളിൽ സേവനം ചെയ്യുക, വിദ്യാർത്ഥികൾ ക്യാമ്പസുകളിൽ സാക്ഷ്യം വഹിക്കുക, വിദഗ്ദർ തങ്ങളുടെ കഴിവുകൾ ദരിദ്രരുടെ ഉന്നമനത്തിനായി വിനിയോഗിക്കുക എന്നിങ്ങനെയാകുന്നു.

യഥാർത്ഥ സാക്ഷി ധൈര്യത്തെയും (1 പത്രോസ്.3:15), കാരുണ്യത്തെയും (യാക്കോബ്1:27) സംയോജിപ്പിക്കുന്നു. സുവിശേഷം കേൾക്കുന്നതിനു മുമ്പെ നീതി, കരുണ, ത്യാഗം, സാന്നിധ്യം എന്നിവയിലൂടെ കാണണം.

## 4 ഇന്ത്യയുടെ വൈവിധ്യങ്ങളെ ഏകോപിപ്പിക്കുന്ന ദർശനമുള്ള വെളിച്ചം

ക്രിസ്തുവിന്റെ പ്രകാശം വൈവിധ്യങ്ങളെ മാനിക്കുന്നു; അതിനെ രൂപാന്തരികരിക്കുന്നു. സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നുള്ളവരുടെ ആരാധനയുടെ ഒരു ദർശനം വെളിപ്പാട് നൽകുന്നു (വെളി.7:9). ഇന്ത്യയുടെ ബഹുസ്വര സംസ്കാരങ്ങളും ഭാഷകളും പാരമ്പര്യങ്ങളും സുവിശേഷത്തിനു തടസ്സമല്ല – അവ ക്രിസ്തുവിന്റെ സൗന്ദര്യം പ്രകടമാക്കുന്ന ചിത്രം ആകുന്നു.

സുവിശേഷം എല്ലാ ഭാഷകളിലും താളത്തിലും ആരാധനക്രമത്തിലും സാംസ്കാരിക രൂപത്തിലും ആവിഷ്കരിക്കപ്പെടണം. തമിഴ്, ഹിന്ദി, തെലുങ്ക്, ബംഗാളി, ഗോത്ര വിശ്വാസികൾ എന്നിവർ ഒരുമിച്ച് ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുമ്പോൾ ഒരു സാമൂഹ്യ രാഷ്ട്രീയ വിവരണത്തിനും വിശദീകരിക്കുവാൻ കഴിയാത്ത ഒരു സാക്ഷ്യമായി ഐക്യം മാറുന്നു.

## 5 നമ്മുടെ കഷ്ടകാല നിമിഷത്തെ മറികടക്കുന്ന പ്രത്യാശയാകുന്ന വെളിച്ചം

ഹെരോദാവിന്റെ ക്രൂരതയ്ക്കോ മതപരമായ ശത്രുതയ്ക്കോ മരണത്തിനോ പോലും ക്രിസ്തുവിന്റെ വെളിച്ചത്തെ കെടുത്തികളവാൻ സാധിച്ചില്ല. "ഇരുളോ അതിനെ പിടിച്ചടക്കിയില്ല" (യോഹ.1:5). ഇന്ത്യയിൽ ധ്രുവീകരണത്തിന്റെയും ഉത്കണ്ഠയുടെയും അനിശ്ചിതത്വത്തിന്റെയും കാലത്ത്, ഇത് ഒരു ശുഭാപ്തി വിശ്വാസമല്ല, ഉറപ്പാണ്. വാച്ച്മാൻ നീ ഇതു മനോഹരമായി പ്രകടമാക്കി, *"നമ്മുടെ പ്രവൃത്തി പ്രകാശിപ്പിക്കുക എന്നതാണ്; ദൈവത്തിന്റെ പ്രവൃത്തി ഇരുട്ടിനെ ചിതറിക്കുക എന്നതാണ്."*

സാക്ഷ്യത്തിൽ സ്ഥിരോത്സവം കാണിക്കാനും പരാജയപ്പെട്ടിടത്ത് പശ്ചാത്തപിക്കുവാനും കാണാത്ത ഫലം നൽകണമേ എന്നു ദൈവത്തോടു പ്രാർത്ഥിക്കുന്നതിനുമാണ് ഈ വിളി നമ്മെ ആഹ്വാനം ചെയ്യുന്നത്. നമ്മുടെ ആത്മ വിശ്വാസം സ്വാധീനത്തിലോ എണ്ണത്തിലോ അല്ല, മറിച്ച് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെയും ഭരണത്തിന്റെയും അചഞ്ചലമായ യാഥാർത്ഥ്യത്തിലാണ്.

## 6 ക്രിസ്തുമസിന്റെ ദൗത്യം പ്രകാശിക്കുക എന്നതാകുന്നു കാരണം നമുക്കു വെളിച്ചം സൃഷ്ടിക്കുവാൻ സാധിക്കയില്ല.

ഈ വെളിച്ചം നമുക്കു നിർമ്മിക്കുവാൻ കഴികയില്ല. യേശു പറഞ്ഞു, *''എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്യുവാൻ കഴികയില്ല.* (യോഹ.15:5). പ്രകാശത്തിനു വിധേയമായതിനു ശേഷം മാത്രം തിളങ്ങുന്ന റേഡിയം പോലെ നമ്മുടെ പ്രകാശവും വ്യുൽപന്നമാണ്. അവന്റെ സാന്നിധ്യം നമ്മിൽ പൂരിതമാകുമ്പോൾ മാത്രമാണ് നാം പ്രകാശിക്കുന്നുള്ളു (യെശ.60:1).

കീഴടങ്ങിയ ജീവിതങ്ങളിൽ നിന്നാണ് ശാശ്വതമായ ഫലങ്ങൾ ഉരുവാകുന്നതെന്ന് എമി കാർമൈക്കിളും കോറിടെൻ ബൂമും സാക്ഷ്യപ്പെടുത്തി. ദൗത്യം ആരംഭിക്കുന്നത് രഹസ്യ സ്ഥലത്ത്, പ്രാർത്ഥനയിൽ, തിരുവചന ധ്യാനത്തിൽ, വിശുദ്ധിയിലാണ്. ഓരോ ഗ്രാമവും ഗോത്രവും തലമുറയും വെളിച്ചം വന്നിരിക്കുന്നു എന്നറിയുന്നതു വരെ രോഗശാന്തിയുടെയും, നീതിയുടെയും, പഠിപ്പിക്കലിന്റെയും പ്രഘോഷണത്തിന്റെയും വാഹകരായി നാം മാറുന്നു (യെശ.49:6; ഹബ.2:14). വിളക്കുകൾ കൊളുത്തി ഇന്ത്യ പ്രത്യാശ ആഘോഷിക്കുമ്പോൾ ടാഗോറിന്റെ ആഗ്രഹം നമ്മുടെ രാഷ്ട്രത്തിനായുള്ള ഒരു പ്രാർത്ഥനയായി മാറി. *''ആ സ്വാതന്ത്ര്യത്തിന്റെ ആകാശത്തിലേക്കു എന്റെ പിതാവേ, എന്റെ രാജ്യം ഉണരേണമേ".* സത്യത്താൽ ഉണർന്ന് ഭയത്തിൽ നിന്നും വിടുതൽ പ്രാപിച്ച ഒരു ജനതയെ അദ്ദേഹം ഭാവനയിൽ കണ്ടു. ഈ ഉണർവ്വ് ഇപ്പോൾ യാഥാർത്ഥ്യമാണെന്ന് ക്രിസ്തുമസ്സ് പ്രഖ്യാപിക്കുന്നു - കാരണം വെളിച്ചം വന്നിരിക്കുന്നു.

ലോകത്തിന്റെ യഥാർത്ഥ വെളിച്ചമായ ക്രിസ്തു ഓരോ വിളക്കിനെയും കത്തിച്ച്, ടാഗോറിന്റെ കവിതയിൽ പാടുന്ന ഒരോ മനുഷ്യ ഹൃദയത്തിലെ ആഗ്രഹത്തെയും പ്രത്യാശയുടെ മർമ്മരത്തെയും തൃപ്തിപ്പെടുത്തുന്നു. വിദ്യാഭ്യാസത്തിനു സുഖപ്പെടുത്തുവാൻ കഴിയാത്ത, രാഷ്ട്രീയത്തിനു നീക്കുവാൻ കഴിയാത്ത, ആചാരങ്ങൾക്കു ശുദ്ധീകരിക്കുവാൻ കഴിയാത്ത അന്ധകാരത്തെ ക്രിസ്തുവിന്റെ വെളിച്ചം അകറ്റുന്നു.

ഈ വെളിച്ചം നമുക്കു സൃഷ്ടിക്കുവാൻ കഴികയില്ല മറിച്ച് നമുക്ക് പ്രതിഫലിപ്പിക്കുവാൻ കഴിയും. ഈ ക്രിസ്തുമസ്സിന് ക്രിസ്തുവിന്റെ ഓരോ അനുയായികളും

ഈ വെളിച്ചം കുടുംബങ്ങളിലേക്കും ജോലിസ്ഥലങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും പട്ടണങ്ങളിലേക്കും സുവിശേഷം എത്താത്ത പ്രദേശങ്ങളിലുള്ള ജനങ്ങളിലേക്കും എത്തിക്കട്ടെ.

നമ്മുടെ ഹൃദയങ്ങളുടെ വാഞ്ഛയും ജനതയുടെ അന്വേഷണവും തിരുവെഴുത്തികളിലെ വാഗ്ദത്തങ്ങളും ഒരു കുമ്പസാരത്തിൽ സംഗമിക്കുമാറാകട്ടെ.

ഈ ആണ്ടിന്റെ അവസാനത്തിൽ നാം നിൽക്കുമ്പോൾ നമ്മുടെ ഹൃദയം ആദരപൂർവ്വമായ നന്ദിയാൽ സ്തബ്ധരാകുന്നു. നാം തിരിഞ്ഞു നോക്കുമ്പോൾ നമ്മുടെ കണ്ണുനീർ, പരീക്ഷകൾ, പരിശോധനകൾ, പ്രലോഭനങ്ങൾ, വിജയങ്ങൾ എന്നിവയ്ക്കിടയിൽ ദൈവത്തിന്റെ വിശ്വസ്തയും സംരക്ഷണവും കരുതലും FMPB യിൽ പ്രകാശിക്കുന്നത് നാം കാണുന്നു. കരുണാമയനായ ദൈവത്തിന്റെ കരം നമ്മെ നയിക്കുന്നു. ഏബെൻ - ഏസെർ നമ്മുടെ സാക്ഷ്യമായി തുടരുന്നു: *"ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു"* (1 ശമു.7:12).

സുവിശേഷത്തിന്റെ പ്രീയപ്പെട്ട പങ്കാളികളെ, നിങ്ങളുടെ അചഞ്ചലമായ പ്രാർത്ഥനകൾക്കും ത്യാഗപൂർണ്ണമായ ദാനങ്ങൾക്കും ഉറച്ച പിന്തുണയ്ക്കും അഗാധവും ആത്മാർത്ഥവുമായ നന്ദി അറിയിക്കുന്നു. സത്യമായും പ്രതികൂല വേളകളിൽ നമ്മുടെ മിഷനറിമാരുടെ ധൈര്യത്തിന്റെ നട്ടെല്ല് നിങ്ങളുടെ സ്നേഹവും കരുതലുമാണ്. ഓരോ വ്യക്തികളിലും സുവിശേഷം എത്തിക്കുന്നതും ഓരോ ഭവനവും സന്ദർശിക്കുന്നതും ഓരോ ഗ്രാമവും രൂപാന്തരപ്പെടുന്നതും നിങ്ങളുടെ നന്മകൾ പങ്കിടുന്ന വിശ്വസ്തതയാലാണ്.

ഇപ്പോൾ ഈ ക്രിസ്തുമസ്സ് നമ്മെ വീണ്ടും പുൽത്തൊട്ടിയിലേക്കും നമ്മുടെ ഇരുട്ടിലേക്കു കാലെടുത്തു വെച്ച ലോകത്തിന്റെ വെളിച്ചത്തിലേക്കും ആകർഷിക്കുമ്പോൾ അവന്റെ തേജസ്സ് നിങ്ങളുടെ വീടുകളിലും ഹൃദയങ്ങളിലും നിറയപ്പെടട്ടെ. അവന്റെ സമാധാനം നിങ്ങളെ കാത്തു സൂക്ഷിക്കട്ടെ, അവന്റെ ആനന്ദം നിങ്ങളെ ശക്തീകരിക്കട്ടെ.

നമ്മുടെ രാജ്യത്തുടനീളം സേവനമനുഷ്ഠിക്കുന്ന ഓരോ മിഷനറിമാരുടെ പേരിൽ നിങ്ങൾക്കും നിങ്ങളുടെ കുടുബത്തിനും ഞങ്ങളുടെ ആഴമേറിയതും പ്രാർത്ഥന നിറഞ്ഞതുമായ ക്രിസ്തുമസ്സ് പുതുവത്സരാശംസകൾ ഞാൻ അറിയിക്കുന്നു.

2026 ലേക്കു നാം കാലെടുത്തു വെക്കുമ്പോൾ, ക്രിസ്തുവിന്റെ അചഞ്ചലമായ വെളിച്ചം നിങ്ങളെ നയിക്കുക മാത്രമല്ല അവന്റെ ദൗത്യത്തോടു കൂടുതൽ ആഴത്തിലുള്ള അനുസരണത്തിലേക്കു നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യട്ടെ. ശത്രുതയും എതിർപ്പുകളും ഉള്ള മേഖലകളിൽ പ്രവർത്തിക്കുന്ന മിഷനറിമാർക്കു കർത്താവ് സമാധാനപരവും ഫലകരവുമായ ശുശ്രൂഷ നൽകേണ്ടതിനായി അവരെ പ്രാർത്ഥനയിൽ പിന്തുണയ്ക്കുവാൻ ഞാൻ നിങ്ങളോടു അഭ്യർത്ഥിക്കുന്നു. കർത്താവ് നിങ്ങളെ നിരന്തരം വഴിനടത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുമാറാകട്ടെ (യെശ.58:11).

**"ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു" -**

യോഹന്നാൻ.1:9

കർത്താവിന്റെ ദൗത്യനിർവഹണത്തിൽ



**റവ. വിജയ് പ്രസന്ന ഐസക്ക്**

## അന്ധകാരത്തിൽ നിന്നും അവന്റെ അത്ഭുത പ്രകാശത്തിലേക്ക്

എന്റെ ജീവിതം ഒരു തുറന്ന പുസ്തകമാണെന്നു ആളുകൾ പറയുന്നത് ചിലപ്പോൾ നാം കേൾക്കാറുണ്ട്. ദൈവദാസന്മാരിലും വിശ്വാസികളിൽ പോലും ചിലർ തങ്ങളുടെ ജീവിതം നേരും സുതാര്യതയുമുള്ളതാണെന്ന് ഊന്നിപ്പറയുന്നതിന് ഇത്തരം പ്രസ്താവന ആത്മവിശ്വാസ്ത്തോടെ നടത്താറുണ്ട്. പുറമേ നോക്കുമ്പോൾ ഒരു വ്യക്തി മാന്യനും നിർമ്മലനും വിശുദ്ധനുമായി തോന്നിയേക്കാം. എന്നാൽ നാം അവന്റെ ഹൃദയത്തിന്റെ ആഴത്തിലേക്ക് സൂക്ഷിച്ചു നോക്കിയാൽ ചില കോണുകളിൽ ഇപ്പോഴും ഇരുട്ട് നിലനിൽക്കുന്ന രഹസ്യസ്ഥലങ്ങൾ നാം കണ്ടെത്തും.

നമ്മുടെ ജീവിതമാകുന്ന പുസ്തകത്തിന്റെ ചില താളുകൾ നാം ഒരിക്കലും മറ്റുള്ളവരെ വായിക്കുവാൻ അനുവദിക്കയില്ല. നമ്മുടെ ഹൃദയത്തിന്റെ ഇരുണ്ട കോണുകളിൽ എത്രയെത്ര വേദനാജനകമായ ഓർമ്മകൾ, പരാജയങ്ങൾ, നിരാശകൾ ഒളിഞ്ഞ് കിടപ്പുണ്ട്? ലജ്ജാകരമോ പാപകരമോ ആയ എത്ര രഹസ്യങ്ങളാണ് നമ്മുടെ പ്രിയപ്പെട്ടവരിൽ നിന്നും ദൈവത്തിൽ നിന്നു പോലും നാം മറച്ചു വെച്ചിരിക്കുന്നത്? ചിലപ്പോൾ ദൈവവചനത്തിന്റെ വെളിച്ചം കടന്നു ചെന്നു പ്രകാശിക്കുന്നതു വരെ നിഴൽ വീണു മറഞ്ഞു കിടന്ന ഈ സ്ഥലങ്ങളെ നാം അറിയുകയില്ല. അങ്ങനെ വെളിച്ചം വീശുമ്പോൾ ആത്മീകമല്ലാത്ത സ്വഭാവങ്ങളും മനോഭാവങ്ങളും പിഴുതെറിയുവാൻ പ്രയാസകരമാണെന്നു നാം പലപ്പോഴും മനസ്സിലാക്കും.

തകർന്നു കൊണ്ടിരിക്കുന്ന മൂല്യങ്ങളുടെയും തെറ്റായ മുൻഗണനകളുടെയും ലോകത്ത് മാനവികത കൂടുതൽ ഇരുട്ടിലേക്കു വഴുതിവീഴുന്നതായി തോന്നുന്നു.

മാക്സ് ലൂക്കോഡോ ഒരിക്കൽ ഈ ലോകത്തെ വിശേഷിപ്പിച്ചത്, ഓരോ മിന്നലിനെയും ഒഴിവാക്കി ആഴത്തിൽ ഗുഹയിൽ ജീവിക്കുന്ന ഒരു സമൂഹമെന്നാണ്. എന്നിട്ടും ദൈവം തന്റെ ഉടമ്പടിയുടെ കാരുണ്യത്തിൽ ഇരുട്ടിനെ തുളച്ചുകയറുന്ന വെളിച്ചത്തിന്റെ ചില സൂചനകൾ – അവന്റെ പ്രവാചകന്മാരായി, നീതിമാന്മാരായ സ്ത്രീ പുരുഷന്മാരായി – അയച്ചു കൊണ്ടിരുന്നു. ആന്ധകാരത്തിന്റെ ഗുഹയിൽ കഴിഞ്ഞ ജനം അവരെ തള്ളിക്കളഞ്ഞു, അവരെ ഉപദ്രവിച്ചു അവരിൽ ചിലരെ കൊല്ലുവാൻ പോലും



മടിച്ചില്ല. ഒടുവിൽ വെളിച്ചം സ്വയം നമ്മുടെ ഇരുട്ടിലേക്കു ഇറങ്ങിവന്നു.

വെളിച്ചമില്ലാതെ വളർച്ചയില്ല, ദിശാബോധമില്ല, വ്യക്തതയില്ല. ദൈവവചനമാകുന്ന വെളിച്ചം സത്യത്തെയും വിശുദ്ധിയെയും സുതാര്യതയെയും പ്രതീകപ്പെടുത്തുന്നു. അന്ധകാരം പാപത്തിന്റെയും ദൈവത്തിൽ നിന്നുള്ള വേർപാടിന്റെയും അജ്ഞതയുടെയും പ്രതീകമാകുന്നു.

യേശു ക്രിസ്തു ഈ ലോകത്തിലേക്കു വെളിച്ചം കൊണ്ടുവന്നില്ല. മറിച്ച് യേശുക്രിസ്തു ലോകത്തിന്റെ വെളിച്ചമാകുന്നു. അവൻ ആത്മീയ പ്രകാശത്തിന്റെ ഉറവിടമാകുന്നു.

പാപവും അന്ധകാരവും കൊണ്ടു മൂടപ്പെട്ട ഈ ലോകത്തിലേക്കു ലോകത്തിന്റെ വെളിച്ചമായ യേശു പ്രവേശിച്ചു ജനത്തെ അന്ധതയിൽ നിന്നു പുറത്തു കടന്നു സത്യവെളിച്ചത്തിൽ നടക്കുവാൻ ആഹ്വാനം ചെയ്തു. എന്നിട്ടും ദുരന്തം അവശേഷിച്ചു: യോഹന്നാൻ 1:11 പറയുന്നു, അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല. സത്യവെളിച്ചം പ്രകാശിച്ചു കൊണ്ടിരുന്നു എന്നാൽ ഇരുട്ടു അതിനെ ഗ്രഹിച്ചില്ല.

അപ്പൊസ്തലനായ യോഹന്നാൻ തന്റെ സുവിശേഷത്തിൽ യേശുക്രിസ്തുവിന്റെ **"ഞാൻ ആകുന്നു"** എന്ന ഏഴു മഹത്തായ പ്രസ്താവനകൾ രേഖപ്പെടുത്തിയിരിക്കുന്നു. അവയിൽ ഒന്ന് യോഹന്നാൻ 8:12 ൽ കാണാം. യേശു പ്രഖ്യാപിക്കുന്നു, *"ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും"* യോഹന്നാന്റെ ലേഖനങ്ങളെ കുറിച്ചുള്ള ജോൺ സ്റ്റോട്ടിന്റെ വ്യാഖ്യാനത്തിൽ ഈ വെളിച്ചത്തെ ദൈവത്തിന്റെ വെളിപ്പെടുത്തലുമായി ബന്ധിപ്പിക്കുന്നു:

*"സുവിശേഷത്തിന്റെ സാരംശത്തെ കുറിച്ചുള്ള പ്രസ്താവനകളിൽ ദൈവം വെളിച്ചമാണ് എന്നതിനെക്കാൾ സമഗ്രമായ മറ്റൊന്നില്ല. പ്രകാശത്തിനു പ്രകാശിപ്പിക്കുവാനുള്ള കഴിവുള്ളതു പോലെ തന്നെത്തന്നെ വെളിപ്പെടുത്തുക ദൈവത്തിന്റെ സ്വഭാവമാകുന്നു, ആ വെളിപ്പെടുത്തൽ തികഞ്ഞ വിശുദ്ധിയും അവാച്യമായ മഹത്വവും ഉള്ളതാകുന്നു."*

കൂടാരപ്പെരുനാളിൽ ദൈവാലയ അങ്കണത്തിൽ നിന്നു കൊണ്ടാണ് യേശു ഈ വാക്കുകൾ പ്രസ്താവിച്ചത്. മരുഭൂമിയിലൂടെ ദൈവത്തിന്റെ വഴി നടത്തൽ സാന്നിധ്യത്തെ പ്രതീകപ്പെടുത്തുന്ന ദൈവാലയത്തിലെ വലിയ വെളിച്ചം അവനു ചുറ്റും പ്രകാശിച്ചു. ആ പ്രഭാപൂരിതമായ അന്തരീക്ഷത്തിൽ യേശു സാരംശത്തെ പ്രഖ്യാപിച്ചു, നിങ്ങളുടെ പിതാക്കന്മാരെ നയിച്ച വെളിച്ചം നിങ്ങൾ കാണുന്നു- ആ വെളിച്ചം ഞാൻ ആകുന്നു.

നമ്മുടെ വഴികാട്ടിയായ വെളിച്ചമായി ക്രിസ്തു നമ്മുടെ ഇരുട്ടിലേക്കു കാലെടുത്തു വെച്ചു. അവൻ നമ്മുടെ പാപത്തിലും ആശയകുഴപ്പത്തിലും വേദനയിലും നമ്മെ കണ്ടുമുട്ടുകയും *"വരൂ – എന്നെ അനുഗമിക്കൂ എന്നു നമ്മോടു പറയുകയും ചെയ്യുന്നു. ഞാൻ നിങ്ങളെ ആശയകുഴപ്പത്തിൽ നിന്നും വിവേകത്തിലേക്കും പാപത്തിൽ നിന്നു നീതിയിലേക്കും ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്കും വേദനയിൽ നിന്നു മഹത്വത്തിലേക്കും നയിക്കും."* അവന്റെ പ്രഭയെ ചെറുക്കുവാൻ കഴിയുന്ന ആഴമുള്ള ഒരു ഇരുട്ടുമില്ല.

നാം അവന്റെ വെളിച്ചത്തിൽ വസിക്കുവാൻ തുടങ്ങിയാൽ – കുറ്റബോധത്തിൽ നിന്നും സ്വതന്ത്രരാകും, കൃപയാൽ പുതുക്കം പ്രാപിക്കും – നാം ഈ പ്രകാശത്തെ മറ്റുള്ളവരിലേക്കും പ്രകാശിപ്പിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. മത്തായി 5:14 ൽ യേശു നമ്മെ ഓർമ്മിപ്പിക്കുന്നു, *"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു"* എത്ര

അസാധാരണമായ പദവിയാകുന്നു! നാം വെളിച്ചത്തിന്റെ ഉറവിടമല്ല. മറിച്ച് വെളിച്ചത്തിന്റെ പ്രതിഫലനമാണ്. അവന്റെ ജ്വാലയാൽ ജ്വലിക്കുന്ന വിളക്കുകൾ. നമ്മുടെ സത്പ്രവൃത്തികളിലൂടെയും നമ്മുടെ നീതിനിഷ്ഠമായ ജീവിതത്തിലൂടെയും സത്യത്തോടുള്ള നമ്മുടെ സ്നേഹത്തിലൂടെയും നാം അവന്റെ വെളിച്ചം, ഇരുണ്ട ലോകത്തിൽ പ്രകാശിപ്പിക്കുകയും ദൈവത്തിനു മഹത്വം കൊണ്ടു വരികയും ചെയ്യുന്നു.

എല്ലാ വെളിച്ചത്തിന്റെയും ഉറവിടമായ ക്രിസ്തുവിൽ നിന്നും വെളിച്ചവും ഊർജ്ജവും സംഭരിച്ച് നാം ക്രിസ്തുവിനോടു ചേർന്നു അനുദിനം നടക്കുമ്പോൾ നമ്മുടെ ജീവിതം കൂടുതൽ തിളക്കമുള്ളതും വ്യക്തതയുള്ളതുമായി വളരുന്നു. ദൈവത്തിന്റെ വിശുദ്ധിയുടെ സൗന്ദര്യം നാം പ്രദർശിപ്പിക്കുന്നു.

ഒടുവിലായി, അവന്റെ മക്കളായിരിക്കുവാനുള്ള പദവിയോടൊപ്പം അവന്റെ മഹത്വത്തെ പ്രഘോഷിക്കുന്നതിനുള്ള ആഹ്വാനവും ലഭിക്കുന്നു. 1 പത്രോസ് 2:9 പ്രഖ്യാപിക്കുന്നത്: *"നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു."*

നാം അന്ധകാരത്തിൽ നിന്നും അവന്റെ അത്ഭുത പ്രകാശത്തിലേക്കു വിളിക്കപ്പെട്ടവരാകുന്നു - ആ പ്രകാശം നമ്മുടെ സ്വന്തമായി നാം സൂക്ഷിക്കരുത്. അത് നമ്മുടെ വാക്കിലും പ്രവർത്തിയിലും കൂടെ മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിക്കട്ടെ. നമ്മുടെ ഉള്ളിലെ അവന്റെ വെളിച്ചം നമ്മുടെ ചുറ്റുമുള്ള ഇരുട്ടിനെ തുറന്നു കാണിക്കട്ടെ. വേദനിക്കുന്നവർക്കു ഊഷ്മളത പകരട്ടെ. നഷ്ടപ്പെട്ടു പോയവരെ പിതാവിന്റെ ഭവനത്തിലേക്കു വഴി നയിക്കട്ടെ. നാം അവന്റെ വെളിച്ചത്തിൽ നടക്കുമ്പോൾ നാം അവന്റെ പ്രകാശത്തെ പ്രകാശിപ്പിക്കുക മാത്രമല്ല ചെയ്യുന്നത് - *"ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു"* എന്നരുളിച്ചെയ്തവന്റെ ജീവനുള്ള സാക്ഷികളായി മാറുന്നു.

ക്രിസ്തുമസ്സ് ആടുത്തുവരുമ്പോൾ ബേത്ലഹേമിലെ ആ വിശുദ്ധരാത്രിയെ നമുക്കു ഓർമ്മിക്കാം. ഇരുണ്ടതും ക്ഷീണിച്ചതുമായ ലോകത്തിലേക്കു ദിവ്യ വെളിച്ചം തുളച്ചു കയറിയത് മുകളിലുള്ള നക്ഷത്രങ്ങളിൽ നിന്നല്ല മറിച്ച് പുൽത്തൊട്ടിയിൽ കിടന്ന ആ കുഞ്ഞിൽ നിന്നാണ്. ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു എന്നു പറഞ്ഞ അതേ യേശു മാനവചരിത്രത്തിലേക്കു ഒരുനാൾ കടന്നു വന്നത് മഹത്വത്താൽ പൊതിഞ്ഞവനായിട്ടല്ല ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവായിട്ടാണ്. രാത്രിയിലെ ആകാശം പ്രകാശത്താൽ ജ്വലിക്കുന്നത് അവർ കണ്ടു, വിദ്വാന്മാർ ആ നക്ഷത്രത്തെ പിന്തുടർന്നു - ഇവയെല്ലാം ദൈവത്തിന്റെ വെളിച്ചം നമ്മുടെ ഇടയിൽ വന്നു പാർത്തു എന്നതിന്റെ അടയാളമായിരുന്നു. ക്രിസ്തുവിന്റെ വെളിച്ചം അകലയോ അപ്രാപ്യമോ അല്ലെന്ന് ക്രിസ്തുമസ്സ് നമ്മെ ഓർമ്മപ്പെടുത്തുന്നു; ആ വെളിച്ചം നമ്മുടെ സമീപത്ത് വ്യക്തഗതമായി, നമ്മുടെ ഹൃദയത്തിലുള്ള അന്ധകാരത്തിന്റെ എല്ലാ നിഴലിനെയും അകറ്റുവാൻ തക്ക ശക്തിയുള്ളതാകുന്നു. അതു കൊണ്ട് നാം യേശുവിന്റെ ജനനം ആഘോഷിക്കുമ്പോൾ ബേത്ലഹേമിൽ ഉദിച്ചുയർന്ന വെളിച്ചത്തെ ആരാധിക്കുകയും പുകഴ്ത്തുകയും മാത്രമല്ല ചെയ്യേണ്ടത് പിന്നെ ആ വെളിച്ചത്തെ സ്വീകരിച്ച് പ്രത്യാശയ്ക്കായി ഇന്നും കാത്തിരിക്കുന്ന ഒരു ലോകത്തിലേക്കു നമുക്കു പ്രകാശം പരത്തുകയും ചെയ്യാം.

**പ്രശാന്ത കുമാർ കെ**
- റിട്ട. മിഷനറി, FMPB

ചർച്ച് ഓഫ് നോർത്ത് ഇന്ത്യ

# മോഡറേറ്ററും ഡപ്യൂട്ടി മോഡറേറ്ററുമായുള്ള കൂടിക്കാഴ്ച



ചർച്ച് ഓഫ് നോർത്ത് ഇന്ത്യയുടെ മോഡറേറ്റർ മോസ്റ്റ് റവ. ഡോ. പരിതോഷ് കാനിംഗ്, ജനറൽ സെക്രട്ടറി റവ. അജിത് കുമാർ എന്നിവരുമായി 2025 നംവംബർ 6 ന് ഞാനൊരു ഒപാചരിക കൂടിക്കാഴ്ച നടത്തി. സഭയും മിഷനും കെട്ടിപ്പടുക്കുന്നതിനു രണ്ടു പേർക്കും ദർശനവും അഭിനിവേശവും ഉണ്ട്. FMPB യോടും ഇതര മിഷൻ സംഘടനകളോടും ചേർന്നു CNI യുടെ ചുമതലക്കാർ എന്ന നിലയിൽ ഉത്തരേന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലുള്ള ക്രൈസ്തവരെ ശക്തിപ്പെടുത്തുന്നതിനും ഉത്സാഹിപ്പിക്കുന്നതിനും അവർ ആഗ്രഹിക്കുന്നു. കൽക്കട്ട ബഷപ്പായിരുന്ന മോസ്റ്റ് റവ. കാനിംഗിനെ മോഡറേറ്ററായി ഈ ഒക്ടബറിലാണ് തിരഞ്ഞെടുത്തത്. കൽക്കട്ടയിലെ ഓക്സ്ഫോർഡ് ബ്രദർഹുഡ് ശുശ്രൂഷയിൽ നിന്നും ഉത്ഭവിച്ച അദ്ദേഹം വിശ്വാസം, സേവനം, സന്ന്യാസ അച്ചടക്കം, ദൗത്യം എന്നിവയുടെ ശ്രേഷ്ഠ പാരമ്പര്യത്തിൽ നില കൊള്ളുന്നു.

FMPB യുടെ മിഷനറി തീഷ്ണതയെയും ഇന്ത്യയിലുടനീളമുള്ള നിരവധി ജനവിഭാഗങ്ങളുടെയും സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെയും ജീവിതത്തെ സ്പർശിക്കുന്നതിൽ അതു ചെലുത്തിയ സ്വാധീനത്തെയും അദ്ദേഹം അഭിനന്ദിച്ചു. ഉത്തരേന്ത്യയിൽ ഉടനീളമുള്ള FMPB യുടെ പ്രവർത്തനവുമായി സഹകരിക്കുവാൻ അദ്ദേഹത്തിനു താൽപര്യമുണ്ട്.



CNI യുടെ ഡപ്യൂട്ടി മോഡറേറ്ററായ റൈറ്റ് റവ. ഡോ. സിൽവാൻസ് എസ് ക്രിസ്റ്റ്യനുമായി (ഗുജറാത്ത് മഹായിടവക ബിഷപ്പ്) വളരെ ഫലകരമായ ഒരു കൂടിക്കാഴ്ച നടത്തി. ഗുജറാത്തിൽ FMPB യുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനു വലിയ ആവേശവും ഉത്സാഹവും അദ്ദേഹം പ്രകടമാക്കി. ഗുജറാത്തിലെ 200 ലധികം സഭകളെ CNI യുമായി സംയോജിപ്പിക്കുന്നതിനുള്ള നിർണ്ണായകമായ നടപടി FMPB ഇതിനകം എടുത്തിട്ടുണ്. ഗുജറാത്തിൽ FMPB പ്രവർത്തനം ആരംഭിച്ചതിന്റെ അമ്പതാം വാർഷികം ഈ ആണ്ടിൽ ആഘോഷിക്കുവാൻ പോകുകയാണ്. ഗുജറാത്തു മഹായിടവകയുമായി ചേർന്നു പ്രവർത്തിക്കുന്നതിനു വിവിധ പദ്ധതികൾ തയ്യാറാക്കുന്നു.

സഭയുമായി ചേർന്നു പ്രാർത്ഥനയോടും പ്രതിബദ്ധതയോടും പ്രവർത്തിക്കുന്നു ഇശ്രദ്ധ ദേശത്തെ രൂപാന്തരപ്പെടുത്തുന്നതിൽ അത്ഭുതം സൃഷ്ടിക്കും.

**ശ്രീ. ജോൺ ശമുവേൽ,** പ്രസിഡണ്ട്, – FMPB

# യുവജന സമ്മേളനങ്ങൾ

# മിഷൻ വയലുകളിൽ

**താഴെ പറയുന്ന റീജിയനുകളിൽ യുവജന സമ്മേളനം നടത്തുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.**

## ഹുബ്ലി റീജിയൻ



190 ലധികം യൗവ്വനക്കാർ പങ്കെടുത്തു. 22 പേർ കർത്താവിന്റെ വേലക്കായി തങ്ങളെ സമർപ്പിച്ചു. (മുതിർന്നവരും പ്രവർത്തകരും ഉൾപ്പടെ ആകെ 240 പേർ ഈ സമ്മേളനത്തിൽ സംബന്ധിച്ചു.)

## കോളാർ റീജിയൻ



110 ലധികം യൗവ്വനക്കാർ പങ്കെടുത്തു. 2 പേർ കർത്താവിന്റെ വേലക്കായി തങ്ങളെ സമർപ്പിച്ചു. (മുതിർന്നവരും പ്രവർത്തകരും ഉൾപ്പടെ ആകെ 140 പേർ ഈ സമ്മേളനത്തിൽ സംബന്ധിച്ചു.)

## ദുംങ്ക റീജിൻ



2025 ഒക്ടോബർ മാസത്തിലെ ആദ്യ ആഴ്ചയിൽ ദുംങ്കയിൽ യുവജന സമ്മേളനം നടത്തി. 900 ത്തിനടുത്തു യൗവ്വനക്കാരെ സംഘടിപ്പിച്ചു. പൂർണ്ണ സമയ സുവിശേഷ വേലക്കായി അനേകർ തങ്ങളെ സമർപ്പിച്ചു. ഈ യോഗത്തിനായും ഈയടുത്ത കാലത്തു നടത്തിയ ഇതര യോഗങ്ങൾക്കായും ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. എക്സിക്യൂട്ടീവ് അംഗങ്ങളായ കുമാരി. ഇംഗ്രിത്, ശ്രീ. ആന്റോ, ചെന്നയിൽ നിന്നു വന്ന ഇമ്മാനുവേൽ, പ്രാദേശിക മിഷനറിമാർ ഇവരുടെ ക്രിയാത്മകായ സമർപ്പണത്തെയും നേതൃത്വത്തെയും അഭിനന്ദിക്കുന്നു.

ഇവിടെ സമർപ്പണമുള്ള യൗവ്വനക്കാരായ മിഷനറിമാരുടെ ആവശ്യം വളരെയുണ്ട്. സന്താളി സമൂഹത്തിൽ സമർപ്പണമുള്ള ഭക്തന്മാരായ അനേക വിശ്വാസികളുണ്ട്. ഇവരുടെ ആത്മീകവും സാമൂഹ്യവും സാമ്പത്തികവുമായ മുന്നേറ്റത്തിനായി പ്രാർത്ഥിക്കുക.

സന്താൾ, മാൾട്ടോ സമുദായത്തിൽ അനേക യൗവ്വനക്കാർ മിഷനറിമാരായി എഴുന്നേൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവരുടെ ഇടയിൽ ധാരാളം IAS, IPS, IFS ആഫീസറന്മാരും മിഷനറി ഡോക്ടറന്മാരും എഞ്ചിനിയറന്മാരും ഇതര ഉദ്യോഗസ്ഥരും എഴുന്നേൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. FMPB അവരെ സഹായിക്കുവാനും ആലോചനകൾ നൽകി വഴിനടത്താനും തയ്യാറാണ്.

## കപറാട (പെയിന്റ് റീജിയൻ)



ഒക്ടോബർ 21-22 തീയതികളിൽ നടത്തിയ യുവജന സമ്മേളനം പ്രതീക്ഷകൾക്കപ്പുറമായിരുന്നു. ഏകദേശം 1200 യുവജനങ്ങൾ പങ്കെടുത്തു. (613 യുവതികൾ, 549 യുവാക്കൾ, ഇവരെ കൂടാതെ യുവജന സംഘങ്ങളുടെ നേതാക്കന്മാർ) വെസ്റ്റേൺ മുബൈയിലെ യുവജന സംഘത്തിന്റെ നേതൃത്വത്തെയും സമർപ്പണത്തെയും ഹൃദയപൂർവ്വമായി അഭിനന്ദനം അറിയിക്കുന്നു. ഉത്തരേന്ത്യയിൽ ഉടനീളമുള്ള മിഷൻ വയലുകളിൽ യുവജനങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും സ്വമേധയാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനു ഇവരുടെ പരിശ്രമം ശ്രേഷ്ഠമായ ഒരു മാതൃകയാകുന്നു. ഈ ക്യാമ്പിൽ ശക്തമായ രീതിയിൽ ദൈവവചനം പങ്കു വെച്ച ശ്രീമതി ഡാൻസി റോബിൻസൺ, റവ. അജു ഭായ് വസാവെ എന്നിവരോടുള്ള നന്ദിയെ രേഖപ്പെടുത്തുന്നു. പൂർണ്ണ സമയ സുവിശേഷ വേലക്കായി 38 യൗവ്വനക്കാർ തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചു.

## സിത്താര



സിത്താര യുവജനക്യാമ്പിൽ 290 യൗവ്വനക്കാർ പങ്കെടുത്തു. പൂർണ്ണ സമയ സുവിശേഷ വേലക്കായി 12 പേർ സമർപ്പിച്ചു. റവ. സോളമൻ ജ്ഞാനശേഖരൻ (ഫീൽഡ് സെക്രട്ടറി), റവ. വിജയൻ (സോണൽ സെക്രട്ടറി), റവ. വിനു (റീജിനൽ സെക്രട്ടറി), റവ. ആർഥർ ജപരാജ് (റിട്ട. മിഷനറി) എന്നിവർ അഭിനന്ദനം അർഹിക്കുന്നു. ഈ ക്യാമ്പ് ഫലകരമാക്കുന്നതിനു പ്രാദേശിക മിഷനറിമാരും സുവിശേഷകരും കഠിനമായി അദ്ധ്വാനിച്ചു.

നമ്മുടെ രാജ്യത്തുടനീളം 1000 മിഷനറിമാരെ എഴുന്നേൽപ്പിക്കുന്നതിനു ള്ള നമ്മുടെ സമർപ്പണത്തിനു ഇതു പ്രോത്സാഹന ജനകമായ ആരംഭമാകുന്നു. മിഷൻ വയലിലെ യുവജനങ്ങളുടെ ഇടയിലെ ഉണർവ്വ് ഇതിനു തെളിവാകുന്നു. അനേകർ പൂർണ്ണ സമയ പ്രവർത്തനത്തിനു തയ്യാറാകുന്നു. കർത്താവിന്റെ വേലക്കായി സമർപ്പിക്കപ്പെട്ടവർക്കായി നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. യുവാക്കളെ ആത്മീകമായും ബൗദ്ധികമായും ശക്തീകരിക്കുന്നതിലും അവരുടെ ജീവിതം പടുത്തുയർത്തുവാൻ അവരെ സഹായിക്കുന്നതിലുമാണ് നമ്മുടെ ശ്രദ്ധ. ഈ യുവജനങ്ങൾ കർത്താവിന്റെ വേലയിൽ സജീവമായി പങ്കെടുക്കേണ്ടതിനും വരുനാളുകളിൽ പൂർണ്ണ സമയ സുവിശേഷ വേലക്കായി അവർ കടന്നു വരേണ്ടതിനുമായി നിങ്ങളുടെ തുടർമാനമായ പ്രാർത്ഥനയും സഹായവും ഞങ്ങൾ വിലമതിക്കുന്നു.


കർത്താവിങ്കൽ നിന്നു വങ്കാര്യങ്ങൾ പ്രതീക്ഷിച്ചു കർത്താവിനായ് വങ്കാര്യങ്ങൾ ചെയ്യാം. രാജ്യത്തെ സുവിശേഷത്താൽ നേടുന്നതിനു വലിയ പങ്കു വഹിക്കുന്നതിനും എല്ലായിടത്തും അനുഗ്രഹമായിരിക്കുന്നതിനും FMPB വിളിക്കപ്പെട്ടിരിക്കുന്നു.

**ശ്രീ.ജോൺ ശമുവേൽ**
പ്രസിഡണ്ട്, FMPB

# ഗാസോൾ

## (ഹൽദിബാദി)
## മിഷൻ വയൽ
## പശ്ചിമ ബംഗാൾ

MAP OF MALDA DISTRICT





### പശ്ചിമ ബംഗാൾ

ഇന്ത്യയുടെ കിഴക്കൻ ഭാഗത്തുള്ള ബംഗാൾ ഉൾക്കടലിന്റെ തീരത്തു സ്ഥിതി ചെയ്യുന്ന ഒരു സംസ്ഥാനമാണ് പശ്ചിമ ബംഗാൾ. രാജ്യത്ത് ഏറ്റവും ജന സംഖ്യയുള്ള നാലാമത്തെ സംസ്ഥാന മാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ബ ംഗാൾ മേഖലയിലുള്ള ഈ സംസ്ഥാനം കിഴക്ക് ബംഗ്ലാദേശുമായും വടക്ക് നേപ്പാൾ, ഭൂട്ടാൻ എന്നിവയുമായും അതിർത്തി പങ്കിടുന്നു. തലസ്ഥാന നഗരമായ കൊൽക്കത്ത ഈ സംസ്ഥാനത്തിലെ ഏറ്റവും വലിയ നഗരമാകുന്നു.

ഡാർജിലിംഗ്, ഹിമാലയൻ കുന്നിൻ പ്രദേശം, ഫലഭൂയിഷ്ഠമായ ഗംഗയുടെ തീരപ്രദേശങ്ങൾ, റാർഹ് മേഖല, തീരദേശ സുന്ദർബാൻസ്, ബംഗാൾ ഉൾക്കടൽ എന്നിങ്ങനെ വൈവിധ്യമാർന്ന ഭൂമി ശാസ്ത്രമേഖലകൾ ഈ സംസ്ഥാനത്തിനുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കണ്ടൽക്കാടായ സുന്ദർബാൻസ് ഈ പശ്ചിമ ബംഗാളിന്റെ തെക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്നു. ഈ പ്രദേശത്തെ പ്രധാന വംശിയ വിഭാഗം ബംഗാളി കളാണ്. ബഹുഭൂരിപക്ഷവും ബംഗാളി ഹിന്ദുക്കളാണ്.

### ഗാസോൾ (ഹൽദിബാദി)

പശ്ചിമ ബംഗാളിലെ മാൽദ ജില്ലയിലെ ഒരു പട്ടണമാണ് ഗാസോൾ (ഗാജോൾ എന്നു വിളിക്കപ്പെടുന്നു). ഭൂപ്ര കൃതിയനുസരിച്ച് ഈ പ്രദേശത്തെ രണ്ടായി തരം തിരിച്ചിരിക്കുന്നു - കിഴക്ക് ബാരിന്ദ്, പടിഞ്ഞാറ് താൽ.



റവ. അനിൽ കുമാർ ബിസോയ് & ശ്രീമതി. ആലീസ് ബിസോയ്

- ബാരിന്ദ് മേഖല മറ്റു മേഖലയെക്കാൾ ഉയർന്നതും അസമവുമാണ്. ചുവന്ന നിറത്തിലുള്ള കട്ടിയുള്ള തും ഉപ്പുരസമുള്ളതുമായ മണ്ണാണിവിടെയുള്ളത്. ചുട്ടുപഴുത്ത ഇരുമ്പ് പോലെ കാഠിന്യമുള്ള മണ്ണ്.
- മഹാനന്ദ നദിയുടെ പിഞ്ഞാറൻ ഭാഗത്തായി സ്ഥിതി ചെയ്യുന്ന താൽ പ്രദേശം ചതുപ്പുകൾ, ബിൽസ്, ഓക്സബോ തടാകങ്ങൾ എന്നിവയാൽ ചിതറികിടക്കുന്ന ഒരു പരന്ന താഴ്ന്ന പ്രദേശങ്ങളാണ്. പലപ്പോഴും പ്രാദേശിക വെള്ളപ്പൊക്കത്തിനു സാധ്യതയുണ്.

ഇവിടെയുള്ള ജനങ്ങളുടെ പ്രധാന ഭാഷ ബംഗാളി ആകുന്നു.

## ഗാസോളിൽ (ഹർദിബാദിൽ) FMPB യുടെ ശുശ്രൂഷ





ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ ശുശ്രൂഷ ഗാസോൾ (ഹൽദിബാദി) മിഷൻ വയലിൽ ആരംഭിക്കുന്നത് 2022 ആഗസ്റ്റ് ഒന്നിനാണ്. റവ. അനിൽ കുമാർ ബിസോയ്, ശ്രീമതി ആലീസ് ബിസോയ് എന്നിവരാണ് ഈ മിഷൻ വയലിലെ പ്രാരംഭ മിഷനറിമാർ. ഇവർ 30 ഗ്രാമങ്ങളിൽ പഠനം നടത്തി രാജ്ബോങ്സി (രാജബാൻഷി) ജനവിഭാഗങ്ങളുടെ മദ്ധ്യത്തിൽ ശുശ്രൂഷ ആരംഭിച്ചു.

രാജബൻഷി എന്ന പദത്തിന്റെ ആക്ഷരിക അർത്ഥം രാജകിയ വംശം എന്നാകുന്നു. മുമ്പ് കൊച്ച് എന്നറിയപ്പെട്ടിരുന്ന ജനങ്ങൾ പ്രധാനമായി കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. ദിവസ വേതനത്തിൽ ജോലി ചെയ്യുന്നവരും ഉണ്ട്. നെല്ല്, ചോളം, ചണം എന്നിവയാണ് പ്രധാന കൃഷി. അരി, പരിപ്പ്, മത്സ്യം, മുട്ട, കോഴി, മാംസം, പച്ചക്കറികൾ എന്നിവയാണ് ഇവരുടെ ഭക്ഷണ രീതി. പുരുഷന്മാർ മദ്യപിക്കുന്നത് സാധാരണമാണ്.

ഹൈന്ദവ ആചാര രീതിയകളും പാരമ്പര്യവും അവർ പിന്തുടരുന്നു. ഹൈന്ദവ ദേവി ദേവന്മാരെ ആരാധിക്കുന്നു. കൊച്ച് രാജബങ്സി വംശം കൃഷി, നൃത്തം സംഗീതം, നാടോടി വൈദ്യം, പാട്ട്, വീട് നിർമ്മാണം എന്നിവയുടെ സമ്പന്നമായ ഒരു വാമൊഴി പാരമ്പര്യം സംരക്ഷിക്കുകയും ഈ കഴിവുകൾ തലമുറകളിലേക്കു കൈമാറ്റം ചെയ്യുകയും ചെയ്യുന്നു.

## വെല്ലുവിളികളും ദൈവവേലയും

സുവിശേഷ വിരോധികളിൽ നിന്നുള്ള എതിർപ്പുകൾ മിഷനറിമാർ അഭിമുഖീകരിക്കുന്നു. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ജനങ്ങളെ നിരുത്സാഹപ്പെടുത്തുകയും അവരിൽ ആശയ കുഴപ്പം സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ വെല്ലുവിളികളുടെ മദ്ധ്യത്തിലും ദൈവം നമുക്കു കൃപയാൽ ആത്മാക്കളുടെ കൊയ്ത്തു നൽകി അനുഗ്രഹിച്ചു.

## നിരുപമ ബർമാന്റെ അനുഭവ സാക്ഷ്യം

ഹരിരമ്പാറ ഗ്രാമത്തിലെ 53 വയസ്സുള്ള നിരുപമ ബർമാന്റെ മൂത്ത മകനും മകളും പൈശാചിക ബന്ധനത്തിലായതിനാൽ ഏറെ നിരാശിതയായിരുന്നു. ചികിത്സക്കും പൂജക്കുമായി വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയെങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല. വിടുതൽ തേടിയുള്ള അവളുടെ യാത്ര FMPB സന്താൾ മേഖലയിൽ നടത്തുന്ന ക്രിസ്തീയ ആരാധനയിൽ ചെന്നെത്തി. അവൾ ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. സന്താൾ സമൂഹത്തിലെ വിശ്വാസികളുടെ ജീവിതവും വിശ്വാസവും അവളിൽ സ്വാധീനം ഉളവാക്കി അവൾ യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി. 2023 നവംബർ 13 ന് അവൾ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. ഈ മിഷൻ വയലിലെ ആദ്യ വിശ്വാസിയായി തീർന്നു.

അവളുടെ വിശ്വാസത്തിലൂടെ അവളുടെ മകനും മകളും പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരാകുകയും അവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും ചെയ്തു. ക്രിസ്തുയേശുവിലുള്ള വിശ്വാസം നിമിത്തം അവളും കുടുംബവും പലവിധത്തിലുള്ള എതിർപ്പുകൾ നേരിടുന്നു. എങ്കിലും അവർ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിൽ വളർന്നു വരുന്നു.

## പ്രകാശ് സർക്കാറിന്റെ സൗഖ്യം

ഫതഹെപൂർ ഗ്രാമത്തിലെ 22 വയസ്സുള്ള ശ്രീ പ്രകാശ് സർക്കാർ രോഗം ബാധിച്ചു മരണത്തോടടുത്തു. അവന്റെ അമ്മ അവനു വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. പിന്നീട് ശ്രീമതി നിരുപമ മിഷനറിയെ ക്ഷണിച്ചു പ്രകാശിനു വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. പ്രാർത്ഥനയെ തുടർന്നു ദൈവം സാവകാശം പ്രകാശിനെ സൗഖ്യമാക്കുവാൻ തുടങ്ങി. ആറു മാസം കഴിഞ്ഞപ്പോൾ അവന്റെ അമ്മ യേശുവിനെ സ്വീകരിക്കുവാൻ മടിച്ചെങ്കിലും പ്രകാശിനെ ക്രിസ്തീയ സമൂഹത്തിലെ അംഗമാക്കുവാൻ അഭ്യർത്ഥിച്ചു. 2023 മെയ് 14 ന് പ്രകാശ് സന്തോഷത്തോടെ ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞു രക്ഷിത ഗണത്തിലായി.

അവന്റെ സാക്ഷ്യത്തിലൂടെ പ്രകാശിന്റെ ബന്ധുവായ ബംഗൽബാരി കമൽപൂർ ഗ്രാമത്തിലെ 40 വയസ്സുള്ള ശ്രീ. കലുവ ദേബശർമ്മ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഈ കുടുംബം അവരുടെ ഗ്രാമത്തിൽ ധൈര്യപൂർവ്വം ക്രിസ്തുവിന്റെ സ്നേഹം പങ്കുവെച്ചു ക്രിസ്തുവിനെ സ്വീകരിക്കുവാൻ അനേകരുടെ ഹൃദയങ്ങളെ ഒരുക്കുന്നു. പ്രകാശിന്റെ കുടുംബം ആരാധന യോഗം നടത്തുന്നതിനു തങ്ങളുടെ ഭവനം തുറന്നു നൽകി.

## ഉപസംഹാരം

സാംസ്കാരിക തടസ്സങ്ങൾ, മതപരമായ എതിർപ്പുകൾ, സാമൂഹ്യ വെല്ലുവിളികൾ എന്നിവയുടെ മദ്ധ്യത്തിലും ഗാസോൾ (ഹൽദിബാദ്) മിഷൻ വയലിൽ സുവിശേഷത്തിന്റെ വെളിച്ചം തിളക്കത്തോടെ പ്രകാശിക്കുന്നു. കർത്താവിന്റെ ദാസന്മാരുടെ വിശ്വസ്തമായ പ്രവർത്തനത്തിലൂടെയും നിരുപമ ബർമൻ, പ്രകാശ് സർക്കാർ എന്നിവരുടെ രൂപാന്തരീകരണ സാക്ഷ്യത്തിലൂടെയും രാജബോഷി ജനസമൂഹത്തിൽ ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നു. **ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!**

## പ്രാർത്ഥനക്കായ്

1. മൂന്നു വയസ്സുള്ള ചെറു പൈതലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശസ്ത്രക്രിയയെ തുടർന്നു പൈതൽ നിൽക്കുന്നതിനും നടക്കുന്നതിലും പ്രയാസപ്പെടുന്നു. ഇരിക്കുന്നതിനോ സംസാരിക്കുന്നതിനോ കഴിയാത്ത കാർത്തിക് ശങ്കർ, നരേന്ദ്ര ബർമൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.
2. എതിർപ്പുകളുടെ മദ്ധ്യത്തിൽ വിശ്വാസികൾ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനും ദൈവവചനത്തിൽ വേരൂന്നി വളരേണ്ടതിനുമായി പ്രാർത്ഥിക്കുക.
3. സുവിശേഷത്തെ എതിർക്കുന്നവരുടെ ഹൃദയത്തെ ദൈവസ്നേഹം സ്പർശിക്കേണ്ടതിനും ജീവനുള്ള സത്യ ദൈവത്തിൽ അവർ വിശ്വസിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

# ദേശീയ കർഷക ദിനം



## നമ്മുടെ ദേശത്തിന്റെ സമ്പത്ത് - കർഷകർ

നമ്മുടെ ദേശത്തിന്റെ യഥാർത്ഥ തൂണുകളാണ് കർഷകർ. നമ്മുടെ രാജ്യത്തെ ജനങ്ങളെ നിലനിർത്തുവാൻ ജീവിതം സമർപ്പിച്ചുകൊണ്ട് എല്ലാവർക്കും ഭക്ഷണം നൽകുവാൻ അവർ അക്ഷീണം പരിശ്രമിക്കുന്നു. നമ്മുടെ രാജ്യത്തെ ജനസംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗത്തിന്റെ ഉപജീവന മാർഗ്ഗം കൃഷിയാകുന്നു. ഇന്ത്യയിലെ കർഷകരിൽ ഭൂരിഭാഗവും കോതമ്പ്, പയർവർഗ്ഗങ്ങൾ, അരി, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ വൻതോതിലുള്ള ഉൽപാദനത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. ഇവയ്ക്ക് പുറമെ അവർ പരുത്തി, കരിമ്പ്, തേയില എന്നിവയും കൃഷി ചെയ്യുന്നു. ക്ഷീരോത്പാദന കേന്ദ്രങ്ങൾ, കോഴിവളർത്തൽ, മത്സ്യ ബന്ധനം, കന്നുകാലി വളർത്തൽ എന്നിവയിലും ഇവർ സംഭാവനകൾ നൽകുന്നു. കഠിനാദ്ധ്വാനത്തിലൂടെ അവർ ഭക്ഷണം, കാലിത്തീറ്റ, അസംസ്കൃത വസ്തുക്കൾ എന്നിവ ഉത്പാദിപ്പിക്കുകയും നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

നമ്മുടെ ജീവൻ രക്ഷിക്കുന്നവരാണെങ്കിലും അവർക്കു ലഭിക്കുന്ന മൂല്യവും അംഗീകാരവും തുലോം കുറവാണ്. പരിതാപകരം എന്നു പറയട്ടെ കൃഷിയിൽ നിന്നു ലഭിക്കുന്ന തുച്ഛമായ വരുമാനം കാരണം പലരും ഇതിനെ ഒരു താഴ്ന്ന തൊഴിലായി കാണുന്നു. പണം മൂല്യത്തെ നിർവചിക്കുന്ന ഈ ലോകത്ത് ഒരു കർഷകന്റെ യഥാർത്ഥ മൂല്യം തിരിച്ചറിയുന്നതിൽ ജനം പരാജയപ്പെടുന്നു.

4. ഈ മിഷൻ വയലിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥല ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
5. രാജബാഷി ജനങ്ങളുടെ മദ്ധ്യത്തിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.
6. നമ്മുടെ മിഷനറിമാരായ റവ. അനിൽ കുമാർ ബിസോയിയെയും ശ്രീമതി. ആലീസ് ബിസോയിയെയും കുടുംബത്തെയും ദൈവം അതിശ്രേഷ്ഠമാം വിധം ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

തങ്ങളുടെ പാത്രങ്ങളിൽ വിളമ്പുന്ന ഭക്ഷണം കർഷകന്റെ വിയർപ്പിന്റെയും അധ്വാനത്തിന്റെയും ഫലമാണെന്നത് അവർ മറക്കുന്നു. അവരുടെ സംഭാവനകളെ ആദരിക്കുന്നതിനായി, ഇന്ത്യയുടെ അഞ്ചാമത്തെ പ്രധാന മന്ത്രിയായ ചൗദരി ചരൺ സിങിന്റെ ജന്മദിനമായ ഡിസംബർ 23, 2001 മുതൽ ഇന്ത്യൻ സർക്കാർ കർഷക ദിനം ആഘോഷിക്കുവാൻ തുടങ്ങി. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ കർഷകരുടെ നിർണ്ണായ പങ്കിനെ അംഗീകരിക്കുന്നതിനുമാണ് ഈ ദിനം സമർപ്പിച്ചിരിക്കുന്നത്.

രാജ്യത്തിന്റെ വികസനത്തിലും സാമ്പത്തിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിലും കർഷകർ വഹിക്കുന്ന നിർണ്ണായക പങ്കിനെക്കുറിച്ച് ദേശീയ കർഷക ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. പ്രവചനാതീതമായ കാലവസ്ഥ, വർദ്ധിച്ചു വരുന്ന ചിലവുകൾ, അന്യായമായ വിപണി രീതികൾ, കാട്ടു മൃഗങ്ങളുടെ നിരന്തരമായ ശല്യം എന്നിങ്ങനെ അവർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചു ചിന്തിക്കേണ്ട സമയമാണിത്. ഇന്ത്യയുടെ മൊത്ത മൂല്യവർദ്ധനവിനു (GVA) കാർഷിക മേഖല ഗണ്യമായ സംഭാവന നൽകുന്നു. രാജ്യത്തുടനീളമുള്ള ദശലക്ഷകണക്കിനു ആളുകളുടെ ജീവനാഡിയായി കാർഷിക മേഖല തുടരുന്നു. നാം നമ്മുടെ കർഷകരെ ആഘോഷമാക്കുക മാത്രമല്ല മറിച്ച് അവരുടെ ശക്തിക്കും സംരക്ഷണത്തിനും ക്ഷേമത്തിനുമായി പ്രാർത്ഥിക്കാം.

**കർഷകരെ ആദരിക്കുന്ന ഒരു രാഷ്ട്രം**
**സ്വന്തം അടിത്തറയെ ആദരിക്കുന്നു എന്നതു നാം മറക്കരുത്.**

## നമുക്കു പ്രാർത്ഥിക്കാം

1. വിളകൾ ശക്തമായും ആരോഗ്യപരവുമായ വളരുന്നതിനു ശരിയായ അളവിൽ മഴയും സുര്യ പ്രകാശവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
2. കീടങ്ങൾ, രോഗങ്ങൾ, വെട്ടുക്കിളികൾ വെള്ളപ്പൊക്കം, കൊടുങ്കാറ്റ് തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
3. പോഷക സമൃദ്ധവും ഫലഭൂയിഷ്ഠവുമായ ഭൂമിക്കായി പ്രാർത്ഥിക്കുക.
4. വിജയകരവും സമൃദ്ധവുമായ വിളവെടുപ്പിനും ഉൽപ്പന്നങ്ങൾക്കു ന്യായമായ വില ലഭിക്കേണ്ടതിനും സ്ഥിരതയുള്ള വിപണിക്കായും പ്രാർത്ഥിക്കുക.
5. ചൂഷണത്തിൽ നിന്നുള്ള സംരക്ഷണത്തിനായി പ്രാർത്ഥിക്കുക. പ്രത്യേകിച്ച് വിളവെടുപ്പിനു ശേഷമുള്ള ഘട്ടത്തിൽ പെട്ടെന്നു നശിച്ചു പോകുന്ന വസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ.
6. എല്ലാ കർഷക കുടുംബങ്ങളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. അവർ പട്ടിണിയിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥികക്കുക.
7. കൃഷിനാശത്തിന്റെയും നഷ്ടത്തിന്റെയും സമയങ്ങളിൽ പോലും കർഷകർ ശക്തരും പ്രത്യാശയും ഉള്ളവരാകേണ്ടതിനായി പ്രാർത്ഥിക്കുക. അവർ നിരാശിതരായി ആത്മഹത്യ ചിന്തയിലേക്കു വീഴാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
8. സർക്കാർ കർഷകരുടെ ആവശ്യങ്ങൾ പരിഗണിച്ച് അവരുടെ ക്ഷേമത്തിനും പുരോഗതിക്കുമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

# കോതമ്പു മണിയായി വീണു!



## റവ. നാഥൻ കുമാർ ബബർത്ത (1972-2025)

*"ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും"* യോഹന്നാൻ. 12:24

ഒടിസയിൽ നൗറങ്പൂർ ജില്ലയിലെ മോഹൻബഗാരി ഗ്രാമത്തിലുള്ള ശ്രീ. യിസ്രായേൽ ബബർത്തയുടെയും ശ്രീമതി. മോനിക്ക ബബർത്തയുടെയും മകനായി 1972 ജനുവരി 2 ന് ശ്രീ. നാഥൻ കുമാർ ബബർത്ത ജനിച്ചു. അദ്ദേഹത്തിനു മൂന്നു സഹോദരിമാരും മൂന്നു സഹോദരന്മാരും ഉണ്ട്. ക്രിസ്തീയ കുടുംബത്തിലാണ് വളർന്നതെങ്കിലും ജീവിതത്തിന്റെ ആദ്യകാലങ്ങളിൽ യേശുക്രിസ്തുവിനെ വ്യക്തിപരമായി അറിഞ്ഞിരുന്നില്ല. ക്രിസ്തുവിനെ കൂടാതെ വ്യർത്ഥമായി ജീവിതം നയിച്ചു.

ഒരു നാൾ അവരുടെ ഗ്രാമത്തിൽ ഒരു സുവിശേഷകൻ നടത്തിയ സുവിശേഷ പ്രസംഗത്തിൽ യേശുക്രിസ്തുവിന്റെ ജീവിതം, കഷ്ടത, ക്രൂശുമരണം ഉയിർത്തെഴുന്നേൽപ്പ് എന്നിവ ശ്രവിക്കുവാൻ ഇടയായി. പരിശുദ്ധാത്മാവ് അവന്റെ ഉള്ളിൽ പ്രവർത്തിച്ചു. അവനു പാപബോധം ഉണ്ടായി. പാപത്തെ ഏറ്റുപറഞ്ഞ് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. യേശു തന്റെ പാപത്തിനു പ്രായശ്ചിത്തമായി തനിക്കു നിത്യ ജീവൻ നൽകിത്തന്നു എന്നു ഇരുപതാമത്തെ വയസ്സിൽ നാഥൻ സന്തോഷത്തോടെ സാക്ഷ്യം പറഞ്ഞു. അന്നു മരിച്ചാൽ കർത്താവിനോടു കൂടെ നിത്യതയിൽ കാണുമെന്നു നാഥൻ ദൃഢ വിശ്വാസത്തോടെ പ്രഖ്യാപിച്ചു.

ആ നിമിഷം മുതൽ ദൈവവചനം പഠിക്കുന്നതിനും പ്രാർത്ഥന ജീവിതം നയിക്കുന്നതിനും സ്വയം സമർപ്പിച്ചു. ദൈവവഴി തിരിച്ചറിയുന്നതിനും ദൈവിക അനുഗ്രഹങ്ങൾ അനുഭവമാക്കുന്നതിനുമുള്ള ഏക മാർഗ്ഗം പ്രാർത്ഥന മാത്രമാണെന്നു അവൻ ഉറച്ചു വിശ്വസിച്ചു. അവനു സ്വാതന്ത്ര്യം നൽകിയ യേശുവിനെ അറിയാത്തവരുടെ ഇടയിൽ സുവിശേഷം പങ്കുവെക്കണമെന്ന അഭിനിവേശം അവന്റെ ഹൃദയത്തിൽ എരിഞ്ഞു. സുവിശേഷം പ്രഘോഷിക്കുക എന്നതാണ് തന്റെ ജീവതത്തിന്റെ ഉദ്ദേശമെന്നു മനസ്സിലാക്കിയ നാഥൻ പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പിച്ചു.

സുവിശേഷ വേലക്കു സജ്ജമാകുന്നതിനായി 1995 –1998 വരെ സോളിഡ് റോക്ക് തിയോളജിക്കൽ സെമിനാരിയിൽ ചേർന്നു B.Th ബിരുദം കരസ്ഥമാക്കി. അതിനെ തുടർന്നു രണ്ടു മാസം ഒടിസയിലും മദ്ധ്യപ്രദേശിലും ഒരു സുവിശേഷകനായി തീഷ്ണതയോടെ സുവിശേഷം പങ്കുവെച്ചു.

ദൈവത്തിന്റെ ആലോചന ചോദിച്ച് 1998 ഏപ്രിൽ 16 ന് നാഥൻ FMPB യിൽ ചേർന്നു. അവൻ 2002 വരെ ആസ്ഥാന

മന്ദിരത്തിലെ സാമ്പത്തിക കര്യാലയത്തിൽ വിശ്വസ്തതയോടെ ദൈവവേല ചെയ്തു. 2001 ഏപ്രിൽ 20 ന് ഒടിസയിൽ നൗറങ്ങ്പുർ ജില്ലയിലെ മോസഗുഡ ഗ്രാമത്തിലുള്ള ശ്രീ. നഫ്താലി ഘോശാലയുടെയും ശ്രീമതി സുലോചന ഘോശാലയുടെയും മകളായ ശ്രീ. നിരുപമയെ വിവാഹം കഴിച്ചു.

2002 –2003 ഈ ദമ്പതികൾ ഉത്തർപ്രദേശിലെ കച്ചുവായിൽ മിഷനറി പരിശീലനം പൂർത്തീകരിച്ചു. തുടർന്നു അവരെ അസമിൽ ആസാമിസി, മിസിങ്, നൈഷി എന്നീ ജനവിഭാഗങ്ങൾ വസിക്കുന്ന ബാലിപാട, ലൊക്കറ, ഗോഫൂർ, ദെമാജി, നാരായൺപൂർ എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നതിനായി നിയോഗിച്ചു. അദ്ദേഹത്തിന്റെ സമർപ്പിതമായ ശുശ്രൂഷ ഏറെ ഫലം നൽകി. അനേകരെ ക്രിസ്തുവിങ്കലേക്കു നയിച്ചു. 2007 ൽ NELC സഭ അദ്ദേഹത്തിനു കശ്ശീശ പട്ടം നൽകി ആദരിച്ചു.

പിന്നീട് അദ്ദേഹം ബൈബിൾ കോളജിൽ പഠിച്ച് (2017–2020) BD ബിരുദം കരസ്ഥമാക്കി തന്റെ ശുശ്രൂഷ കൂടുതൽ ശക്തമാക്കി. ദൈവം അദ്ദേഹത്തിന്റെ കുടുംബത്തിൽ രണ്ടു മക്കളെ നൽകി. മൂത്ത മകൾ ഗ്ലാഡ്സൺ ബബർത്ത (28/1/2002) ചെന്നയിലെ വെൽസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് കോളജിൽ BPT പഠിക്കുന്നു. ഇളയ മകൾ നഹാലിയേൽ നാൻസി ബബർത്ത (25/11/2003) ലുധിയാനയിലെ SKS സറാഫ ഡെന്റൽ കോളജിൽ BDS പഠിക്കുന്നു.

എതിർപ്പുകളുടെയും പ്രയാസങ്ങളുടെയും ഇടയിൽ നാഥൻ വിശ്വസ്തതയോടെ കർത്താവിന്റെ വേല ചെയ്തു അനേകരെ രക്ഷയിലേക്കു നയിച്ചു. മിഷൻ വയലിൽ രണ്ടു സഭകൾ സ്ഥാപിച്ചു. എല്ലാ പരീക്ഷണങ്ങളിലും തന്നെ ശക്തിപ്പെടുത്തിയ കർത്താവിലുള്ള സന്തോഷത്തിന്റെ പ്രതിഫലനമായ പുഞ്ചിരിക്കുന്ന മുഖഭാവത്താലും പ്രസന്നമായ മനോഭാവത്താലും നാഥൻ പ്രസിദ്ധനായിരുന്നു.

2025 ഒക്ടോബർ 29 അതിരാവിലെ നാഥനു കഠിനമായ നെഞ്ചു വേദനയനുഭവപ്പെട്ടു. വേഗത്തിൽ അസമിലെ ഗോഗമുഖ് ആശുപത്രിയിൽ എത്തിച്ചു. സാദ്ധ്യമായ എല്ലാ ചികിത്സയും നൽകിയെങ്കിലും പ്രീയ സഹോദരൻ അന്നു തന്നെ രാവിലെ 2 മണിക്കു നിത്യതയിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ ഭൗതിക ശരീരം 2025 ഒക്ടോബർ 31 രാവിലെ 11 മണിക്ക് ഒടിസയിലെ നൗരങ്ങ്പൂർ ജില്ലയിലുള്ള മോസഗുഡ ഗ്രാമത്തിൽ സംസ്കരിച്ചു.

റവ. നാഥൻ കുമാർ ബബർത്തയുടെ ജീവിതവും ശുശ്രൂഷയും ആസമിലെ ജനങ്ങൾക്കു വേണ്ടി വിതെച്ച വിത്തായി നിലകൊള്ളുന്നു. അദ്ദേഹത്തിന്റെ പ്രതിബദ്ധതയും ത്യാഗവും വരും നാളുകളിൽ സമൃദ്ധിയായ ഫലം നൽകും. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ അദ്ദേഹത്തിന്റെ ഭാര്യയെയും മക്കളെയും ഓർക്കുക. സർവ്വശക്തനായ ദൈവം അവരെ ആശ്വസിപ്പിച്ച് ശക്തീകരിച്ച് പൂർണ്ണ ദൈവഹിതത്തിലേക്കു നയിക്കുമാറാകട്ടെ.

***"തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു".***

– സങ്കീ.116:15

**റവ. ആൽബർട്ട് പ്രഭാകരൻ**
കമ്യൂണിക്കേഷൻ വകുപ്പ് –
പ്രസിദ്ധീകരണ വിഭാഗം

# റിപ്പോർട്ട്

## നവോദയ ക്യാമ്പ് 2025 "ആഴമായി ആരായുക"



രാജാധിരാജാവും കർത്താധി കർത്താവുമായ യേശുക്രിസ്തുവിന്റെ നാമ മഹിമക്കായ് 2025 ലെ നവോദയ ക്യാമ്പ് വിജയകരമായി നടത്തി. കിഴക്കൻ മലനിരകളുടെ താഴ്‌വരയിൽ സ്ഥിതി ചെയ്യുന്ന രാജമുന്തിരിക്കടുത്തുള്ള അദ്ദതീഗലയിലുള്ള മനോഹരമായ ഹോശന്ന ബേസ് ക്യാമ്പസിൽ വെച്ചു ഒക്ടോബർ 2 മുതൽ 4 വരെ ക്യാമ്പ് സംഘടിപ്പിച്ചു. ആന്ധ്രാപ്രദേശിന്റെയും തെലുങ്കാനയുടെയും വിവിധ പ്രദേശങ്ങളിൽ നിന്നു കടന്നു വന്ന 300 യുവജനങ്ങളും 50 വോളണ്ടിയന്മാരും നേതാക്കന്മാരും ഉൾപ്പടെ  350 പേർ ക്യാമ്പിൽ സംബന്ധിച്ചു.

സംഗീതം ആരാധന, പ്രവർത്തി പരിചയം, വചനം, കൂട്ടായ്മ എന്നിവയിൽ യുവജനങ്ങളെ ഉൾപ്പെടുത്തി അടുത്ത തലമുറയെ കർത്താവിന്റെ സാക്ഷികളാകുവാൻ സജ്ജരാക്കുക എന്നതാണ് ക്യാമ്പിന്റെ ലക്ഷ്യം. 18 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. 77 പേർ കർത്താവിന്റെ വേലക്കായി സമർപ്പിച്ചു. 185 പേർ ദിനം തോറും മിഷനറിമാർക്കായി പ്രാർത്ഥിക്കുവാൻ തീരുമാനമെടത്തു. 53 പേർ മിഷനറിമാരായി പോകുവാനും 65 പേർ മിഷനറിമാരെ സ്പോൺസർ ചെയ്യുവാനും പ്രതിജ്ഞയെടുത്തു. 77 പേർ പ്രാർത്ഥക്കൂട്ടത്തിലെ അംഗങ്ങളായി. 30 പേർ മാസം തോറും സാമ്പത്തീക സഹായം നൽകുവാൻ തീരുമാനമെടുത്തു.

ശ്രീ. ജയിംസ് എബനേസർ, ശ്രീമതി യൂനിസ്, ശ്രീ. നഥാനിയേൽ, ശ്രീമതി സാലി എന്നിവർ ദൈവവചന ശുശ്രൂഷ നിർവഹിക്കുകയും വിവിധ ശുശ്രൂഷകൾക്കു നേതൃത്വം നൽകുകയും ചെയ്തു. ശ്രീ. ജോൺ ലോംഗ് വെയും നവോദയ സംഗീത വിഭാഗവും ഹൈദ്രബാദിൽ നിന്നും വിസാഗിൽ നിന്നുമുള്ള സംഘങ്ങളും ആരാധനെക്കു നേതൃത്വം നൽകും ക്യാമ്പിൽ ആത്മീക അന്തരീഷം ഉരുവാക്കുകയും ചെയ്തു. ദൈവത്തിന്റെ അത്ഭുത പ്രവർത്തികൾക്കായി ദൈവത്തിനു സ്തോത്രം.

ഈ ക്യാമ്പ് അനുഗ്രഹരമാക്കുവാൻ പ്രാർത്ഥിക്കുകയും സഹായിക്കുകയും പ്രയത്നിക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

**ശ്രീമതി. സോമനം മധുര ശാന്തി.** മൊബലൈസേഷൻ – വിശാഖപട്ടണം

# ദൈവാലയ സമർപ്പണം



നാഗർകോവിൽ ജില്ലയിലുള്ള കന്യാകുമാരി സ്വദേശിയായ ശ്രീ. നേസമണി മഹാരാഷ്ട്രയിൽ സിത്താര റീജിയനിലുള്ള പ്ലാസ്നെർ മിഷൻ വയലിലെ ലക്തിയ ഗ്രാമത്തിൽ ഒരു ദൈവാലയം പണിയുന്നതിനു സാമ്പത്തിക സഹായം നൽകി. പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ സമർപ്പണ പ്രാർത്ഥന 10/08/2025 ൽ നടത്തി. ശ്രീ. നേശമണിയോടൊപ്പം നാഗർകോവിൽ നിന്ന് 13 പേർ ഈ പ്രതിഷ്ഠ ശുശ്രൂഷയിൽ പങ്കെടുത്തു. മിഷനറി ജപറോസ് വിജയനും സമീപ മിഷൻ വയലിലെ മിഷനറിമാരും പ്രദേശിക സുവിശേഷകരും സന്നിഹിതരായി നേതൃത്വം നൽകി. ദൈവത്തിനു മഹത്വം!

**റവ റ്റീ. ആൽബിൻ,** മൊബലൈസേഷൻ സെക്രട്ടറി, കന്യാകുമാരി റീജിയൻ


# FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI - A/c No. 602701216912** - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb@icici**

**SBI - A/c No. 10402752621** - IFS Code SBIN0000987 - Branch: Ambattur

**Indian Bank - A/c No. 406157474** - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

**QR Code**

**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**




### ജന്മദിനാശംസകൾ

നിഷ മൊങ്ക്വായി ഷോം
ജുൻമോനി മിലി

## ജമ്മു

### റീയാസി

**ഷൈക് സുഭാനി & എമി പാക്യ**

കുറച്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം കൃപ നൽകി. വിവിധ വെല്ലുവിളികളുടെ മദ്ധ്യത്തിൽ കുറച്ചു ആളുകൾ യേശുക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായ ഏറ്റു പറഞ്ഞു രക്ഷിത ഗണത്തിലായി. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു രാജു സുഖം പ്രാപിച്ചു. ദിരമ്പൂർ ഗ്രാമത്തിലെ ചില വ്യക്തികൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. വിഴ്ചയെ തുടർന്നു കൈയുടെ ചലനം നഷ്ടപ്പെട്ട പൈതൽ മനിഷയെ പ്രാർത്ഥനയുടെ ശസ്ത്രക്രീയയുടെയും ഫലമായി ദൈവം സൗഖ്യമാക്കി.

രാജ്പുട്. മാഷ, സാമിയാർ, വാൽമികി, മുസ്ളിം, ഗുജ്ജാർ, പരമനാർ ഭഗത് സമുദായം, ഛത്തീസ്ഘട്ട്, ഉത്തർപ്രദേശിൽ എന്നിവിടങ്ങളിൽ നിന്നും വന്ന കുടിയേറ്റ തൊഴിലാളികൾ എന്നിവരുടെയിടയിൽ ചെയ്യുന്ന സുവിശേഷ പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ സുവിശേഷകൻ സുമേശ് മസിയുടെ ശരീരിക വളർച്ചയിൽ പിന്നോക്കം നിൽക്കുന്ന മകന്റെ ആരോഗ്യകരമായ വളർച്ചക്കായി പ്രാർത്ഥിക്കുക. വിറയൽ രോഗിയായ ഗൗരവ് കുമാർ, മാറിടത്തിൽ കാൻസർ ബാധിച്ച അഞ്ജലി, മാറിടത്തിലെ എല്ലു സംബന്ധമായ രോഗത്താൽ വലയുന്ന രണ്ടു വയസ്സുള്ള മുഹമ്മദ്, ക്രമ രഹിതമായി രക്തം പോകുന്ന കമലേശ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ദാർ : ലുൻജലാൽ സൊങ്താറ്റ് & മേരി നെങ്നെയ്കിം**

എതിർപ്പിന്റെ മദ്ധ്യത്തിൽ ചില ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ സാധിച്ചില്ല. കേദാർ നാഥിന്റെ കുടുംബവുമായി പുതിയ ബന്ധം സ്ഥാപിക്കുവാൻ ഇടയായതിനാൽ ദൈവത്തിനു സ്തോത്രം. ജാഗി ജന വിഭാഗത്തിന്റെ മദ്ധ്യെ ആരാധനക്കൂട്ടം ആരംഭിക്കുവാൻ ദൈവം സഹായം നൽകി.

സുവിശേഷത്തെ ശക്തമായി എതിർക്കുന്ന ദുരോണ, മാത്തി, കോട്, പുങ്കാൽ, അവഗത്തറിയാൽ, ഹരിയാൽ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തീർത്ഥാടനത്തിനു പോകുന്ന അനേകർ നമ്മുടെ മിഷൻ വയൽ സന്ദർശിക്കുന്നു. അവർ ജീവനുള്ള സത്യദൈവത്തെ അറിയേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും ബിമൽ പ്രകാശ് സൗഖ്യം പ്രാപിക്കേണ്ടതിനും മദ്യാസക്തിയിൽ നിന്നു ദേശരാജ് വിടുതൽ പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ത്രോത്തിയിലെ ആരാധന യോഗം തടസ്സമില്ലാതെ നടക്കേണ്ടതിനും നമ്മുടെ എല്ലാ മിഷനറിമാർക്കും സുരക്ഷിതം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ജോൺസൺ രാജദുരൈ
ബുസാറെ ഷൈല ചിന്താമൻ
താങ്ബിയക്മുവാൻ
അനാമിക പെഗു

## ഹമാചാൽ

### റാമ്പൂർ

**ദൗജപായോ ഗുയ്തെ & ഫ്ളോറൻസ്**

നീണ്ടു നിന്ന പനിയിൽ നിന്നും പ്രാർത്ഥനയാൽ ശിവറാമിനെ ദൈവം സൗഖ്യമാക്കി. കഴിഞ്ഞ രണ്ടു മാസമായി പുറം വേദനയാൽ കഷ്ടപ്പെട്ട ബൈദേവിക്കു ദൈവീക സ്പർശനത്താൽ സമ്പൂർണ്ണ സൗഖ്യം ലഭിച്ചു. ആഹാർ റീജയിനിൽ ഫലപ്രദമായി രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു. നമ്മുടെ മിഷനറിയുടെ മകൻ ജോയലിന്റെ നേത്ര ശസ്ത്രക്രീയ വിജയകരമായിരുന്നു. ഒരുവ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗമായി.

പുൽമായിയും മകളും യേശുവിന്റെ സ്നേഹം അനുഭവിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ഷേർസിങ്, മകൻ അജയ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും അമൃത വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകന്റെ കുടുംബം സൗഖ്യം പ്രാപിക്കേണ്ടതിനും ആരോഗ്യത്തിൽ പുതുക്കം പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സെത്തറിയുടെ കുടലിൽ നടത്തുന്ന ശസ്ത്രക്രീയ വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും കലയുടെ ഭർത്താവ് പൂർണ്ണ വിടുതൽ പ്രാപിച്ച് ക്രിസ്തുവിലുള്ള വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

**ജീയോറി : ജാംഖോങ്കാം ഹയോകിപ് & ഐറിൻ ലിത്തെൻമൗങ്**

കാശിയുടെ വിവാഹം അനുഗ്രഹകരമായി നടത്തി. ഇവിടെ നടത്തിയ യുവജന സമ്മേളനത്തിൽ ഏഴു യൗവ്വനക്കാർ പങ്കെടുത്തു ദൈവീക അനുഗ്രഹം പ്രാപിച്ചു. നാലു വർഷത്തെ കോടതി വ്യവഹാരത്തിൽ നമ്മുടെ സ്വദേശ സുവിശേഷകൻ ഹീരാലാവിനു അനുകൂലമായി വിധിയുണ്ടായി. കൊയ്ത്തു കാലത്തു നമ്മുടെ മിഷനറിമാർക്കു സുരക്ഷിതത്വം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക,

പിന്മാറ്റക്കാരനായ ബസു അനുതപിച്ച് പൂർണ്ണമായി ക്രിസ്തുവിങ്കലേക്കു തിരികെ വന്നു വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. സീവ് ദേവ് തന്റെ കുടുംബവുമായി രമ്യപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. പ്രായാധിക്യത്താൽ കഷ്ടപ്പെടുന്ന ഉമ, ഗ്യാൻ ദേവി, ശ്യാം, ദിൽബു ദേവി, സുക്രി ദേവി, ഹരിദാസ് എന്നിവരുടെ സൗഖ്യത്തിനായും ദൈവം അവർക്കു നല്ല ആരോഗ്യം നൽകേണ്ടതിനുമായി പ്രാർത്ഥിക്കുക. പിന്മാറിപോയ അമർസിങും കുടുംബവും വിശ്വാസത്തിലേക്കു തിരികെ വന്നു ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഉപവാസ
പ്രാർത്ഥന ദിനം




### ജന്മദിനാശംസകൾ

ബ്യൂല ബ്രൈറ്റ്

## പഞ്ചാബ്

### ബാഗപുരാണ : ശിവ ശങ്കരൻ & മേഴ്സി എലിസബേത്ത്

ഇവിടെ സംഘടിപ്പിച്ച രണ്ടു ദിവസത്തെ തിരുവചന മത്സരത്തിൽ ധാരാളം വിശ്വാസികൾ ആനന്ദത്തോടെ പങ്കെടുത്തു. ആദ്യമായി നടത്തിയ സത്സാംഗ് പ്രോഗ്രാമിനു നല്ല പ്രതികരണം ലഭിച്ചു. ഹർവിന്ദറിന്റെ കുടുംബത്തിൽ തലമുറകളെ നൽകി ദൈവം അനുഗ്രഹിച്ചു. നമ്മുടെ വിശ്വാസി റികേഷിന്റെ മകൾക്കു അനുഗ്രഹകരമായ വിവാഹ ജീവിതം നൽകി. ദൈവാലയത്തിൽ വെച്ചാണ് വിവാഹം നടത്തിയത്. പനി, രക്തത്തിന്റെ അളവ് കുറയുക എന്നീ രോഗങ്ങളിൽ നിന്നും അനുപ് ബജക്കർ പ്രാർത്ഥനയാൽ പൂർണ്ണ സൗഖ്യം പ്രാപിച്ചു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നവർ എല്ലാ എതിർപ്പിനെയും അതിജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പ്രാദേശിക സുവിശേഷകരായും സന്നദ്ധ സുവിശേഷകരായും പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള യുവതി യുവാക്കളെ ദൈവം എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ നിന്നും പിന്മാറി പോയവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസിയുടെ മകൾ ഹീനക്കു സ്ഥിരമായ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ക്യാമ്പുകളിലും പരിശീലന പ്രോഗ്രാമുകളിലും പങ്കെടുക്കുന്നവർ ആത്മീക അനുഗ്രഹം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അഹമ്മദ്ഘട് മാന്ദി

### കൃപ രക്ഷണ & ഷെക്കീന

ലളിത്പൂർ, ഉമർപുര, നഥുമജ്‌രെ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. സുക്ക, മൻപ്രീത്, റീന, ചോട്ടലാൽ എന്നിവർക്കു ഡങ്കു പനിയിൽ നിന്നു സമ്പൂർണ്ണ സൗഖ്യം ലഭിച്ചു. ജോത്തിന്റെ നേത്ര ശസ്ത്രക്രിയ വിജയകരമായിരുന്നു. മുള്ളൻ പന്നിയുടെ കടിയേറ്റ ഗുരുമീത്ത് സിങിനെ ദൈവം അത്ഭുതകരമായി രക്ഷിക്കുകയും ഗുരുതരമായ പരുക്കേൽക്കാതെ വിടുവിക്കുകയും ചെയ്തു.

ഡെങ്കു പനി, വൈറസ് പനി, രക്തകുറവ് എന്നീ രോഗങ്ങളിൽ നിന്ന് ദൈവം വിശ്വാസികളെ സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാൻപ്രീതിന്റെ രണ്ടു വയസ്സുള്ള മകൻ രാജ്‌വീറിനെ മസ്തിഷ്ക പരുക്കുകളിൽ നിന്നു വിടുവിച്ചു. വിശ്വാസികൾ അത്മാവിലും സ്നേഹത്തിലും ഐക്യപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന എല്ലാ ശുശ്രൂഷകളും വിഘ്നമില്ലാതെ അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. മൗലത്ത് ദൈവാലയം വേഗത്തിൽ തുറക്കേണ്ടതിനും വിശ്വാസികൾ ഒരുമിച്ചു ദൈവത്തെ ആരാധിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബേബി സെലീന അരുൾരാജ്

### അമൃത്സർ

**ചിത്തരഞ്ജൻ താണ്ടി & തേജസ്വിത ബബോർത്ത**

യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർക്കായി ദൈവത്തിനു സ്തോത്രം. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു ഗ്രാമങ്ങളിൽ സത്സാംഗ് പ്രോഗ്രാം നടത്തി. കഠിനമായ ഉദര വേദനയിൽ നിന്നും കുഷി കൗർ പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. നമ്മുടെ വിശ്വാസിയായ മണിക്കു ദൈവകൃപയാൽ വിമാനത്താവളത്തിൽ ജോലി ലഭിച്ചു. നേഹ കൗറിനു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു.

പുര മുകളിൽ നിന്നും താഴെ വീണു തിരുനെറ്റിക്കു പൊട്ടലുണ്ടായ രഹമത് കൗറിനു സമ്പൂർണ്ണ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസിയായ സംസേർസിങ് വിഷാദ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും ഗുരുമിത് സിങ്, രോഷൻ സിങ്, മൻപ്രീത് സിങ്, സൻജു, മൻജിത്, മാൻസിങ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന രാജ്കുമാർ, പൽവൻ, സന്നി, ദൽവീർ സിങ് എന്നിവർ യേശുവിന്റെ സ്നേഹം അനുഭവിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകരായി പ്രവർത്തിക്കുവാൻ സമർപ്പണമുള്ള ദമ്പതികളെ ദൈവം എഴുന്നേല്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യുവജനങ്ങൾ സാക്ഷ്യമുള്ള ജിവിതം നയിക്കേണതിനായി പ്രാർത്ഥിക്കുക.

### ബുധലാഡ

**പ്രതാപ് രഹാങ് & രശ്മി പ്രവ**

ബുധ്‌ലാഡ ദൈവാലയത്തിന്റെ ഇരുപത്തിയഞ്ചാം വാർഷീകം വളരെ സന്തോഷത്തോടെ സഭ ആഘോഷിച്ചു. ബപിയാൻ, കത്രിവാല എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബിന്ദേർ കൗറിന്റെ കുടുംബ പ്രശ്നങ്ങൾ പ്രാർത്ഥന പൂർവ്വം നൽകിയ ആലോചനയാൽ പരിഹരിക്കപ്പെട്ടു. പിന്മാറ്റത്തിലായ പാൽ കൗർ അനുതപിച്ച് വിശ്വാസത്തിലേക്കു തിരികെ വന്ന് ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. കുൽദീപ് സിങിന്റെ പ്രാർത്ഥന കേട്ട് അവനു ഉപജീവന മാർഗ്ഗമായി നല്ലൊരു ജോലി ലഭിച്ചു.

നിക്കു സിങ്, വിക്കി സിങ്, സീതൾ, കാജോൾ എന്നീ കുടുംബങ്ങളിൽ തലമുറയെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുന്ന സത്സാംഗ്, സ്ത്രീകളുടെ യോഗം, യുവജനങ്ങളുടെ യോഗം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകരായ റാംസിങ്, സുദേഷ് റാണി, ജസ്പാൽ സിങ് എന്നിവർ ആത്മാഭിഷേകത്തോടെ ദൈവരാജ്യത്തിന്റെ വളർച്ചക്കും അഭിവവൃദ്ധിക്കുമായി പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




### ബർണാല

**ബിധാൻ ഹൻസ്ദ &
പൻസുരി മൊഹ്‌ലിൻ**

ജസ്പ്രീത് കൗർ, മഹിന്ദർ, സന്ദീപിന്റെ കുടുംബാംഗങ്ങൾ എന്നിവരെ കഠിന ജ്വരത്തിൽ നിന്നും വൈറൽ പനിയിൽ നിന്നും ദൈവം സൗഖ്യമാക്കി. പലവിധ കഷ്ടപ്പാടുകളുടെ മദ്ധ്യ ജഷ്ബീർ കൗർ വീടു പണി പൂർത്തീകരിച്ചു. പുതുതായി ചേർന്ന സന്നദ്ധ സുവിശേഷകൻ ശുശ്രൂഷയിൽ സഹായിക്കുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും ബിന്ദേർ സിങ് വിടുതൽ പ്രാപിച്ചു.

യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ താൽപര്യപ്പെടുന്നവർ യേശുവിലുള്ള വിശ്വാസം ധൈര്യപൂർവ്വം ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. മയക്കു മരുന്നിന്റെ ബന്ധനത്തിൽ നിന്നും സത്‌വീർ സിങ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ ആഗ്രഹിക്കുന്ന സത്സാംഗ്, പരിശീലന ക്യാമ്പുകൾ, രാത്രി യോഗങ്ങൾ, സുവിശേഷീകരണ പ്രവർത്തനം എന്നിവ തടസ്സമില്ലാതെ അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ശക്തമായ മഴയിൽ താലിദേവിയുടെ വീട് തകർന്നു പോയി. വീട് പുനർ നിർമ്മിക്കുവാൻ അവൾക്കു സഹായം ലഭിക്കേണതിനായി പ്രാർത്ഥിക്കുക. താനോ ദേവി, ജശ്വത് കൗർ എന്നിവരുടെ വേർപാടിൻ ദുഃഖിതരായിരിക്കുന്നവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ചെറു പ്രാർത്ഥന സംഘങ്ങളും വേദപഠന ക്കൂട്ടങ്ങളും ക്രമമായി കൂടിവരേണ്ടതിനും സുവിശേഷീകരണ പ്രവർത്തനത്തിനു ഊന്നൽ നൽകേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ബടാല

**ജിത്തേന്ദ്ര ദിഗാൾ &
ഉർബസി ദിഗാൾ**

സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം, സ്ത്രീകളുടെ പരിശീലനം സെക്വാൻ സഭയിലെ കൺവൻഷൻ എന്നിവ വിജയകരമായി സംഘടിപ്പിച്ചു. കൊയ്യുന്ന വേളയിൽ കൈയ്യിൽ മുറിവേറ്റ വിശ്വാസിയെ ദൈവം സംരക്ഷിച്ചു. ദഹത്തായുടെ മഴയിൽ തകർന്നു പോയ വീട് പുനർനിർമ്മിക്കുന്നതിനു ആവശ്യമായ സഹായം ലഭിച്ചു. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന പീറ്ററിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

പുതിയ ബന്ധങ്ങളായ സുമൻ, പ്രേമിക, രാജി സിങ് എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പരുക്കു പറ്റിയ പരംജിത്, രാമൻ, രേഖ, മൊഹിത് എന്നിവർ പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയിൽ നിന്നു നേഹ, മൈഗ്രെയിൻ തലവേദനയിൽ നിന്നും പരംജിത്ത്, നമ്മുടെ മിഷനറിയുടെ ശരീരം മുഴവൻ പുകച്ചിൽ അനുഭവപ്പെടുന്ന ശയ്യാവലംബയായ മാതാവ് എന്നിവരുടെ സമ്പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## ഉത്തർഖാണ്ഡ്

### നനക്മാട്ട

**രാമസ്വാമി വി & അന്തോണി രാജം**

ബട്ടിയ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും അൻസു വിടുതൽ പ്രാപിച്ചു. പശു കുത്തി കാലിൽ ആഴത്തിൽ മുറിവുണ്ടായ തു നിമിത്തം കഷ്ടപ്പെട്ട സുന്ദർ നഗറിലെ ജിത്ത് സിങ്ങിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. തീപ്പൊള്ള ലേറ്റ പത്താം ക്ലാസ്സിൽ പഠിക്കുന്ന രോഹിത്ത് വേഗത്തിൽ പൂർണ്ണ വിടുതൽ പ്രാപിച്ചു. രണ്ടു വർഷത്തി ലധികമായി ശയ്യാവലംബയായിരുന്ന ഫ്ളോറൻസിനെ കർത്താവ് സൗഖ്യ മാക്കി.

നനക്മാട്ട സഭയിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യ മായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദിയോറി, ഹരിയ എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗം എതിർപ്പുകളില്ലാതെ പുന രാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൈകാലുകളിൽ പൊട്ടലുണ്ടായ ഭജൻ കൗർ, വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ അമർജിത് കൗർ എന്നിവരുടെ സൗഖ്യത്തി നായ് പ്രാർത്ഥിക്കുക. അക്കു, സിമിലോ കൗർ എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കമ്പ്യൂട്ടർ പഠനം പൂർ ത്തീകരിച്ച അമിത്തിനു നല്ലൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹരിയാന

### ജീവൻ നഗർ

**ഏലിയാക്കിം ജന & ദീപിക**

ഈയടുത്ത നാളിൽ ഉണ്ടായ അപകടത്തിൽ നമ്മുടെ മിഷന റിയെ ദൈവം കൃപയാൽ സുരക്ഷിതമായി പരിപാലിച്ചു. നമ്മുടെ മിഷനറിമാ രുടെയും വിശ്വാസികളുടെയും പ്രാർത്ഥന യുടെ ഫലമായി വിശ്വാസത്തിൽ നിന്നും പിന്മാറി നാശത്തിലേക്കു പോയ ഐക്ക ഗ്രാമത്തിലെ മദനഗോപാൽ കുടുംബം, ലാമ്പി ഗ്രാമത്തിലെ ഗുരുജിത് കൗർ എന്നിവരെ ദൈവം വിശ്വാസത്തിലേക്കു തിരികെ കൊണ്ടുവന്നു. അവർ ഇപ്പോൾ ആരാധന യോഗത്തിൽ പതിവായി സംബന്ധിക്കുന്നു. നമ്മുടെ മിഷനറി ദീ പിക ദൈവകൃപയാൽ സാവധാനത്തിൽ ആരോഗ്യം വീണ്ടെടുക്കുന്നു.

നമ്മുടെ വിശ്വാസികളിൽ ഒരാളുടെ മകൾ മഞ്ജു ഭർത്താ വിൽ നിന്നും മക്കളിൽ നിന്നും വേർപിരി ഞ്ഞു ജീവിക്കുന്നു. അവരുടെ കുടുംബത്തിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കുക. അധരത്തിൽ കാൻസർ ബാധിച്ച ജാഷയുടെ സൗഖ്യത്തി നായി പ്രാർത്ഥിക്കുക. ഈ റീജിയനിൽ പ്രാദേശിക സുവിശേഷകരായി പ്ര വർത്തിക്കുവാൻ സമർപ്പണമുള്ളവരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസത്തിനെതിരെയുള്ള എതിർപ്പ് ഇല്ലാതാകേണ്ടതിനായി പ്രാർ ത്ഥിക്കുക. നമ്മുടെ മിഷനറിമാർക്കും വിശ്വാസികൾക്കും സുവിശേഷ വിരോധികളിൽ നിന്നും തുടർമാനമായ സംരക്ഷണം ലഭിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക.




## ജന്മദിനാശംസകൾ

ബീനാക്ഷി ബി വസാവ
ബിദാൻ ഹൻസ്ത

**തോഷാം : അജയ് ബർദെ & ഷായ്തുൾ ഗെഹ്ലോട്**

യുവജന ക്യാമ്പിൽ പങ്കെടുത്തവർ ആത്മീക പുതുക്കം പ്രാപിച്ചു. വിശ്വാസിയായ അജയ്ക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിച്ചു. ലക്ഷ്മിക്കു പ്രാർത്ഥനയാൽ നല്ലൊരു ജോലി ലഭിച്ചു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും കാന്ധക്കും ഉദര വേദനയിൽ നിന്നും ഇഷികയും സൗഖ്യം പ്രാപിച്ചു.

യുവജന ക്യാമ്പിലും സ്ത്രീകളുടെ ക്യാമ്പിലും പങ്കെടുത്തവരുടെ ജീവിതങ്ങളിൽ ശരിയായ രൂപാന്തരീകരണം നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. തെറ്റദ്ധാരണ മൂലം വേർപിരിഞ്ഞു ജീവിച്ച സന്നി, മോനിക്ക എന്നിവർ പരസ്പരം നിരപ്പു പ്രാപിച്ച് സമാധാനപൂർവ്വമായ ജീവിതം നയിക്കേണതിനായി പ്രാർത്ഥിക്കുക. മുകേഷ്, പ്രവീൺ, ലക്ഷ്മണൻ, പൂനം, കാന്ധ, വിജയ്, ലക്ഷ്മി, എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. സന്നിയുടെ അമ്മയെ പക്ഷാഘാതത്തിൽ നിന്നും പുല്ലയെ കഠിനമായ തലവേദനയിൽ നിന്നും ദൈവം വിടുവിച്ചു. നിക്കാന, റിവാസ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

### ഉദൈപൂർ

**ആശീഷ് കുമാർ & സവിത ദേവി**

രണ്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള അവസരം ലഭിച്ചു. നമ്മുടെ വിശ്വാസിയുടെ കാർഷിക വകുപ്പിൽ ജോലി ചെയ്യുന്ന മകനു ജോലിയിൽ സ്ഥാനകയറ്റം ലഭിച്ചു. നമ്മുടെ പ്രാദേശിക സുവിശേഷകരായ സുശീൽ കസോദ, ശ്യാം ലാൽ ഭജത് എന്നീ കുടുംബങ്ങളിൽ തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗിയായ സുശീൽ ഗോധ്ര, വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ നിരാദ, മലേറിയ പ്രമേഹം എന്നിവ ബാധിച്ച പ്രകാശ് റായ്, ആനന്ദി ലാൽ എന്നിവരെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. കദ്ക്കിയ ബാല സഭയിൽ പുതിയ രണ്ടു കുടുംബം ചേർന്നു.

വർദ്ധിച്ചു വരുന്ന പീഡനത്തിൽ ഭീൽ ജനവിഭാഗം വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജസ്ഥാനിൽ ഉടനെ നടത്തുന്ന സർപഞ്ച് ഇലക്ഷനിൽ ദൈവമക്കൾ തിരഞ്ഞെടുക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. തടസ്സങ്ങളില്ലാതെ ദൈവാലയ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഡെങ്കി, മലേറിയ എന്നീ രോഗങ്ങളാൽ കഷ്ടപ്പെടുന്നവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗർഭസ്ഥ ശിശുക്കൾ നഷ്ടപ്പെട്ട ലീല, നീല, സോണിയ എന്നിവരുടെ ആശ്വാസത്തിനായും ദൈവം അവരെ ശക്തീകരിക്കേണ്ടതിനും ദൈവം അവർക്കു വേഗത്തിൽ തലമുറകളെ നൽകേണ്ടതിനുമായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

ഡോൺസാച്ചിൻ
റീന ആരോൺസിങ് നർസാരി

**കെർവാദ**

**കെനോഷ് സ്റ്റാൻലി ഇമ്പരാജ് & ഗാൽപുടി ചാന്ദിനി**

ലക്ഷ്മൺ ഭായ് പ്രാർത്ഥനയാൽ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ചു. ഉറക്കമില്ലാതെ വലഞ്ഞ കുഞ്ഞ് യാമിൻ ജിത്തു, രക്താർബുധത്തിൽ നിന്നു സംഗീത ബൻ, അപസ്മാര രോഗിയായ ആശ ബൻ, മലേറിയ രോഗിയായ ദിൽക്കുഷ് ഭായ്, ചർമ്മ അണുബാധയിൽ നിന്ന് ബന്നലാൽ, കഠിനമായ ചൊറിച്ചിലിൽ നിന്നു കമലബൻ എന്നിവരെ കർത്താവ് വിടുവിച്ചു.

നമ്മുടെ വിശ്വാസിയ നിഷ ബന്നിന്റെ ഒരു വയസ്സുള്ള പൈതൽ കാലിൽ ഉണ്ടായ നീർവീക്കത്താൽ കഷ്ടപ്പെടുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്ന കലു ഭായ്, ദുർഗ്ഗ ബൻ, നാരായൺ ഭായ് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിളർച്ച രോഗത്തിൽ നിന്നു റീന ബന്നും മുന്നു മാസമായി മാറാതെ നിൽക്കുന്ന പനിയിൽ നിന്നു പായലും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാലു മാസം ഗർഭിണിയായ ഇന്ദിര ബന്നിന്റെ അടിവയറ്റിൽ കഠിന വേദനയനുഭവപ്പെടുന്നു, അവളുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. ഗാന്ധി, രമേശ്, അശോക്, ഹക്ക, ശാന്തിലാൽ എന്നിവർ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. രാകേഷ്, തരുൺ, നിലേശ്, ജിത്തേന്ദ്ര, ഗുഗ, ദുർഗ ബൻ, രാമില ബൻ, ലീല ബൻ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**തിദി : ദെബാഷിസ് ഹെമ്പ്രം & ഷെഫാലി ഹൻസ്ദ**

പൈശാചിക ബന്ധനത്തിൽ നിന്നും ബിന്ദു ബന്നും ശങ്കറും വിടുതൽ പ്രാപിച്ചു. കഠിനമായ തലവേദനയിൽ നിന്നും പ്രീയങ്ക, ശയ്യാവലംബയായ രാമില ബൻ, ചർമ്മത്തിലുണ്ടായ അണുബാധയിൽ നിന്നും നരേശ്, മമത, മുട്ടു വേദനയിൽ നിന്നു സാമു ബൻ, ടൈഫൊയിഡിൽ നിന്നു കുഷി ബൻ എന്നിവരെ കർത്താവ് സൗഖ്യമാക്കി. പ്രാർത്ഥനയുടെ മറുപടിയായി റീന ബന്നിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

ഉദരത്തിൽ ട്യൂമർ ബാധിച്ച തുളജി, അധരത്തിൽ അൾസർ ബാധിച്ച ഷാമു, മലേറിയ രോഗിയായ തൗറി ബൻ, ചർമ്മത്തിൽ അണുബാധയുണായ ആശ, മഹിമ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മമത ബൻ, സമുദ്ര ബൻ എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. കർപിന, കാകിതാർ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കി. ആശ വിജയകരമായി നേഴ്സിംഗ് പഠനം പൂർത്തീകരിച്ചു. കോകിയ, പതിയ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു പഞ്ചായത്ത് അധികൃതരിൽ നിന്നും അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അമടപാട, പാറ, സ്നാട്ട, ഗയ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ഉത്തർ പ്രദേശ്

**ഹസൈറൻ: സുരേഷ് മാൾട്ടോ & പ്രേമലത മാൾട്ടോ**

നമ്മുടെ മിഷനറി സുരേഷ് മാൾട്ടോയുടെ ഹൃദയ ശസ്ത്രക്രിയ വിജയകരമായിരുന്നു. ചികിത്സ കഴിഞ്ഞ് അവൻ മിഷൻ വയലിലേക്കു തിരികെ വന്നു. സഭാമുപ്പന്മാർ ദൈവവചനത്തിൽ ശക്തിപ്പെട്ടു വിശ്വാസത്തിൽ നിൽക്കുന്നു. ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനു മകുത് സിങ്ങിനെ പ്രാദേശിക സുവിശേഷകനായി നിയോഗിച്ചു.

ദക്കരവാപുർ ദൈവാലയം വീണ്ടും തുറന്നു പതിവായി ആരാധന യോഗം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഹസൈറാൻ, മോതെക്പുർവ എന്നീ സഭകളിൽ വലിയൊരു കൂട്ടം ജനം ആരാധനയിൽ സംബന്ധിക്കുന്നു. സുരേഷ് മാൾട്ടോയുടെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുക.

**ഗോണ്ട ബാല ഭവനം**

**ഓം പ്രകാശ് ഗുപ്ത & തുമ്പ ചൗദരി**

നട്, മോറിയ സമുദായങ്ങളിലെ വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിച്ച് അനേകരെ രക്ഷയിലേക്കു നയിച്ചു. അവർ ആരാധന യോഗത്തിൽ പതിവായി സംബന്ധിക്കുന്നു. നമ്മുടെ ബാലഭവനത്തിലെ കുട്ടികളെയും പ്രവർത്തകരെയും അപകടങ്ങളിൽ നിന്നും തിന്മയിൽ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജീസസ് ഫിലിം പ്രദർശനം ഭംഗിയായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. വേദപഠനക്കൂട്ടവും ചെറു പ്രാർത്ഥന സംഘവും തടസ്സങ്ങളില്ലാതെ പുരോഗമിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ബാലഭവനത്തിലെ കുട്ടികൾ പഠനത്തിലും ആത്മീകമായും വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഗ്രാമ സുവിശേഷീകരണത്തിൽ ഏർപ്പെട്ടിരിക്കുന്ന സംഘത്തിന്റെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക വിശ്വാസികൾ ബന്ധുക്കളോടും അയൽക്കാരോടും തീഷ്ണതയോടെ സുവിശേഷം പങ്കിടേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറി ഓം പ്രകാശിന്റെ മാതാപിതാക്കൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ബർത്തന**

**രാജൻ എസ് & ജപ മലർ എസ്**

പൈശാചിക ബന്ധനത്തിൽ നിന്നും പിങ്കി, സുഗിയ എന്നിവർ വിടുതൽ പ്രാപിച്ചു. നമ്മുടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്ന ശ്രിബാലിയുടെ മകൾ സപ്നം ദുരാത്മാവിന്റെ ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. മദ്യാസക്തിയിൽ നിന്നും ജോനി വിടുതൽ പ്രാപിച്ചു. സഭാമൂപ്പന്മാർക്കായി നടത്തിയ രണ്ടു ദിവസത്തെ ക്യാമ്പിൽ 60 സഭാമൂപ്പന്മാർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

മേഗാന, ബൈസോളി എന്നീ സഭകൾ വീണ്ടും തുറക്കേണ്ടതിനും അവിടെ ആരാധന യോഗം പഴയതു പോലെ നടത്തേണ്ടതിനുമായി പ്രാർത്ഥിക്കുക. മോഹിനിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. സുവിശേഷകനായ ശ്യാം സുന്ദറിന്റെ കോടതി കേസിൽ അനുകൂല വിധി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഉപവാസ
പ്രാർത്ഥന ദിനം




**ജിൻജക്**

**പുംസോൻചിൻ & ലുൻചിങ് എൻ**

ചില വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പോള നഗർ സഭയിൽ വെച്ചു നടത്തിയ സണ്ടേസ്കൂൾ അദ്ധ്യാപകരുടെ പരിശീലനവും പ്രാദേശിക സുവിശേഷകരുടെ പരിശീലനവും വിജയകരമായി പൂർത്തീകരിച്ചു. എട്ടാവ ഗ്രാമത്തിൽ ആരാധന യോഗം ആരംഭിച്ചു.

ദൈവാലയത്തിന്റെ മുകളിൽ സ്ഥാപിച്ച കുരിശ് തകർത്തു വിശ്വാസികളെ ഭീഷണിപ്പെടുത്തുകയും ചെയ്ത സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അപകടത്തിൽ കാലിലും തുടയിലും പരുക്കു പറ്റിയ കുട്ടിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ടൈഫോയ്ഡ്, ഇതര പകർച്ച വ്യാധികൾ എന്നിവയിൽ നിന്നു വിശ്വാസികൾ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എട്ടാവയിൽ ആരാധനക്കൂട്ടം സ്ഥാപിക്കേണ്ടതിനും അതു വളരേണ്ടതിനുമായി പ്രാർത്ഥിക്കുക.

**റാണിയ**

**അനിൽ കുമാർ & കവിത**

ഝാൻസിയിൽ നടത്തിയ യുവജനക്യാമ്പ് വലിയ ഉണർവ്വിനു കാരണമായി. ബാരജോറെ ഗ്രാമത്തിൽ പതിനഞ്ചാം വാർഷികം അർത്ഥവത്തായ രീതിയിൽ ഭംഗിയായി സംഘടിപ്പിച്ചു. ദൈവം തന്റെ മഹാകരുണയാൽ ലാലിക്കു പത്തു വർഷത്തെ കുടുംബജീവിതത്തിനു ശേഷം ഒരു പൈതലിനെ നൽകിയനുഗ്രഹിച്ചു.

സുമിത്ര, സുനിത, റീന എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും മീന വിടുതൽ പ്രാപിച്ചു. ഹർണാമിന്റെ കുടുംബം വചനത്തിൽ വേരൂന്നി വിശ്വാസത്തിൽ ബലപ്പെടുന്നു. അക്ബർ ഗ്രാമത്തിൽ പുതുതായി രൂപികരിച്ച സുവിശേഷ വിരോധികളുടെ സംഘത്തിൽ നിന്നു നമ്മുടെ മിഷനറിമാരെയും സംഘത്തെയും കർത്താവ് കാത്തു സൂക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രോഗം നിമിത്തം വിശ്വാസത്തിൽ നിന്നു പിന്മാറിപ്പോയ ഉർമ്മിള വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനും വിശ്വാസ ജീവിത്തിൽ പുതുക്കം പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**ദൈവത്താൽ സകലതും സാദ്ധ്യം!**

പഞ്ചാബിൽ ബട്ടാല മിഷൻ വയലിലെ ജോഹാൻ നാഗൽ ഗ്രാമത്തിലെ 35 വയസ്സുള്ള പരൺസിത് മൂന്നു മക്കളുടെ അമ്മയാണ്. അവൾ ഗുരുതരമായ ഒരു അപകടത്തിൽ പെട്ടു. തല പൊട്ടി പിളർന്നു. ആശുപത്രിയിൽ അവളെ പരിശോധിച്ച ഡോക്ടർ അവളെ രക്ഷിക്കുവാൻ കഴികയില്ല എന്നു പറഞ്ഞു. വിശ്വാസികൾ കണ്ണു നീരോടെ അവൾക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം ഇടപെട്ടു. ഡോക്ടറന്മാർ ശസ്ത്രക്രീയ ചെയ്യുവാൻ തയ്യാറായി. സഭയുടെ കണ്ണുനീരോടു കൂടിയ പ്രാർത്ഥനയാൽ ഓപ്പറേഷൻ വിജയകരമായിരുന്നു. പരൺസിങ് പൂർണ്ണ സൗഖ്യത്തോടെ ഭവനത്തിൽ മടങ്ങിവന്നു. ഹല്ലെലുയ്യ!




## ബസ്തി

**ശ്രീനിവാസൻ ജെ & ഷീബ ജി ചന്ദ്ര**

ശ്വാസം കിട്ടാതെ ബുദ്ധിമുട്ടിയ സുനിതയെ ഡോക്ടറന്മാർ പ്രതീക്ഷ കൈവിട്ടപ്പോൾ വശ്വാസികൾ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചു.ദൈവം അവൾക്കു അത്ഭുത സൗഖ്യം നൽകി. എതിർപ്പുകളുടെ മദ്ധ്യേ അനുധാവന പ്രവർത്തനം തടസ്സമില്ലാതെ നടന്നു. മൂന്നു പെൺകുട്ടികൾക്കു ശേഷം പ്രാർത്ഥനയുടെ ഫലമായി സംഗീതക്കു ഒരു ആൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു.

രേഖയുടെ വേപാടിൽ ദുഃഖത്തിലായിരിക്കുന്ന ഭർത്താവിന്റെയും രണ്ടു മക്കളുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. കരൾ സംബന്ധമായ രോഗത്താലും രക്തത്തിലെ അണുബാധയാലും കഷ്ടപ്പെടുന്ന റാംരാജ്, സീമ എന്നിവരുടെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക. ഭവനപ്രാർത്ഥനകൾ തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സഭാമൂപ്പന്മാരുടെയും യുവനജനങ്ങളുടെയും പരിശീലന പ്രോഗ്രാമുകളുടെ വിജയത്തിനായി പ്രാർത്ഥിക്കുക.

## പൊക്കറായൻ

**സാന്ത കുമാർ & ജിൻസി**

മജ്ജ ഗ്രാമത്തിൽ സംഘടിപ്പിച്ച വിശ്വാസികളുടെ യോഗത്തിൽ ധാരാളം പേർ പങ്കെടുത്തു ആത്മീക അനുഗ്രഹം പ്രാപിച്ചു. നമ്മുടെ വിശ്വാസിയുടെ മകൻ രജ്ജിത്തിന്റെ വിവാഹം അനുഗ്രഹകരമായ രീതിയിൽ നടത്തപ്പെട്ടു. നട് പഞ്ചായത്ത് പ്രസിഡണ്ടിന്റെ ഭവനത്തിൽ സംഘടിപ്പിച്ച സത്സാംഗ് യോഗത്തിൽ ധാരാളം പേർ പങ്കെടുത്തു സുവിശേഷം ശ്രവിച്ചു. പ്രയാഗ്‌രാജിൽ ഒരു പുതിയ ആരാധനക്കൂട്ടം രൂപീകരിക്കുവാൻ ദൈവം സഹായിച്ചു. വിനിതയുടെ വിവാഹം ക്രിസ്തീയ രീതിയിൽ നടത്തി. യുവജന ക്യാമ്പിൽ പങ്കെടുത്ത യുവതി ഡോളി രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറഞ്ഞതിനാൽ ശ്വാസം നിന്നു പോയി. സമീപത്തുള്ള ആശുപത്രി അവളെ ചികിത്സിച്ചില്ല. അകലെയുള്ള മിഷൻ ആശുപത്രിയിലേക്കു അവളെ കൊണ്ടു പോയി. ആവശ്യമായ ചികിത്സ നൽകി ദൈവം അവളെ സൗഖ്യമാക്കി.

പൊക്കറായൻ ശിശു പരിപാലന കേന്ദ്രത്തിന്റെ അറ്റകുറ്റ പണി വേഗത്തിൽ പൂർത്തീകരിക്കേണതിനായി പ്രാർത്ഥിക്കുക. സഭയുടെ പ്രമാണം നമ്മുടെ സംഘടനയിലേക്കു കൈമാറ്റം ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. മാൻസ സഭയുടെ ചുറ്റുമതിലിന്റെ പണി വേഗത്തിൽ പൂർത്തീകരിക്കേണതിനായി പ്രാർത്ഥിക്കുക. നട് ജനവിഭാഗത്തിന്റെ മദ്ധ്യേ ഇതുവരെ സുവിശേഷം അറിയിച്ചിട്ടില്ലാത്ത ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നട് സമുദായത്തിലെ ജനങ്ങളുടെ മദ്ധ്യേ ബാല ഭവനം തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുതിർന്നവർക്കായുള്ള വയോജന വിദ്യാഭ്യാസ പദ്ധതി, തയ്യൽപരിശീലന ക്ലാസ്സ് എന്നിവയുടെ വിജയത്തിനായി പ്രാർത്ഥിക്കുക. സജ്ജെയുടെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.




## മദ്ധ്യ പ്രദേശ്

**ദബ്രാ : സതികാന്ത പരിച്ച & സാഗരിക പ്രധാൻ**

സുതൻപൂർ, കിത്തെൻദ്ര, നയ ഗാവ്, പിതാർവർ എന്നീ ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷ യോഗം അനുഗ്രഹകരമായിരുന്നു. രണ്ടു റീജയനുകളിൽ മുതിർന്നവർക്കായി പരിശീലനം നടത്തി. സാസൻ, സെക്ര എന്നീ ഗ്രാമങ്ങളിൽ നടത്തിയ സത്സാംഗ് പ്രോഗ്രാമിൽ ധാരാളം പേർ താൽപര്യപൂർവ്വം പങ്കെടുത്തു. ഹസീനയുടെ ഭവനത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. വിശ്വാസികൾ ആവേശപൂർവ്വം തിരുവചനം മനപാഠമാക്കുന്നു.

പൈശാചിക ബന്ധനത്തിൽ നിന്നും നട്ടെല്ലു സംബന്ധമായ രോഗത്തിൽ നിന്നും മമത ഭായ് പൂർണ്ണ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഹോദരന്മരായ അനിൽ, മഹേഷ് എന്നിവർ തമ്മിലുള്ള പ്രശ്നം പരിഹരിച്ച് ദൈവീക സമാധാനം അനുഭവിക്കേണ്ടതിനായും ദഹന സംബന്ധമായ പ്രശ്നങ്ങളിൽ നിന്നു അനിൽ സുഖം പ്രാപിക്കേണ്ടതിനായും പ്രാർത്ഥിക്കുക. ദക്കറ, ബിദർവർ എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുവാൻ സമർപ്പണമുള്ള പ്രാദേശിക സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രേം നഗറിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ യാഥാർത്ഥ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ഖർഗോൺ

**ബിനിത് പ്രസാദ് ബർദാൻ & അമോചിത നായക്**

അജ്ഞാത രോഗത്താൽ കഷ്ടപ്പെട്ട അവൻ ഭായിയെ വിശ്വാസികൾ ഒത്തു ചേർന്നു പ്രാർത്ഥിച്ചതിനെ തുടർന്നു കർത്താവ് സൗഖ്യമാക്കി. അവൻ ഭായി യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. പൈശാചിക ബന്ധനത്താൽ വലഞ്ഞ ഉമ ഉപവാസ പ്രാർത്ഥനയിൽ സംബന്ധിച്ച വേളയിൽ ദൈവം അവളെ സൗഖ്യമാക്കി. ഭയത്തിന്റെ ആത്മാവിനു കീഴടങ്ങുന്ന രമേശ് ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സാരിയുടെ കഴുത്തിലെ ട്യൂമർ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അർജുനെ പാപസ്വാഭാവത്തിൽ നിന്നു ദൈവം പ്രാർത്ഥനയുടെ ഫലമായി വിടുവിച്ചു.

അധരത്തിൽ കാൻസർ ബാധിച്ച ബലാർസിങ്, മാറിടത്തിൽ കാൻസർ ബധിച്ച പ്രശാന്തിയുടെ അമ്മ, അടിയ്ക്കടി അബോധാവസ്ഥയിലാകുന്ന നേഹ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അനിതയുടെ കുഞ്ഞ് മഞ്ഞപിത്തത്തെ തുടർന്നു അബോധാവസ്ഥയിലായി, സൗഖ്യത്തിനായി പ്രാർത്ഥിക്കുക. 12 വർഷമായി തലമുറക്കു വേണ്ടി ആഗ്രഹത്തോടെ കാത്തിരുന്ന സമിത ബൻ, ഹീന ബൻ എന്നിവരുടെ ജീവിതത്തിൽ ദൈവം മക്കളെ നൽകി അനുഗ്രഹിച്ചു. പലക്പാട, പയിരിയ, ബിസ്ധാൻ എന്നീ മേഖലകളിലുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഷീബ ജാസ്മിൻ ജുബരാജ് ഭരതൻ

## ബീഹാർ

### റാണിഗഞ്ച് / അരാരിയ

**ധർമ്മേന്ദ്രര & മധു സ്മിത**

പൈശാചിക ബന്ധനത്തിൽ നിന്നും പുനം ദേവിയും സജ്ജൻ ദേവിയും വിടുതൽ പ്രാപിച്ചു. ജോലക്കായി പഞ്ചാബിൽ പോയ നമ്മുടെ വിശ്വാസികളായ സന്താൻ റിഷിദേവ്, വിനോദ് റിഷിദേവ് എന്നിവർ സുരക്ഷിതരായി മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വകരിച്ചു ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു.

സുവിശേഷത്താൽ നമുക്കു ലഭിച്ച പുതിയ ബന്ധുവായ ബബ്ലു റിഷി ദേവ് രക്താർബുധത്താൽ കഷ്ടപ്പെടുന്നു, സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ജീവനില്ലാത്ത കുഞ്ഞിനെ പ്രസവിച്ച റിമി ദേവിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. രക്തകുറവിനാൽ കഷ്ടപ്പെടുന്ന കെന്ദുള ദേവിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. സ്വതന്ത്ര ദൈവവേലക്കാർ വിശ്വാസികളുടെ ഇടയിൽ ആശയകുഴപ്പം ഉണ്ടാക്കി അവരെ നശിപ്പിക്കുന്നു. സൽദേവ്, റിഷിദേവ്, ബിന്ദു റിഷി ദേവ് എന്നിവർ കർത്താവിൽ വളരേണ്ടതിനും വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

### ചാന്ദോപാനി

**ജ്ഞാനപണ്ഡിതൻ & ശാന്തി**

22 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തുവാൻ ദൈവം അവസരം നൽകി. രണ്ടു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. രാമചന്ദ്ര റായ്, സനിസരയ റായ് എന്നിവർ താൽപര്യത്തോടെ സുവിശേഷം ശ്രവിച്ചു.

ശരീരത്തിൽ ബലഹീനതയനുഭവപ്പെടുന്ന ലോക്യ ദേബിയുടെ സൗഖ്യത്തിനായും അവൾ ആരാധനയോഗത്തിൽ ക്രമമായി സംബന്ധിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ടൈഫോയ്ഡിൽ നിന്നും കരൺ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദരോഗത്തിന്റെ ചികിത്സയിലായിരിക്കുന്ന പ്രേംറായിയുടെ വിടുതലിനായി പ്രാർത്ഥിക്കുക.

### യഹോവ റാഫ

പഞ്ചാബിൽ ബഗപുരാണ മിഷൻ വയലിലെ മുസ്ലിം സമുദായത്തിൽ ഉള്ള യുവതിയായ ധന്യ സീനജ് വർഷങ്ങളായി പക്ഷാഘാതത്താൽ വലയുകയാണ്. രണ്ടു കാലിന്റെ ചലനവും നഷ്ടപ്പെട്ടു. അവൾ രക്താർബുദത്താലും കഷ്ടപ്പെടുന്നു. നമ്മുടെ മിഷനറി കുടുംബം അവരെ സന്ദർശിച്ചു അവൾക്കു വേണ്ടി പ്രാർത്ഥിക്കുകയും വേദപുസ്തകം നൽകി അതു വായിക്കുവാൻ ഉത്സാഹിപ്പിക്കുകയും ചെയ്തു. ധന്യ വേദപുസ്തകം വായിച്ച് വിശ്വാസത്തോടെ പ്രാർത്ഥിച്ചു. ദൈവം പക്ഷാഘാതത്തിൽ നിന്നും അവളെ സൗഖ്യമാക്കി. കാൻസർ രോഗത്തിൽ നിന്നും ദൈവം അവളെ വിടുവിക്കുന്നു. വൈദ്യ പരിശോധനയിൽ അവൾക്കു 70% സൗഖ്യം ലഭിച്ചതായി പറയുന്നു. സമ്പൂർണ്ണ സൗഖ്യത്തിനായി വിശ്വാസത്തോടെ പ്രാർത്ഥിക്കാം




### ജന്മദിനാശംസകൾ

റാണി ജസിലറ്റ് പോൾ ആൽബർട്ട്

### ഡോണി ബിച്ചാക്കനി

**തിൻഗ്ഗു സെമെ & എല്ല സെമെ**

നാലു സ്ഥലങ്ങളിലെ രാജ മഹാൾ പ്രൈമറി സ്കൂളിന്റെ നിർമ്മാണം വിജയകരമായി ദൈവകൃപ യാൽ പൂർത്തീകരിച്ചു. വിബിഎസ് അദ്ധ്യാപകരുടെ പിരശീലനം ഫല കരമായി തീർന്നു. 21 സ്ഥലത്തു വിബിഎസ് നടത്തി. അനേക നാളു കളായുള്ള പ്രാർത്ഥനയുടെയും നിവേ ദനങ്ങളുടെയും ഫലമായി പൊച്ചക്കുറിയ ഗ്രാമത്തിലേക്കു സർക്കാർ കോൺക്രീറ്റ് റോഡ് പണിതു നൽകി. വേദപുസ്ത ക മത്സരത്തിൽ കുട്ടികൾ ആവേശപൂർവ്വം പങ്കെടുക്കുന്നു.

ആദ്യത്തെ കുഞ്ഞ് നഷ്ടപ്പെട്ടു പോയ അസിറിയ പ്രമീള, വിൽസൺ മാൾട്ടോ എന്നിവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വിവിധ സ്ഥലങ്ങളിലേക്കു സാധാനം കൊണ്ടു പോകുന്നതിനു ആവശ്യമായ ഒരു ജീപ്പ് ലഭിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക. 77 പ്രാദേശിക അദ്ധ്യാപ കരുടെയും 44 പാചകക്കാരുടെയും 21 പ്രൈമറി അദ്ധ്യാപകരുടെയും ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. ആറു കേന്ദ്രങ്ങളിൽ ആവശ്യമായ ഇംഗ്ലീഷ് അദ്ധ്യാപകരെ ലഭിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക.

### അമലഗാച്ചി

**ഗജൻ ചമ്പ്രമേരി & റോഷില**

സൻബഹാർ ഗ്രാമത്തിലെ വിശ്വാസികൾ ദിനംതോറും ആവേശത്തോടെ സന്ധ്യാപ്രാർത്ഥന യിൽ പങ്കെടുക്കുന്നു. വാഹന പകടത്തിൽ ദൈവം അത്ഭുതകരമായി നമ്മുടെ മിഷനറിമാരെ കാത്തു പരി പാലിച്ചു. സൻബഹാർ ഗ്രാമത്തിലെ വിശ്വാസികളെ ഉപദ്രവിച്ചിരുന്ന മന്ത്രവാദിയുടെ ഹൃദയത്തിൽ മാറ്റങ്ങൾ സംഭവിച്ചു. ആത്മീക യോഗത്തിൽ സംബന്ധിച്ചിട്ടു മടങ്ങിപ്പോകുന്ന അപ കടത്തിൽ പെട്ട വിശ്വാസികളെ നിസ്സാര പരുക്കുകളോടെ ദൈവം കൃപയാൽ സംരക്ഷിച്ചു.

പുതുതായി യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. നമ്മുടെ സഭാമൂപ്പന്റെ ഭാര്യ ഉയർന്ന രക്ത സമ്മർദ്ദത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞ് 20 വർഷത്തിനു ശേഷം നമ്മുടെ സഭാമൂപ്പൻ ശമുവേൽ ബഹാരിയുടെ ഭാര്യ ഗർഭിണിയായി. നിർഭാഗ്യവശാൽ ആ കുഞ്ഞ് ജനിച്ച ഉടനെ മരിച്ചു. ഈ കുടുംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ തയ്യാറെടുക്കുന്നവരെ തടയുന്ന മന്ത്രവാദിയുടെ മാനസാ ന്തരത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്ന് നമ്മുടെ മിഷനറിയെയും അമിത രക്തസമ്മർദ്ദത്തിൽ നിന്ന് അദ്ദേഹത്തിന്റെ ഭാര്യയെയും കർ ത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർ ത്ഥിക്കുക.




**ജന്മദിനാശംസകൾ**

എയ്ഞ്ചൽ   റോൺജയ് നർസാരി

**അമടപാട**

**വ്യാസു ബാബു & സൗന്ദര്യ**

കാലിഡോദഗ സഭയുടെ പണി പൂർത്തീകരിച്ചു സമർപ്പണ ശുശ്രൂഷ അർത്ഥവത്തായ രീതിയിൽ ദൈവനാമ മഹിമക്കായി നടത്തപ്പെട്ടു. തിലൈപാറ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനുള്ള സ്ഥലം സംഭാവനയായി ലഭിച്ചു. പക്ഷാഘാതത്തിൽ നിന്ന് ഉക്കിൽ മുർമ്മുവിനെയും അപസ്മാര രോഗത്തിൽ നിന്നു ബാബുലാൽ ടുഡുവിനെയും കർത്താവ് അത്ഭുകരമായി സൗഖ്യമാക്കി. വിഷപാമ്പിന്റെ ദംശനമേൽക്കാതെ സുനിത സൊറൻ, ധൊൻമുനി ടുഡു എന്നിവരെ കർത്താവ് സംരക്ഷിച്ചു.

ദുരപദേശം നൽകി വിശ്വാസികളെ നാശത്തിലേക്കു നയിക്കുന്ന സുനിൽ ഹസ്ത, മുൻഷി ഹെബ്രം, പുദൻ ടുഡു എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിധവയായ ഹോപൻവതി മുർമ്മുവിനെ രാത്രിയിൽ ശല്യപ്പെടുത്തുന്നവരുടെ മാനസാന്തരത്തിനും അവളുടെ സുരക്ഷിതത്വത്തിനുമായി പ്രാർത്ഥിക്കുക. ജോയ് മാറാണ്ടി ന്യൂമോണിയായിൽ നിന്നു സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപ്പൻഡിസൈറ്റിസിന്റെ ശസ്ത്രക്രീയയ്ക്കു വിധേയനാകുന്ന സുരേഷ് മുർമ്മുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും മനോജ് ദെഹരി വിടുതൽ പ്രാപിക്കേണതിനായി പ്രാർത്ഥിക്കുക.

**ഖരോണി**

**യെൽമുലർ സ്വപ്നിൽ & തദ്‌വി മാനിഷ**

കാഗർ ഗ്രാമത്തിൽ സംഘടിപ്പിച്ച ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ യോഗത്തിൽ ധാരാളം വിശ്വാസികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. മൂന്നു ദിവസത്തെ കുട്ടികളുടെ ക്യാമ്പിൽ വിവിധ മിഷൻ വയലുകളിൽ നിന്നുള്ള 180 കുട്ടികൾ സന്തോഷത്തോടെ പങ്കെടുത്തു. കണ്ണിനുണ്ടായ രോഗത്തിൽ നിന്നു ദുർഗ്ഗ ദെഹരി പൂർണ്ണ സൗഖ്യം പ്രാപിച്ചു. അനവധി പ്രയാസങ്ങളിലൂടെ കടന്നു പോയ മഹാദേവ് ദെഹരിയെ കർത്താവ് തൊട്ടു സൗഖ്യമാക്കി.

അനേക നാളുകളായി ഉദരവേദനയനുഭവിക്കുന്ന രജ്ജിത് ദെഹറിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസിയായ പ്രദീപ് കുമാറും കുടുംബവും വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബസിത്ഗുണി, നിമദങ്ക, കോൽപൂർ, നമോധി എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാതാപിതാക്കളെ അനുസരിക്കാതെ മത്സരിയായി ആരാധനയെ അലക്ഷ്യമാക്കി നടക്കുന്ന ആമോസ് ദെഹരിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

കവിത തിമ്മേഷ്
ഫെലിക്സ് ഗമാലിയേൽ എഡ്വേർഡ്

### പാക്കുടിയ

**ഇമ്മാനുവേൽ മുർമ്മു & നില ഹൻസ്ദ**

അനേക വിശ്വാസികൾ മഞ്ഞപിത്തത്തിൽ നിന്നും ടൈഫോയ്ഡിൽ നിന്നും സൗഖ്യം പ്രാപിച്ചു. രണ്ടു കേന്ദ്രങ്ങളിൽ നടത്തിയ യോഗങ്ങളിൽ സംബന്ധിച്ച കുട്ടികൾ വേദപുസ്തക വാക്യങ്ങൾ മനപാഠമാക്കി. കുട്ടികളുടെ കൺവൻഷൻ, പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെ യോഗം യുവജന ക്യാമ്പ് എന്നിവ ദൈവകൃപയാൽ അനുഗ്രഹകരമായി നടത്തി.

വിഷാദ രോഗത്തിൽ നിന്നും ബക്കുലു ടുഡു, രൂബൻ ഹെബ്രം, സുന്ദരി മുർമ്മു, പക്ഷാഘാതത്തിൽ നിന്നു സോണറ്റ് ടുഡു, രാത്രി അന്ധതയിൽ നിന്നു റാണി മാറാണ്ടി, ചർമ്മ അണുബാധയിൽ നിന്നു പുൽമുനി മുർമ്മു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷ പ്രവർത്തനത്തെ എതിർക്കുകയും സന്താൻപൂർ ഗ്രാമത്തിലെ വിശ്വാസികളെ ആരാധനയിൽ സംബന്ധിക്കുന്നതിൽ തടയുകയും ചെയ്യുന്ന ലൊക്കിറാം ഹൻസ്താക്കിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പൻ ജക്കറാം ടുഡു നേരിടുന്ന വസ്തു സംബന്ധമായ വിഷയത്തിൽ വേഗത്തിൽ തീരുമാനം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഫിലിപ്പ് ഹൻസ്താ യുടെ കുടുംബം യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. യുവജനങ്ങൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും സുവിശേഷ വേലയിൽ പങ്കാളികളാകേണതിനുമായി പ്രാർത്ഥിക്കുക.

### ഹൻസ്ഡിഹ

**സെന്തിൽ കുമാർ & മുത്തു സെൽവി**

ദിവാൻ മുർമ്മുവിന്റെ കാണാതെ പോയ പശുവിനെ രണ്ടു ദിവസത്തെ പ്രാർത്ഥനക്കൊടുവിൽ കണ്ടെത്തി. നമ്മുടെ വിശ്വാസികളുടെ വയലുകളിൽ സമൃദ്ധിയായ വിളവെടുപ്പ് ലഭിച്ചു. കാലിലുണ്ടായ പൊട്ടൽ നിമിത്തം അനേക മാസങ്ങളായി നടക്കുവാൻ കഴിയാതെ വിഷമിക്കുന്ന സജ്ജാലി കിസ്കുവിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ വലഞ്ഞ മിഷനറിയുടെ കുടുംബാംഗങ്ങളെ കരുണാമയനായ ദൈവം സംരക്ഷിച്ചു.

ഒരു ആഴ്ചക്കുള്ളിൽ സംഭവിച്ച സഹോദരിയുടെയും ഭർത്താവിന്റെയും വേർപാടിൽ വേദനപ്പെടുന്ന നമ്മുടെ മിഷനറി ചാൾസിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ദീർഘകാലമായി രോഗത്താൽ കഷ്ടപ്പെടുന്ന സഭാമൂപ്പൻ ഹൊപ്ന മാറാണ്ടിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. കുടലിൽ ചെയ്ത തെറ്റായ ശസ്ത്ര ക്രീയയെ തുടർന്നു ഒന്നര വർഷത്തിലധികമായി ശയ്യാവലംബയായ ശ്രീമതി മുർമ്മുവിനു ദൈവീക സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഉപവാസ
പ്രാർത്ഥന ദിനം




**മേഴ്സി ബാലിക ഭവൻ - രങ്ക**

**പീറ്റർ പ്രഭാകരൻ & വിമല ജെ**

യുവജനക്യാമ്പിൽ സംബന്ധിച്ച കുട്ടികൾ തങ്ങളുടെ രക്ഷ ഉറപ്പിക്കുകയും സമർപ്പണം പുതുക്കുകയും ചെയ്തു. സഹോദരൻ നവനീഥർ നേതൃത്വം നൽകിയ യോഗത്തിൽ അനേകർ പൂർണ്ണ സമയ സുവിശേഷ വേലക്കായി തങ്ങളെ സമർപ്പിച്ചു. അപസ്മാര രോഗത്തിൽ നിന്നു സോനൽ ഹസ്തയെ കർത്താവ് സൗഖ്യമാക്കി. കഴിഞ്ഞ മാസം അറുപത്തിയഞ്ച് കുട്ടികൾ രോഗത്താൽ കഷ്ടപ്പെട്ടു. ദൈവം അവരെയെല്ലാം സൗഖ്യമാക്കി. ദൈവം കരുണ ചെയ്ത് ഒരു ജനറേറ്ററും ഒരു ട്രാൻസ്ഫോർമറും നമുക്കു ലഭിച്ചു.

ബാലിക ഭവനത്തിനു പ്രതിബദ്ധതയുള്ള ഒരു വാർഡനെയും അദ്ധ്യാപകനെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വരുന്ന ശൈത്യ കാലത്തു കുട്ടികളെല്ലാവരും സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നേഴ്സിംഗ് പഠിച്ചു കൊണ്ടിരിക്കുന്ന അൽബിൻ സൊറൻ, സുശീല മാറാണ്ടി എന്നിവർ ദൈവീക പരിജ്ഞാനത്താൽ നിറയേണ്ടതിനായി പ്രാർത്ഥിക്കുക. അടിക്കടി രോഗിയാകുന്ന അൽബിന, ബെറ്റി കിസ്കു, ശാന്തി മാറാണ്ടി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിലെ പാചകക്കാരൻ ബാബു ലാൽ സൊറന്റെ കുടുംബത്തിൽ മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. പുതിയ വിശ്വാസികൾ ദൈവവചനത്തിൽ വേരൂന്നി ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാനിക**

**വേദമാണിക്യം അഷാദുരൈ & ജപ**

പൈശാചിക ബന്ധനത്തിൽ നിന്നും കുമാരെഹി ഗ്രാമത്തിലെ പ്രീയതം കുമാരിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. 15 വർഷത്തെ കുടുംബ ജീവിതത്തിനൊടുവിൽ ധ്വാരിക ഗ്രാമത്തിലെ കിരൺ ദേവി ഒരു പൈതലിനു ജന്മം നൽകുവാൻ ഒരുങ്ങുന്നു. പരിശീലന ക്യാമ്പിൽ പങ്കെടുത്ത യുവനജനങ്ങൾ ആരാധന യോഗത്തിനു നേതൃത്വം നൽകുവാൻ പ്രാപ്തരായി. വിഷ പാമ്പിന്റെ ദംശന മേൽക്കാതെ ദൈവം നമ്മുടെ മിഷനറിമാരെ സംരക്ഷിച്ചു.

അപസ്മാര രോഗത്തിൽ നിന്നും വിനിത ദേവി, കരിഷ്മ കുമാരി, റിങ്കു ദേവി എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരൾ സംബന്ധമായ രോഗത്തിൽ നിന്നു സീമ ദേവി, ക്ഷയ രോഗത്തിനു എട്ടു പ്രാവശ്യം ചികിത്സ നടത്തിയ സനിച്ചാർ, എന്നിവരുടെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായിരുന്ന റൂബീ ദേവി വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ലക്കാൻ, അന്ധു ബുയാൻ, സഞ്ജെ ബുയാൻ, ശിവ ശങ്കർ റാം, സതേൺ ബുയാൻ, അജയ് ബുയാൻ, മാന്ദു ബുയാൻ, രാംജനം ബുയാൻ, ബിരേന്ദർ പാർത്ഥി എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിച്ച് ബന്ധുമിത്രാദികളെ കൃപയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## പശ്ചിമ ബംഗാൾ

### മാൽദ

**ഉദിപ്ത കുമാർ & സുർജ്യകാന്തി**

നമ്മുടെ മിഷനറിയെയും കുടുംബത്തെയും അപകടത്തിൽ ദൈവം കൃപയാൽ കാത്തു പരിപാലിച്ചു. പുതുതായി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർക്കായി ദൈവത്തെ സ്തുതിക്കാം. രോഗത്തിൽ നിന്നും അബിജി പഹാടിയ, റീന എന്നിവരെ കർത്താവ് സൗഖ്യമാക്കി.

പ്രാദേശിക സുവിശേഷകർക്കും സന്നദ്ധ സുവിശേഷകർക്കുമായി നടത്തിയ പരിശീലന പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാവരും ആത്മീകമായി പുതുക്കപ്പെട്ടു ഫലകരമായി വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. മാൽദ റീജിയനിൽ പടർന്നു പിടിക്കുന്ന മഞ്ഞപിത്തം, ടൈഫോയ്ഡ് എന്നീ രോഗങ്ങളിൽ നിന്നും ജനം വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജലപ്രളയത്തിന്റെ നടുവിൽ മിഷനറിമാർക്കും വിശ്വാസികൾക്കും തുടർന്നു ദൈവം സംരക്ഷണം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

**ഇതഹാർ: സോളമൻ എ & സുഗന്ധി**

ആറു ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ദൈവം കൃപകരങ്ങളിൽ നമ്മെ കാത്തു സൂക്ഷിച്ചു. രക്തത്തിലുണ്ടായ അണുബാധയിൽ നിന്നു സുഖ്ലാൽ മാറാണി, ശയ്യാവലംബയായ മുനി സൊറൻ എന്നിവരെ കർത്താവ് സൗഖ്യമാക്കി.

ഉത്തർദിജ്പൂർ ആഴമായ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന ഹൊപ്ന കിസ്കു, ബോറോത് മുർമ്മു, മൊജില മുർമ്മു, ജയ്മോൻ മാറാണ്ടി, സുസത് മാറാണ്ടി എന്നിവർ യേശുവിന്റെ സ്നേഹം രുചിച്ചറിഞ്ഞ് മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സന്നദ്ധ സുവിശേഷകനായ മെൽക്കോ സൊറൻ, സഭാമൂപ്പൻ ആരതി സൊറൻ, അവളുടെ സഹോദരി എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസിയായ പുത്തു മുർമ്മു പക്ഷാഘാതത്താൽ വലയുന്നു. അവളുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### സ്തോത്ര യാഗം!

മഹാരാഷ്ട്രയിൽ തലോട മിഷൻ വയലിലെ വീണ ഭായ് പൈശാചിക ബന്ധനത്തിൽ കഴിഞ്ഞ അഞ്ചു വർഷമായി കാട്ടിലൂടെ അലഞ്ഞു തിരിയുകയായിരുന്നു. അവളുടെ മാതാവ് വിടുതലിനു വേണ്ടി വിവിധ ഇടങ്ങളിൽ അലഞ്ഞു ധാരാളം പണം ചിലവഴിച്ചു. ഒരു ഫലവും ഉണ്ടായില്ല. നമ്മുടെ വിശ്വാസികൾ ഉപവാസ പ്രാർത്ഥനക്കായി ഒരുമിച്ചു കൂടിയപ്പോൾ ഇവൾക്കു വേണ്ടിയും പ്രാർത്ഥിച്ചു. ദൈവം അവൾക്കു അത്ഭുത വിടുതൽ നൽകി. നന്ദി സൂചകമായി വീണ ഭായ് തന്റെ ഭവനത്തിൽ ഒരു പ്രാർത്ഥന യോഗം സംഘടിപ്പിച്ചു ബന്ധുക്കളെ ക്ഷണിച്ചു. ഈ യോഗത്തിൽ സംബന്ധിച്ചവർ ആദ്യമായി സുവിശേഷം ശ്രവിച്ചു. ദൈവത്തിനു സ്തോത്രം!




## ജന്മദിനാശംസകൾ

നിഷ ഡേവിഡ് മസി

### ബാലുർഘാട്

**ദീപാർത്തന & മിത്തലേഷ്**

യോനഥാൻ മുർമ്മു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കഴിഞ്ഞ മാസത്തെ എല്ലാ പ്രോഗ്രാമുകളും തടസ്സങ്ങളില്ലാതെ അനുഗ്രഹകരമായി നടത്തി. രണ്ടു ഗ്രാമത്തിൽ നടത്തിയ രാത്രി യോഗത്തിൽ അനേകർ താൽപര്യപൂർവ്വം പങ്കെടുത്തു.

ബാദൽപൂർ, ദങ്കി, ദാദുകെഡോള, തരജ്പൂർ, ബോലിഡങ്ക, കോയിറാം എന്നീ ഗ്രാമങ്ങളിലുള്ളവർ പൂർണ്ണ മനസ്സോടെ സുവിശേഷം സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും വിശ്വാസികളും ദൈവവചനത്തിൽ ആഴമായി വേരൂന്നി വളരുന്നു.

### പക്കുവഹാട്

**ഡിഹെ എസ് & ചരണി**

13 ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. നാലു ഗ്രമങ്ങളിൽ വിശ്വാസികൾക്കായി ആത്മീക യോഗങ്ങൾ സംഘടിപ്പിക്കുവാൻ ദൈവം കൃപ നൽകി. പിന്മാറി പോയ നാലു വ്യക്തികൾ വിശ്വാസത്തിലേക്കു മടങ്ങിവന്നു സന്തോഷത്തോടെ ആരാധനയിൽ സംബന്ധിക്കുന്നു. നമ്മുടെ പ്രാർത്ഥനയുടെ ഫലമായി ദൈവം ബിറിദാൻ ടുഡുവിനെയും കുടുംബത്തെയും സ്വദേശ സുവിശേഷകരായി എഴുന്നേല്പിച്ചു. മിഷനറിയെ രോഗത്തിൽ നിന്നും അപകടത്തിൽ നിന്നും ദൈവം സംരക്ഷിച്ചു.

വിശ്വാസികൾ തങ്ങളുടെ സാക്ഷ്യജീവിതത്തിലൂടെ അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ വിശ്വാസത്തിൽ വളരേണ്ടതിനും ആത്മീക പക്വത പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ ദൈവാത്മാവിന്റെ പ്രവർത്തനം ശക്തിപ്പെടേണ്ടതിനും ജനങ്ങൾ മദ്യപാനത്തിൽ നിന്നും അന്ധ വിശ്വാസത്തിൽ നിന്നും മുക്തരാകേണ്ടതിനുമായി പ്രാർത്ഥിക്കുക. അനേകർ ക്രിസ്തുവിനെ സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങേണ്ടതിനായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്ട്

### ചാമ്പ

**വിനോദ് കുമാർ സിങ് & പ്രവതി**

സൊരപട്ടി ഗ്രാമത്തിൽ പുതിയ ഒരു ആരാധനക്കൂട്ടം രൂപീകരിച്ചു. ആരാധന യോഗത്തെ ചിലർ എതിർത്തെങ്കിലും ആരാധന തുടർന്നു നടത്തുന്നതിനു ദൈവീക സംരക്ഷണം ലഭിച്ചു. ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇവിടെ സംഘടിപ്പിച്ച രണ്ടു ദിവസത്തെ സുവിശേഷ യോഗത്തിലുടെ അനേകർ അത്മീകമായി ശക്തിപ്പെട്ടു.

ഭവനങ്ങളിൽ ആരാധന യോഗം നടന്നു കൊണ്ടിരിക്കുന്ന ഗ്രാമങ്ങളിൽ വേഗത്തിൽ ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പീഡനം വർദ്ധിക്കുന്ന പശ്ചാത്തലത്തിൽ വിശ്വാസികളും പ്രാദേശിക സുവിശേഷകരും വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ തയ്യാറെടുക്കുന്നവർ ആത്മീക പക്വത പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ദേവകൃപൈ   വിജയ് ബാബു

### ഹതി

**ദിനേഷ് കുമാർ & നിതു കെ എം**

കിരാരി, കിത്കാവരി, ലാപെത് എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗങ്ങളിൽ ധാരാളം പുതിയ വിശ്വാസികൾ സംബന്ധിക്കുന്നു. രണ്ടു ഗ്രാമങ്ങളിൽ നടത്തിയ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന അനുഗ്രഹകരമായിരുന്നു. അഞ്ചു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അനേക വർഷത്തെ പ്രാർത്ഥനക്കു ശേഷം സാരഥിയുടെ കുടുംബത്തിൽ മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. അനേകനാളുകളിലെ പ്രാർത്ഥനയോടെ കാത്തിരുന്ന വിശ്വാസിയായ തേജക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നു നന്ദു രത്തിയ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും ഷക്കെൽ സിങ് സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്യം, ബലറാം എന്നിവർ പാപ സ്വഭാവത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. രത്തിയ ജനസമൂഹത്തിന്റെ മദ്ധ്യെ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിക്കു നല്ലൊരു വാടക വീട് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ പ്രായമായ മാതാപിതാക്കളുടെ ആരോഗ്യത്തിനും സംരക്ഷണത്തിനുമായി പ്രാർത്ഥിക്കുക.

### പാലി

**ദിത്തുങ്ബൗ & മലങ്മെയ് സനലങ്**

ഭീമസേന കൂട്ടം ക്രിസ്ത്യാനികൾക്കു അനുകൂലമായി നിൽക്കുന്നു. കാജൻപൂർ ഗ്രാമത്തിൽ നടത്തിയ ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ യോഗത്തിൽ നാലു ഗ്രാമത്തിൽ നിന്നുള്ള വിശ്വാസികൾ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. ഇരുചക്ര വാഹന അപകടത്തിൽ നിന്നു നമ്മുടെ മിഷനറിയുടെ കുടുംബത്തെയും പ്രാദേശിക സുവിശേഷകന്റെ കുടുംബത്തെയും വിശ്വാസിയായ മോത്തിറാമിനെയും ദൈവം അത്ഭുതകരമായി പരിപാലിച്ചു. മൂന്നു മാസത്തോളമായി വിഷാദ രോഗത്താൽ വലഞ്ഞ സുഖകുമാരി ഉപവാസ പ്രാർത്ഥനയിൽ സംബന്ധിച്ചതിനെ തുടർന്നു പൂർണ്ണ സൗഖ്യം പ്രാപിച്ചു.

മദ്യത്തിനടികളായി മാതാപിതാക്കളോടു മത്സരിക്കുന്ന മോഹൻ, സുരേഷ് എന്നിവരുടെ മാനസാന്തരത്തിനും അവർ ദുഷിച്ച സ്വഭാവത്തിൽ നിന്നും മോചനം പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കാർത്ത് പച്ചാലി, സബോാര, വിഷ്പൂർ, സാൽക്കി, പുക്ബാര, സിരബാനി, പൈനസിജാർ, ബോണി, ബരെമുട എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ദൈവസ്നേഹം രുചിച്ചറിയുന്നതിനു തടസ്സം നിൽക്കുന്ന അമ്പലത്തിന്റെ പൂജാരിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിഷാദ രോഗിയായ സമരോ, ടൈഫോയ്ഡ് മഞ്ഞപിത്തം എന്നിവയാൽ കഷ്ടപ്പെടുന്ന രാജ്കുമാർ, ചർമ്മത്തിൽ അണുബാധയുണ്ടായ മണിറാം എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 21 ഡിസംബർ ഞായർ

## ഒഡിസ

### റിമുലി

**അരവിന്ദ് കുമാർ & ഹെലൻ മറിയം**

കോക്കന ഗ്രാമത്തിലെ ഗോപി മുണ്ടയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. ശർദ്ദിലിനാലും ഉദര വേദനയാലും കഷ്ടപ്പെട്ട സുനിയ മുണ്ട, സുലോചന ബംഗാര എന്നിവരെയും ടൈഫോയ്ഡിൽ നിന്നു തസ്മ ബങ്കാര, മോസസ് ബിരുവ എന്നിവരെയും പനി, ജലദോഷം എന്നിവയിൽ നിന്നു ഇമ്മാൻസു, ലിന്ന ബങ്കാര എന്നിവരെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

തലയിലുണ്ടായ പരുക്കളിൽ നിന്നു സാമു മുണ്ട സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബത്ബില ഗ്രാമത്തിലെ കാർത്തികയുടെ മകൻ രാജ ദുഷിച്ച കൂട്ടുകെട്ടിൽ നിന്നും മോചനം പ്രാപിക്കേണ്ടതിനും പൂർണ്ണ ഹൃദയത്തോടെ ദൈവത്തിങ്കലേക്കു തിരിയേണ്ടതിനുമായി പ്രാർത്ഥിക്കുക. കാട്ടാനകളിൽ നിന്നു വിശ്വാസികളുടെ കൃഷി സംരക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. മഴക്കാല രോഗങ്ങളിൽ നിന്നും വിശ്വാസികൾ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ മിഷൻ വയലിലേക്കു സ്ഥലം മാറി പോയ മിഷനറിമാർ അഭിഷക്തരായി ആത്മനിയോഗത്താൽ പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബിജതാല

**ശിവ ശങ്കർ & കാന്തി ദേവി**

ഏഴു സ്ഥലത്തു ഫലപ്രദമായ വിധത്തിൽ ഉപവാസ പ്രാർത്ഥനകൾ സംഘടിപ്പിച്ചു. കുഞ്ഞുകൊച്ച ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയുടെ ശവസംസ്കാര ശുശ്രൂഷ ദൈവകൃപയാൽ ഭംഗിയായി നടത്തി.

ക്ഷയ രോഗത്തിൽ നിന്നു സൽക്കെ സൊറൻ, കാൻസർ രോഗിയായ ഷ്രാബ് ടുഡു, വിഷാദ രോഗിയായ സാമ്പ നായക്, അടിവയറ്റിൽ കഠിന വേദനയാൽ കഷ്ടപ്പെടുന്ന സുരൈ ടുഡു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലക്ഷ്മി ഹെമ്പ്രം, ലക്ഷു ഹെമ്പ്രം എന്നിവരുടെ സുഖപ്രസവത്തിനായി പ്രാർത്ഥിക്കുക.

### അത്ഭുതം പ്രവർത്തിക്കുന്ന ദൈവം!

മദ്ധ്യപ്രദേശിൽ ഘർഗോൺ മിഷൻ വയലിലെ പ്രേം നഗർ ഗ്രാമത്തിലെ പുതിയ വിശ്വാസിയാണ് ശ്രീ. കൈലാഷ്. ഒരു ദിവസം അയാളുടെ ഭാര്യ ഒന്നര വയസ്സുള്ള മകളെ വീട്ടിലാക്കിയിട്ട് തുണി അലക്കുവാനായി പുറത്തു പോയി. പൈതൽ ഭവനത്തിൽ കളിച്ചു കൊണ്ടിരിക്കുന്ന വേളയിൽ അബദ്ധത്തിൽ വെള്ളത്തിന്റെ സംഭരണിയിൽ വീണു. അമ്മ മടങ്ങി വരുമ്പോൾ കുഞ്ഞ് സംസാരിക്കുവാൻ കഴിയാതെ കിടക്കുന്നതു കണ്ടു. ചലനമില്ലാത്ത കുഞ്ഞിനെ എടുത്തു അവൾ കരഞ്ഞു. ഗ്രാമവാസികൾ ഓടിക്കൂടി. കൈലാഷ് ഭവനത്തിൽ തിരികെ വന്നപ്പോൾ പൈതലിനു വേണ്ടി പ്രാർത്ഥിച്ചു. നാലു മണിക്കൂർ നേരത്തെ പ്രാർത്ഥനക്കു ശേഷം പൈതലിനു ബോധം വന്നു. ഇവിടെ കൂടി വന്ന ജനം അത്ഭുത കണ്ടു യേശുക്രിസ്തുവിനെ മഹത്വപ്പെടുത്തി. ഇതിലൂടെ ആ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു ദൈവം കൃപ ചെയ്തു.

## 22 ഡിസംബർ തിങ്കൾ

# ഗുജറാത്ത്

**അഹവ : വിഘ്നേശ്വരൻ എൻ & എയ്ഞ്ചലിൻ എം**

ശ്വസന സംബന്ധമായ രോഗത്താലും രക്തം ശർദ്ധിച്ചതിനാലും കഷ്ടപ്പെട്ട ആനന്ദി ബന്നിനെ കർത്താവ് കൃപയാൽ സൗഖ്യമാക്കി. കാൻസർ രോഗിയായ മോഗുപാട ഗ്രാമത്തിലെ ബാനു ബന്നിനെ കർത്താവ് വിടുവിച്ചു. 12 വർഷത്തെ വിവാഹ ജീവിതത്തിനൊടുവിൽ ജയസാം ഭായ്, ബന്നില എന്നിവർക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

നാലു വയസ്സു പ്രായമായ ജാഷ്ന ബൻ ദൈവകരുണ ചെയ്തു നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൈക്കു പൊട്ടലുണ്ടായ വിനേഷ് ഭായിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നു രമേശ് ഭായിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജലപ്രളയ ഭീഷണി നേരിടുന്ന വിശ്വാസികളുടെ കാർഷിക വിളകളെ ദൈവം സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വസാവ പരിഭാഷ

**ദെബോറാൾ വിജയ റാണി**

പിരഭാഷപ്പെടുത്തിയ 1 ദിനവൃത്താത്തം 24 – 29, 2 ദിനവൃത്താത്തം 1 എന്നീ അദ്ധ്യായങ്ങളുടെ പരിശോധന പൂർത്തീകരിച്ചു. 1 ശമുവേൽ 18 – 31 അദ്ധ്യായങ്ങൾ ടൈപ്പ് ചെയ്തു. ഗർഭപാത്ര സംബന്ധമായ രോഗത്തിൽ നിന്നും കാളി ബന്നിനെ കർത്താവ് കൃപയാൽ സൗഖ്യമാക്കി. പകർച്ചവ്യാധിയിൽ നിന്നും വിഷ പ്രാണികളിൽ നിന്നും നമ്മുടെ വിശ്വാസികളെ ദൈവം സംരക്ഷിച്ചു.

2 ദിനവൃത്താത്ത പുസ്തകത്തിന്റെ പരിഭാഷയ്ക്കു ആവശ്യമായ ദൈവീക പരിജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സീനിയർ പരിഭാഷകനായ രാജേന്ദ്രനെയും അദ്ദേഹത്തിന്റെ സഹായിയായ ദേവ്ജി ഭായി വസാവിയെയും ഈ ശ്രേഷ്ഠമായ വേലയിൽ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കട്ക്കച്ചിലെ വിശ്വാസികളായ സോമി ബൻ ഇടുപ്പു വേദനയിൽ നിന്നും മജ്ജു ബൻ തലച്ചുറ്റലിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗജറി ബന്നിന്റെ മകൾ കൽപേശ് കുടുംബമായി ആരാധന യോഗത്തിൽ സംബന്ധിച്ചു ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### യഹോവ ശമ്മ!

ഉത്തർഖാണ്ഡിൽ നനക്മാട്ട മിഷൻ വയലിലെ ഡായോറി ഗ്രാമത്തിലെ വിശ്വാസിയായ കുൽദീപ് സിങ് ഒരു റിക്ഷ വലിക്കുന്ന തൊഴിലാളിയാണ്. ഒരു രാത്രി 8 മണിക്ക് വീട്ടിലേക്കു മടങ്ങി വരുന്ന വഴിയിൽ ഒരു കടുവ റോഡിനു കുറുകെ നിൽക്കുന്നു. ഭയചകിതനായ അയാൾ രക്ഷക്കായ് യേശുവിനെ വിളിച്ചു പ്രാർത്ഥിച്ചു. ഒരു ദോഷവും ചെയ്യാതെ പെട്ടെന്നു കടുവ സാവാധാനത്തിൽ നടന്നു കാട്ടിലേക്കു പോയി. കുൽദീപ് സുരക്ഷിതനായി ഭവനത്തിലെത്തി ദൈവത്തെ സ്തുതിച്ചു.




## ജന്മദിനാശംസകൾ

അർച്ചന മോഹൻ

### മാൻസ

**ചെല്ലദുരൈ ജെ & കനകനേശം**

പൂനം ബന്നിന്റെ മകൾക്കു സുഖ പ്രസവം നൽകിയനുഗ്രഹിച്ചു. പോലിസ് വകുപ്പിൽ ജോലി ചെയ്യുന്ന നമ്മുടെ വിശ്വാസിയായ പ്രിയങ്ക ബന്നിനു നല്ല ഒരു ജീവിത പങ്കാളിയെ നൽകി ദൈവം അനുഗ്രഹിച്ചു. കളത്തറ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു. മങ്കജും ഭാര്യ സുശീല ബന്നും താല്പര്യ പൂർവ്വം സുവിശേഷം ശ്രവിച്ചു. ദൈവ കൃപയാൽ പട്ടേലിന്റെ ഭവനത്തിൽ ആരാധന യോഗം നടത്തുന്നു.

വിഷാദ രോഗത്തിൽ നിന്നു പാർവതി ബന്നിനെയും സജ്ജയ് ഭായ് പട്ടേലിനെയും നിരാശയിൽ നിന്നു ദക്ഷയെയും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷപാമ്പിന്റെ ദംശനമേറ്റ പുഞ്ചാരക്കു കർത്താവ് സമ്പൂർണ്ണ സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. പർമാർ, വാഗരി, പട്ടേൽ, താക്കൂർ, സെൻമ, റായൽ എന്നീ സമുദായങ്ങൾ യേശുവിന്റെ സ്നേഹത്താൽ സ്പർശിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. മങ്കാജി ഭായിയുടെ മക്കൾ യേശു ക്രിസ്തുവിലുള്ള രക്ഷ അനുഭവമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശാന്തൻ ബൻ, നവീൻ ഭായ് എന്നിവർക്കു കാഴ്ച ശക്തി തിരികെ ലഭിക്കേണതിനായി പ്രാർത്ഥിക്കുക.

### സുറത്

**മാധവറായ് (റിട്ട) & ജപതങ്കം**

സ്ത്രീജന യോഗത്തിൽ സംബന്ധിച്ച കുസും ഇപ്പോൾ ആരാധന യോഗത്തിൽ പതിവായി പങ്കെടുക്കുന്നു. ഗുരുതരമായ അപകടത്തിൽ നിഷ ബന്നിനെ ദൈവം സംരക്ഷിച്ചു. സണ്ടെസ്കൂൾ അദ്ധ്യാപകർക്കു നൽകിയ പരിശീലനം പ്രയോജനകരമായി സംഘടിപ്പിക്കുവാൻ ദൈവം സഹായിച്ചു. സ്ത്രീകളുടെ യോഗം വലിയൊരു അനുഗ്രഹ ശ്രോതസ്സ് ആകേണ്ടതിനായി പ്രാർത്ഥിക്കുക. കഠിനമായ ഹൃദയ വേദനയിൽ നിന്നു യമുന ബൻ വിടുതൽ പ്രാപിച്ചു. 20 ദിവസമായി ശയ്യാവലംബയായിരുന്ന എമു ബായി ദൈവീകാനുഗ്രഹത്താൽ ആരോഗ്യം വീണ്ടെടുത്തു. ധൻജി ഭായിക്കു നല്ലൊരു ജോലി നൽകി ദൈവം ആശീർവദിച്ചു.

ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള പ്രാദേശിക സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രീയപ്പെട്ട മകളുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന യമുന ബൻ, സുർജി ഭായ് എന്നിവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. പന്ദയിസാറ റീജയനിൽ തടസ്സമില്ലാതെ ഞായറാഴ്ച ആരാധന പതിവായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. നൗസാരി, സന എന്നീ റീജിയനുകളിൽ ചെയ്യുന്ന സുവിശേഷ വേലക്കു നല്ല ഫലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുന്ന സഭാമൂപ്പന്മാരുടെ യോഗം, സ്ത്രീകളുടെ യോഗം, യുവജനങ്ങളുടെ യോഗം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

ഉപവാസ
പ്രാർത്ഥന ദിനം




**ജന്മദിനാശംസകൾ**

വേണി ജോൺ
സിഫാര ജന

**മെഹസന : ശബുനാഥ് നായക് & രാജേശ്വരി പ്രധാൻ**

കഠിനമായ മുട്ടുവേദനയാൽ നടക്കുവാൻ കഴിയാതെ ബുദ്ധിമുട്ടിയ ആനന്ദി മസിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. വിഷാദ രോഗത്തിൽ നിന്നു സൊനാൽ ബന്നിനെ ദൈവം വിടുവിച്ചു ജോലി ചെയ്യുന്നതിനുള്ള ബലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ഇപുദോദ ഗ്രാമത്തിൽ നടത്തിയ അന്വേഷക ക്യാമ്പിലൂടെ അനേകർ സുവിശേഷം ശ്രവിച്ചു. ആകാശ്, കമാൽ എന്നിവർ രക്ഷണ്യ സുവിശേഷത്തോടും താൽപര്യം കാണിക്കുന്നു.

മെഹസ്ന മിഷൻ വയലിൽ ആരാധന യോഗം നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പലൻപൂറിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനു എടുക്കുന്ന ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആകാശിനു ദൈവഭയമുള്ള ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗീതബൻ, ലക്ഷ്മി ഭായ്, വർഷ ബൻ, ഗോകില ബൻ, പർമാർ ബൻ, ബിന്ദു ഭായ്, ദിനേശ് ഭായ് എന്നിവർ ജീവനുള്ള ഏക സത്യ ദൈവത്തെ അറിയേണ്ടതിനായി പ്രാർത്ഥിക്കുക. സോണ ബൻ രോഗങ്ങളിൽ നിന്നു സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവം അവൾക്കു നല്ലൊരു ജോലി നൽകേണ്ടതിനായി പ്രാർത്ഥിക്കുക. വിധവയായ വിശ്വാസി സുന്ദരിബന്നിന്റെ സംരക്ഷണത്തിനും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനും ദൈവീക കരുതൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മോതപോണ്ട**

**മർക്കൂസ് മാൾട്ടോ & സാറ മാൾട്ടോ**

ജോലി ചെയ്യുന്ന വേളയിൽ വൈദ്യുതാഘാതമേറ്റു 15 അടി ഉയരത്തിൽ നിന്നും താഴെ വീണ ഗോർബോരി ഗ്രാമത്തിലെ സജ്ജൈയെ ദൈവം അത്ഭുതകരമായി പരിപാലിച്ചു. വിശ്വാസികൾ ദൈവത്തോടുള്ള കൃതജ്ഞതയോടു കൂടെ കൊയ്ത്തുൽസവം ആഘോഷിച്ചു. ബാമ്രികാദക് ഗ്രാമത്തിൽ നടത്തിയ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ അനേകർ വിശ്വാസത്തിൽ ബലപ്പെട്ടു.

യുവജനക്യാമ്പിൽ സംബന്ധിച്ച യൗവ്വനക്കാർ തങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ചു. ജോലി അന്വേഷിക്കുന്ന യൗവ്വനക്കാർക്കു അനുയോജ്യമായ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവവിളിക്കനുസൃതമായി കർത്താവിന്റെ വേല ചെയ്യുന്ന മിഷനറിമാരുടെ ശുശ്രൂഷകളെ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറി സാറ മാൾട്ടോയുടെ കാലിലെ വിട്ടു മാറാത്ത ചൊറിച്ചിലിൽ നിന്നും അവൾ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി വിശ്വാസത്തിലേക്കു കടന്നുവരുന്നവരുടെ ആത്മീക പരിപോഷണത്തിനും വളർച്ചക്കുമായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ലിബേനി ജാമി

**ബോടോലി & ദെബോയ്**

**യേശു ബാബു & ഉഷ എസ്**

വിഷ പാമ്പിന്റെ ദംശനമേൽക്കാതെ ദൈവം വിശ്വാസികളെ സംരക്ഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു ഡിമ്ലി വിടുതൽ പ്രാപിച്ചു. ശസ്ത്രക്രീയ ചെയ്തിട്ടും സമീറിനു സൗഖ്യം ലഭിക്കാത്തതിനെ തുടർന്നു സഭ ഒരുമിച്ചു ചേർന്നു പ്രാർത്ഥിച്ചു. ദൈവം അത്ഭുത സൗഖ്യം നൽകി. തലനഗർ ഗ്രാമത്തിൽ നടത്തിയ രാത്രി യോഗത്തിൽ ധാരാളം പൂജാരിമാരും മത ഗുരുക്കന്മാരും സംബന്ധിച്ചു സുവിശേഷം ശ്രവിച്ചു.

അക്കുത്ത ഗ്രാമത്തിലെ റാണാ ജിത്തിന്റെ കുടുംബത്തിന്റെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക. ഭാര്യയുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന സർദാർ ഭായിയുടെയും മൂന്നു മക്കളുടെയും ആശ്വാസത്തിനായും അവർ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായും പ്രാർത്ഥിക്കുക. കുടുംബത്തിൽ ഉപദ്രവും ഭീഷണിയും നേരിടുന്ന മജ്ജുലയുടെ ധൈര്യത്തിനും സംരക്ഷണത്തിനുമായി പ്രാർത്ഥിക്കുക. അവളെ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന ഭർത്താവും ഗ്രാമീണരും മാനസാന്തരപ്പെട്ടു ജീവനുള്ള ദൈവത്തിൽ വിശ്വസിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കർഷകർക്കെതിരെ അപവാദം പ്രചരിപ്പിക്കുന്നവരുടെയും സഭാമൂപ്പന്മാർക്കും യൗവ്വനക്കാർക്കുമിടയിൽ ശത്രുത ഉണ്ടാക്കുവാൻ ശ്രമിക്കുന്നവരുടെ മാനസാന്തരത്തിനായും അവർ യേശുവിന്റെ സ്നേഹം അനുഭവിച്ചറിയേണ്ടതിനുമായി പ്രാർത്ഥിക്കുക.

**ജാലോദ്**

**ആൽബർട്ട് സന്തോഷ് രാജ് & എയ്ഞ്ചൽ രാജ്**

മുവാട ഗ്രാമത്തിലെ സുക്കറാം കുടുംബം, ജാലംപുരി ഗ്രാമത്തിലെ മഹീന്ദ്ര കുടുംബം എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു രക്ഷിത ഗണത്തിലായി. ടൈഫോയ്ഡിൽ നിന്നും വനിതബൻ, നെഞ്ചു വേദനയിൽ നിന്നു സാന്തരിക ബൻ, ശയ്യാവലംബയായിരിക്കുന്ന ഡെർസിങ് എന്നിവർക്കു ദൈവം അത്ഭുത സൗഖ്യം നൽകി അനുഗ്രഹിച്ചു.

ജലംപൂർ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദിനേശ് ഭായ്, പായൽ ബൻ എന്നീ കുടുംബങ്ങളിൽ തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും കൽപേശ് ഭായ്, കാൻസർ രോഗിയായ മജ്ജുള ബൻ, ടൈഫോയ്ഡിൽ നിന്നും രാംസിങ് ഭായ് എന്നിവർ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുമിത ബന്നിനു അനയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായും ഉഷയുടെ സുഖ പ്രസവത്തിനായും അനിൽ ഭായ് പരീക്ഷ നല്ലവണ്ണം എഴുതേണ്ടതിനായും സിമ്മൻ ഭായ് പതിവായി സഭ ആരാധനയിൽ സംബന്ധിക്കേണതിനായും പ്രാർത്ഥിക്കുക. ജാലോദ് ബാലഭവനത്തിനു ആവശ്യമായ കെട്ടിടങ്ങൾ പണിയുന്നതിനു അനുയോജ്യമായ സ്ഥലവും അതിനുള്ള സാമ്പത്തീകവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

സ്വാതി ജയപ്രകാശ്

## ദാദ്ര നഗർ ഹാവേലി

**സിൽവാസ :**

**ഡേവിഡ്സൺ രാജാസിങ് & കൺമണി**

20 സഭകളിൽ ക്രമമായി വേദപഠനകൂട്ടങ്ങൾ നടക്കുന്നു. 21 ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. നന്ദ ബാലഭവനത്തിൽ നടന്ന യുവജന ക്യാമ്പിൽ അനേക കുട്ടികൾ താൽപര്യപൂർവ്വം സംബന്ധിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു പാറു ബന്നിന്റെ മൂന്നു മക്കളെയും സവിത ബന്നിനെയും പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു. മൂലക്കുരു രോഗത്തിൽ നിന്നും ഹൗത്താൽ ബന്നും ന്യൂമോണിയായിൽ നിന്നു അൻമോളും സുഖം പ്രാപിച്ചു.

നമ്മുടെ പ്രാദേശിക സുവിശേഷകന്റെ മകൻ വിശ്വാസ് അപസ്മാര രോഗത്താൽ കഷ്ടപ്പെടുന്നു, ഇടുപ്പിലുണ്ടായ വേദനയാൽ കഴിഞ്ഞ രണ്ടു വർഷമായി നടക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്ന സെയ്ദ ഭായ്, മൂലക്കുരു രോഗത്താൽ വലയുന്ന കാഞ്ചൻ ബൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈയടുത്ത നാളിൽ വെള്ളത്തിൽ മുങ്ങിമരിച്ച 17 വയസ്സുള്ള സ്നേഹാളിന്റെ മാതാപിതാക്കളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. കഴുത്തിൽ പരു ബാധിച്ച സുനിത ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു വന്ദന ബന്നിന്റെയും ഉറക്കത്തിൽ നടക്കുന്ന കംഗി ബന്നിന്റെയും വിടുതലിനായി പ്രാർത്ഥിക്കുക.

**ഖാൻവേൽ**

**അരുൾ ആശീർ & സുഗുണ എൽ**

കാലിൽ ഉണ്ടായ പൊട്ടലിനാൽ കഷ്ടപ്പെടുന്ന ശാന്തി ബന്നിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. വിഷപാമ്പിന്റെ ദംശനമേൽക്കാതെ കിന്നോലി ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയുടെ മകളെ ദൈവം പരിപാലിച്ചു. ഖാൻവേൽ മിഷൻ വയലിൽ സംഘടിപ്പിച്ചു യുവജനക്യാമ്പിൽ 450 പേർ പങ്കെടുത്തു. അവരിൽ 19 പേർ പൂർണ്ണ സമയ ശുശ്രൂഷക്കായി തങ്ങളെ സമർപ്പിച്ചു. ഗർഭപാത്രത്തിലെ മുഴയാലും വിളർച്ച രോഗത്താലും വലയുന്ന നഗർ ഗ്രാമത്തിലെ ബാലി ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

ആറു മാസമായ പൈതൽ ദീപക് തുടർച്ചയായിട്ടുണ്ടാകുന്ന ഇക്കിൾ നിമിത്തം പാലു കുടിക്കുവാൻ കഴിയുന്നില്ല. പൈതലിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്താൽ വലയുന്ന രാജിലി ബന്നിന്റെ വിടുതലിനായി പ്രാർത്ഥിക്കുക കഴിഞ്ഞ മൂന്നു മാസമായി ക്ഷയരോഗത്താൽ കഷ്ടപ്പെടുന്ന ബൗണി ബന്നിനു ഇപ്പോൾ നടക്കുവാൻ കഴിയുന്നില്ല. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു, സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ വലയുന്ന നൈനുബൻ, രാഘുഭായ്, രവീണ ഭായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശരീരത്തിൽ നീരു ബാധിച്ച് കഷ്ടപ്പെടുന്ന കമാലി ബന്നിനു ദൈവീക സ്പർശനത്താൽ വിടുതൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

സ്വേത വെർമ
ഹേമലത പോൾ രവി രാജ്

## മഹാരാഷ്ട്ര

### ബോറാഡി

**ഓം പ്രകാശ് & സപ്ന**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ദൈവകൃപയാൽ ആറു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ഇവിടെ സംഘടിപ്പിച്ച വിശ്വാസികളുടെ യോഗത്തിൽ 600 ലധികം പേർ പങ്കെടുത്തു സമൃദ്ധിയായ അനുഗ്രഹം പ്രാപിച്ചു. വയലിൽ ജോലി ചെയ്യുന്ന വേളയിൽ വിഷപാമ്പിന്റെ ദംശനമേൽക്കാതെ ദൈവം പരിപാലിച്ചു. കുറച്ചു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നും മാനസിക വിഭ്രാന്തിയിൽ നിന്നും ശർമ്മിള ഭായ്, വീതൽ ഭായ്, പ്രദീക് ഭായ്, രാൺസിങ് ഭായ് എന്നിവർക്കു സമ്പൂർണ്ണ വിടുതൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വാതസംബന്ധമായ രോഗത്താൽ ശരീരത്തിൽ വേദനയനുഭപ്പെടുന്ന ബാദിയ, സജ്ജൈ, അപ്പഭായ്, ലക്ഷ്മൺ ഭായ് എന്നിവരെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മോഹൻഭായ്, നർസിങ് ഭായ് എന്നിവർ മദ്യാസക്തിയിൽ നിന്നും പതിയ ഭായ്, ബേബി ഭായ് എന്നിവർ വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും കിൻജാലി അപസ്മാരത്തിൽ നിന്നും മഹേശ് ഭായ് മഞ്ഞപിത്തത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സച്ചിൻ, ദിവാൻ ഭായ്, സുഷമ ഭായ്. കവിത ഭായ് എന്നിവർ പക്ഷാഘാതത്തിൽ നിന്നും പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### രാജൗറ / അകോല

**ബസവരാജ കെ &**

**സന്മത മനോഹർ**

മഹാദേവ് കോഴി ജനവിഭാഗത്തിന്റെ ഇടയിൽ ആദ്യമായി സുവിശേഷം അറിയിക്കുന്നതിനായി മലമ്പ്രദേശത്തിലൂടെയും വനത്തിലൂടെയും സഞ്ചരിച്ച നമ്മുടെ മിഷനറിയെ കർത്താവ് കാത്തു പരിപാലിച്ചു. പല വെല്ലുവിളികളുടെ മദ്ധ്യത്തിൽ പ്രവർത്തകരെ ദൈവം ശക്തീകരിച്ചു. ബിനറി ഗ്രാമത്തിലെ പുതിയ കുടുംബങ്ങൾ താൽപര്യപൂർവ്വം സുവിശേഷം പ്രഘോഷിച്ചു.

മഹാദേവ് കോഴി ജനസമൂഹത്തിന്റെ മദ്ധ്യെ ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വേല പുരോഗമിക്കുന്ന ഗ്രാമങ്ങളിൽ പുതിയ ബന്ധങ്ങൾ ഉരുവാകേണ്ടതിനായും പുതിയ ആരാധനക്കൂട്ടം ഉരുവാക്കുന്നതിനെതിരെയുള്ള തടസ്സങ്ങൾ ഇല്ലാതേകണ്ടതിനുമായി പ്രാർത്ഥിക്കുക. മിഷനറിയുടെ വൃദ്ധരായ മാതാപിതാക്കൾ തനിയെ പാർക്കുന്നു അവരുടെ ആരോഗ്യത്തിനും സുരക്ഷിതത്തിനുമായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ ഫലകരമായി ശുശ്രൂഷ ചെയ്യുന്നതിനു പ്രവർത്തകർക്കു മാനസിക ധൈര്യവും സുരക്ഷിതത്വബോധവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

ഡേവിഡ് മസി
ബറുതെ ചിലബായ് രാധിയ

**ദാദഗൗൺ**

**എബിനേസർ ശമുവേൽ & ജോഷ്ന ജയറാണി**

അനേക വിശ്വാസികൾ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. വിശ്വാസത്തോടു കൂടിയ നമ്മുടെ പ്രാർത്ഥനയാൽ കന്നുകാലികളിൽ പടർന്നു പിടിച്ച വൈറൽ പനി നിലെച്ചു. മഴക്കാലത്ത് ആത്മീക പരിശീലന യോഗങ്ങൾ തടസ്സങ്ങളില്ലാതെ നടത്തി. ദൗദഗൗൺ., ദുദാൽ, കദുയ എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗങ്ങളിൽ പുതിയ ആളുകൾ സംബന്ധിക്കുന്നു.

പുർണ്ണ സമയ സുവിശേഷ വേലക്കായി സമർപ്പിച്ച അരവിന്ദ്, ഭഗത് സിങ് എന്നിവരുടെ കുടുംബങ്ങൾ തങ്ങളുടെ തീരുമാനത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആത്മീക അന്ധതയിൽ കഷ്ടപ്പെടുന്ന വിശ്വാസികൾ അതിൽ നിന്നു പൂർണ്ണ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വ്യക്തഗത നേട്ടത്തിനായി സ്വയത്തിൽ ഊന്നി ദൈവവേല ചെയ്യുന്നവർ മറ്റുള്ളവരിൽ ആശയ കുഴപ്പം സൃഷ്ടിക്കുന്നു. അന്ധകാരത്തിന്റെ ശക്തികൾ സുവിശേഷീകരണ പ്രവർത്തനത്തിനു തടസ്സമാകുന്നു. ഉപജീവന മാർഗ്ഗമായി ചാരയം വാറ്റുന്ന വിശ്വാസികൾ അത് ഉപേക്ഷിക്കേണ്ടതിനും ദൈവത്തിനു പ്രസാദകരമായ തൊഴിലുകൾ അവർക്കു ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**തലോട: ഭരണിധരൻ എസ് & ശെൽവറാണി വി**

അമ്പബാനി ഗ്രാമത്തിലെ ബാബ്ലി ഭായ് രാത്രിയിൽ വിഷതേളിന്റെ കുത്തേറ്റു. അടുത്തെങ്ങും വൈദ്യസഹായം ലഭ്യമല്ല. അവൻ മുട്ടു മടക്കി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു. ദൈവം അവനു അത്ഭുതകരമായി സംരക്ഷിച്ചു. മദ്യാസക്തിയിൽ നിന്നു ഗണേശ് വസന്തിനെ ദൈവം വിടുവിച്ചു. അവൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ സൈക ഭായിയെ ദൈവം സംരക്ഷിച്ചു. കുഷ്ഠരോഗത്താൽ വലഞ്ഞ ആശി ഭായിയെ പ്രാദേശിക മിഷനറിയുടെ പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു.

കഴിഞ്ഞ അഞ്ചു മാസമായി പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന മോഹൻ സിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസം നിമിത്തം ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട ഉർമ്മിളയുടെ ജീവിതത്തിൽ ദൈവം അത്ഭുതം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അടിവയറ്റിലുണ്ടായ നീർവീക്കത്താൽ നടക്കുവാൻ കഴിയാത്ത കോമി ഭായിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. കാലിനു വേദനയനുഭവിക്കുന്ന പത്മ, കാഴ്ച ശക്തി നഷ്ടപ്പെട്ടു പോകുന്ന സുനിൽ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മറ്റു ഗ്രാമങ്ങളിൽ നിന്നു എതിർപ്പു നേരിടുന്ന റായ് സിങിനെ ദൈവം അത്ഭുതകരമായി പരിപാലിക്കേണ്ടതിനും അവൻ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

മണിസെൽവി സാരഥി

### ചാലിസ്ഗൗൺ

**യേശു പ്രകാശ് ജെ & സുനന്ദ ബല്ലി**

ടൈഫോയ്ഡ്, മഞ്ഞപിത്തം എന്നിവയെ തുടർന്നു ശരീരത്തിലെ രക്തത്തിന്റെ അളവ് കുറഞ്ഞ വാഹെൽ ഗ്രാമത്തിലെ വിനോദിനെ കർത്താവ് സൗഖ്യമാക്കി. ക്ഷയ രോഗത്തിൽ നിന്നു സോനുഭാവിനെയും ആസ്മ രോഗത്തിൽ നിന്നു കാമിനിയെയും കർത്താവ് സൗഖ്യമാക്കി. രാജൻഗാവ്, ബോർണാർ, ഉപകെത്, ബോണോട്ടി, മോൽദൊഗ്രി, ശിൻജ്ഗാവ്, ബനറൂട് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.

ശരീരത്തിൽ നീരു ബാധിച്ചതിനാൽ കഷ്ടപ്പെടുന്ന ഉക്ക, ടൈഫോയ്ഡിനാലും നെഞ്ചു വേദനയാലും ഭാരപ്പെടുന്ന അൽക്ക, പൈശാചിക ബന്ധനത്തിലായിരിക്കുന്ന സാമധാൻ, എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## തെലുങ്കാന

### അടിലബാദ്

**സന്ധ്യ നായക് & രത്തനമ്മ**

വേദക്കം ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ സ്വർണ്ണയുടെ മകൾക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. അനേക വർഷത്തെ പ്രാർത്ഥനയുടെ ഫലമായി ജയനൂർ ഗ്രാമത്തിലെ എലിശയുടെ സഹോദരി വിടുതൽ പ്രാപിച്ചു. ഇന്ദിരവല്ലി സഭയില സ്വർണ്ണ കഴിഞ്ഞ മൂന്നു മാസമായി കഷ്ടപ്പെട്ട ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും വിടുതൽ പ്രാപിച്ചു.

പിന്മാറ്റ ജീവിതം നയിക്കുന്ന ഇന്ദിരവല്ലി ഗ്രാമത്തിലെ മൂന്നു കുടുംബങ്ങൾ വിശ്വാസത്തിലേക്കു തിരികെ വന്നു ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇന്ദിരവല്ലി സഭ വിശ്വാസികളുടെ ഇടയിൽ ആശയകുഴപ്പം ഉണ്ടാക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സഭയിലെ വിശ്വാസികൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നമ്മെ ഒരിക്കലും കൈവിടാത്ത ദൈവം

പഞ്ചാബിൽ അമൃത്സർ മിഷൻ വയലിലുള്ള ബല്ല ഗ്രാമത്തിലുള്ള കാന്ത കൗറിനെ ഭർത്താവ് ഉപേക്ഷിച്ചു. അവൾ കാൻസർ രോഗത്താൽ കഷ്ടപ്പെടുന്നു. കഠിനമായ ഉദര വേദനയാലും പനിയാലും കഷ്ടപ്പെട്ട അവൾക്കു വിശപ്പുമില്ലാതായി. അവൾ പൈശാചിക ബന്ധനത്തിലായി. മിഷനറിമാർ അവളെ സന്ദർശിച്ചു അവൾക്കായി പ്രാർത്ഥിക്കുക. ദൈവം അവളെ അത്ഭുതകരമായി സൗഖ്യമാക്കി. സകല രോഗങ്ങളിൽ നിന്നും പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. അവൾ ആനന്ദത്തോടെ അവളുടെ സാക്ഷ്യം ഞായറാഴ്ച ആരാധനയിൽ പ്രസ്താവിച്ചു ദൈവത്തെ മഹത്വപ്പെടുത്തി. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിനു അവൾ തയ്യാറെടുക്കുന്നു. ഹല്ലെലുയ്യ!




**ജന്മദിനാശംസകൾ**

അൻപയ്യ പി, അരുൺകുമാർ ജി
ദാനിയേൽ മാർവെൽരാജ് ഡി

## ആന്ധ്രപ്രദേശ്

**പാലമനെർ: പോൾ കുപ്പുസ്വാമി പി & ഷൈല കെ**

മുസളിമാദുഗു സഭയിൽ നടത്തിയ സഭാമൂപ്പന്മാരുടെ യോഗത്തിൽ 50 സഭാമൂപ്പന്മാർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ബട്ടിനപള്ളി ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനുള്ള അവസരം ലഭിച്ചു. അവിടെ പുതിയ ബന്ധങ്ങൾ ലഭിച്ചു. വിശ്വാസിയായ ഗംഗധാർ അപ്പിനപ്പള്ളി സഭക്കു സംഗീത ഉപകരണം സംഭാവനയായി നൽകി. പിന്മാറ്റ ജീവിതം നയിച്ച അഞ്ചു കുടുംബം മാനസാന്തരപ്പെട്ടു വിശ്വാസത്തിലേക്കു തിരികെ വന്നു ആനന്ദത്തോടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

ഹരികൃഷ്ണ, കങ്കാന എന്നീവർ സഭാ ആരാധനയിൽ പതിവായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വെങ്കിട്, രാമണ, സുബയ്യ, അനിത എന്നീ കുടുംബങ്ങൾ ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. എസ് വി പള്ളി, പിആർ കത്രിക എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേർപിരിഞ്ഞു ജീവിക്കുന്ന ശിവറാണി, ഡേവിഡ് എന്നി ദമ്പതികൾ രമ്യപ്പെട്ടു ഒന്നു ചേർന്നു ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാ ആരാധനയിൽ സംബന്ധിക്കുന്ന തലപ്പള്ളി ഗ്രാമത്തിലെ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗികളായ ജയാമ്മ, രുത്തമ്മ വാത സംബന്ധമായ രോഗത്താൽ വലയുന്ന വിശ്വനാഥ്, പ്രമേഹ രോഗികളായ സുബ്രമണ്യൻ, സുഗുണമ്മ, പ്രായാധിക്യത്താൽ ശയ്യവാലംബയായിരിക്കുന്ന മാരക്ക, പക്ഷാഘാതത്താൽ വലയുന്ന റെജി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**റോദ്ദാം**

**ദെബലിത്ത ലിമ്മ & സോനിയ റാണി**

ലക്കിതയുടെ ഗർഭത്തിലുണ്ടായിരുന്ന ഇരട്ട കുട്ടികളുടെ ജീവൻ നഷ്ടപ്പെട്ടു. അമ്മയുടെയും മക്കളുടെയും ജീവൻ രക്ഷിക്കുവാൻ കഴിയുകയില്ലെന്നു ഡോക്ടറന്മാർ വിധി പറഞ്ഞു. വിശ്വാസികൾ ഒത്തുചേർന്നു പ്രാർത്ഥിച്ചു. ദൈവം ലിക്കിതക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. ബാലരിഷ്ടതയാൽ കഷ്ടപ്പെടുന്ന മജ്ജുവിന്റെ പൈതലിനെയും രക്തത്തിന്റെ അളവ് കുറയുന്ന അകാശിന്റെ മകനെയും കർത്താവ് സൗഖ്യമാക്കി. ദൈവീക ഇടപെടലിനാൽ അരുണയുടെ ആട് രോഗത്തിൽ നിന്നു മുക്തമായി.

വൃക്ക സംബന്ധമായ രോഗിയായ ശ്രീനിവാസ്, കണ്ണിലുണ്ടായ രോഗത്തിൽ നിന്ന് സബരീഷ്, കാലിൽ പൊട്ടലുണ്ടായ എലിസബേത്ത്, മഞ്ഞപിത്ത രോഗിയായ സീതപ്പ, മാറിടത്തിൽ ട്യൂമർ ബാധിച്ച ദിവ്യ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സവിതാമ്മ, രാജശേഖരൻ, രാംബാബു, അരവിന്ദ്, സുവതി, ലക്ഷ്ണി എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

ഉപവാസ
പ്രാർത്ഥന ദിനം




## ജന്മദിനാശംസകൾ

ചൗദരി രാജേഷ് ദാവലെ ബായി
അനിൽ മാഹാലി

### കൊത്തചെരുവ്

**ദേശായ് ദിലീപ് ഭായ് വിനയഭായ് & റാംഡെ ലക്ഷ്മിബെൻ**

അമിതമായ രക്ത സമ്മർദ്ദത്തിൽ നിന്നും ലക്ഷ്മി അമ്മ പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. വീടിനുള്ളിൽ വിഷപാമ്പ് നുഴഞ്ഞു കയറിയ വേളയിൽ ലക്ഷ്മി ദേവമ്മ ദൈവത്തെ നോക്കി നിലവിളിച്ചു. ദൈവം അവളെ അത്ഭുതകരമായി രക്ഷിച്ചു. അഞ്ജിലേയലു പനി, തളർവാതം എന്നീ രോഗങ്ങളിൽ നിന്നും സൗഖ്യം പ്രാപിച്ചു.

അജയ്, ധനജയ്, പീറ്റർ എന്നിവർക്കു നല്ല ജോലി ലഭിക്കുവാൻ ദൈവം സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നും ഉപേന്ദ്ര, നരസിംഹ എന്നിവർ പക്ഷാഘാതത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാർത്ഥനക്കൂട്ടം നടത്തുന്നതിനു തടസ്സം നിൽക്കുകയും വിശ്വാസികൾക്കു പ്രശ്നം ഉണ്ടാക്കുകയും ചെയ്യുന്ന ലിംഗ പഹാടി ജനങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കുടുംബ പ്രശ്നങ്ങൾ നിമിത്തം വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയ നരസാമ്മ, ഗംഗാധാരി എന്നീ കുടുംബങ്ങൾ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ആ ഗ്രാമത്തിലുള്ള ജനങ്ങളുടെ ആത്മീകാഭിവൃദ്ധിക്കായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

### അഞ്ചെട്ടി

**ഡേവിഡ് നിക്കോൾസൺ & ഐവി**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നാലു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. ജിക്കന്ദപള്ളി ഗ്രാമത്തിൽ നടത്തിയ മുഴു രാത്രി പ്രാർത്ഥനയിൽ 30 ലധികം ആളുകൾ സംബന്ധിച്ചു. വിവിധ രോഗങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും ദൈവം നമ്മുടെ വിശ്വാസികളെ സുരക്ഷിതമായി പരിപാലിച്ചു.

പുളിക്കൽ, കാവേരിപുരു, ബേൽപത്തി, തിമ്മൻത്തോട്ടി, ഗൗരിപാളയം, പൂൻചോലൈ, മജ്ജുകൊന്തഹള്ളി എന്നി ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗികളായ ധാമൻ, താരാഭായ്, ഹൃദയ സംബന്ധമായ രോഗത്താൽ വലയുന്ന ശേഖർ, ബാബു, തങ്ക കുമാർ, ഷെമീല, കാതിനു രോഗം ബാധിച്ചതിനാലും നട്ടെല്ലു സംബന്ധമായ രോഗത്താലും വലയുന്ന മോഹനമ്മ, പ്രമേഹ രോഗം മൂലം കാലിൽ വൃണമുണ്ടായ പീറ്റർ, ശരീര ബലഹീനത നിമിത്തം നടക്കുവാൻ കഴിയാത്ത അന്നാൽ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സദാശിവം, സെൽവൻ, കൃഷ്ണൻ, നാഗരാജൻ, ഗോപിനാഥ്, സെൽവം, കൃഷ്ണൻ, തിരുനാവുക്കരശ് എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## We want to help you to be in touch with…
## Friends Missionary Prayer Band

**ZONAL ADVISOR :** **Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE :** **Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR:** **Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION :** **Rev. Manoj P J,** Regional Secretary, FMPB, TC 25/654,
..................................Menathottathil House, Opp. Josco Jewellery, Pattom P.O,
..................................Trivandrum - 695 004. Mob.8951 766 255, E- Mail. manoj@fmpb.org

**Parassala:** ................ **Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East:** **Mr. L. Sathyadas,** Hon. Pro. secretary, FMPB, “Bethanya,
................................ Parakudivila, Cheruvarakonam P O, Parassala Via - 695 502
................................ Mob.93880 38920

**Neyyattinkara West:** **Mr. N.Selvakumar,** Hon. Prom. Sec., Mob.94460 90636

**Tiruvanathapuram:** **Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada :** ......... **Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**CENTER KERALA REGION :** **Rev. Thomas Mathew,** Regional Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Kollam :** ............. **Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**Thiruvalla:**............. **Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :** **Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 :** ..... **Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 :** ..... **Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :** ....... **Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha**............ **Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar :** ............. **Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION :** **Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:**....... **Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor**........ **Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu**............ **Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:** **Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode :** ........ **Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu :** ........ **Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad :** .......... **Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

# 411
## മിഷനറി ആൽബം



## റവ. ഗോപീകൃഷ്ണൻ M & ശ്രീമതി. മേനക L കുടുംബം

തമിഴ്നാട്ടിൽ ധർമ്മപുരി ജില്ലയിലെ ഡിന്റാൽ ഗ്രാമത്തിലുള്ള ഹൈന്ദവ പൂജാരിയായ ശ്രീ. മുരുകന്റെയും ശ്രീമതി. പളനിയമ്മാളിന്റെയും മൂന്നു മക്കളിൽ മൂത്ത മകനായി ശ്രീ. ഗോപീകൃഷ്ണൻ ജനച്ചു. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന വേളയിൽ കാലിലുണ്ടായ മുറിവും മൂക്കിലുണ്ടായ പ്രശ്നവും നിമിത്തം വലഞ്ഞു. FMPB യുടെ ശുശ്രൂഷയിലൂടെ യേശുവിനെ അറിയുകയും ഇൻഡോറിൽ സതേൺ റീജിയൻ രണ്ടിൽ വെച്ച് 1998 ൽ സ്നാനപ്പെട്ടു. പെട്ടന്നു തന്നെ കർത്താവിന്റെ വേലക്കായുള്ള ദൈവവിളിയുണ്ടായി.

ഹയർ സെക്കണ്ടറി പഠനം പൂർത്തീകരിച്ച ഉടനെ തന്നെ ഒരു ട്രക്കിൽ ജോലി ലഭിച്ചു. അതിൽ എല്ലായ്പോഴും അവൻ ഒരു പുതിയ നിയമം കരുതിയിരുന്നു. അവനെ ദൈവത്തിങ്കലേക്കു നയിച്ച വ്യക്തി സ്വപ്നത്തിൽ കടന്നുവന്നു പറഞ്ഞു, വരിക, ജനങ്ങൾ നിനക്കായ് കാത്തിരിക്കുന്നു. അങ്ങനെ അവൻ ദൈവവിളി ഉറപ്പാക്കി ദൈവവേലക്കായി തന്റെ ജീവതത്തെ സമർപ്പിച്ചു.

2003 ൽ അവൻ FMPB യിലെ ഒരു പ്രദേശിക സുവിശേഷകനായി ചേർന്നു ഓഫീസ് ജോലികൾ ചെയ്തു അതിന്റെ കൂടെ ഫിലിം ടീമിലും പ്രവർത്തിച്ചു. 2006 ൽ പൂർണ്ണ സമയ മിഷനറിയായി തിരഞ്ഞെടുത്തു. പരിശീലനം പൂർത്തീകരിച്ച ഉടനെ ചിറിയ മിഷൻ വയലിലേക്കു അയച്ചു. 2009 മെയ് 20 ന് സഹോദരി മേനകയെ വിവാഹം കഴിച്ചു. അവർ ഒരുമിച്ചു ബൊാക്കറാഡ്, നിവാലി, മാന്ദന എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു. 2023 മുതൽ ഇവർ മദ്ധ്യപ്രദേശിലെ ദുൽക്കോത്, നേപനഗർ എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു വരുന്നു.

സഹോദരി മേനക 1986 മെയ് ഏഴിന് ഒരു ഹൈന്ദവ കുടുംബത്തിലാണ് ജനിച്ചത്. തമഴ്നാട്ടിൽ കൃഷ്ണഗിരി ജില്ലയിലെ ഒഡുർ ഗ്രാമത്തിലുള്ള ശ്രീ. ലക്ഷ്മണൻ, ശ്രീമതി റാണിൽ എന്നിവരാണ് ഇവളുടെ മാതാപിതാക്കൾ. കുടുംബത്തിലെ മൂത്തമകളായ ഇവൾക്കു രണ്ടു സഹോദരിമാരും ഒരു സഹോദരനും ഉണ്ട്. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന വേളയിൽ IMS സംഘടന സംഘടിപ്പിച്ച ഒരു സുവിശേഷ യോഗത്തിൽ സംബന്ധിച്ചു. അവിടെ ജാർഖണ്ഡിലെ ജനങ്ങളുടെ ജീവിതത്തെ കുറിച്ചുള്ള ഒരു നാടകം കാണുകയുണ്ടായി. ഇതു കണ്ടു കൊണ്ടിരിക്കുമ്പോൾ ദൈവം തന്റെ വേലക്കായി വിളിക്കുന്നു എന്ന ഉറച്ച ബോധ്യമുണ്ടായി. ഒരു ഡോക്ടർ അല്ലെങ്കിൽ ഒരു നേഴ്സാകണമെന്ന ആഗ്രഹത്തോടെ ജീവിച്ച അവൾ പ്രാർത്ഥനയോടെ ദൈവഹിതം തേടി. ഏറെ പ്രാർത്ഥനയോടും സമർപ്പണത്തോടും കൂടി പൂർണ്ണ സമയ സുവിശേഷവേലക്കായി തന്നെ സമർപ്പിച്ചു.

2008 ൽ FMPB യിൽ ചേർന്നു. 2009 ൽ മിഷനറി പരിശീലനം പൂർത്തീകരിച്ചു. ദൈവം ഈ ദമ്പതികൾക്കു രണ്ടു മക്കളെ നൽകി അനുഗ്രഹിച്ചു. മകൻ സാം ഗ്ലാഡ്സൺ (29/3/2010) പതിനൊന്നാം ക്ലാസ്സിലും മകൾ ജനിറ്റ (20/05/2014) ആറാം ക്ലാസ്സിലും ഡോണാവൂരിലെ സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു.

ഈ മിഷനറി കുടുംബത്തെ നമ്മുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കാം.

# ക്രിസ്തുമസ്
## സന്ദേശമായി അനുദിനം ജീവിക്കുക



നാം യേശുവിന്റെ ജനനം ആഘോഷിക്കുമ്പോൾ, ഭൂമിയിൽ ദൈവരാജ്യം പടുത്തുയർത്തുവാൻ എല്ലാ ദിവസവും നമുക്ക് അനുഭവപ്പെടുന്ന സ്നേഹം ഏറ്റവും ആവശ്യമുള്ളവരുമായി പങ്കിടുന്നതിനുള്ള ശക്തിയും ധൈര്യവും നൽകണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമേൻ.

**സന്തോഷകരമായ ക്രിസ്തുമസും സമാധാനവും പ്രത്യാശയും പുതിയ തുടക്കങ്ങളും നിറഞ്ഞ അനുഗ്രഹീതമായ പുതുവർഷവും (2026) ആശംസിക്കുന്നു.**

***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***